# കാർത്തിക

വക്കീൽ, കെ.എസ്. കേശവൻ




NBD
നാഷ്യനൽ ബുക്ക് ഡിപ്പൊ
കോട്ടയം.
Re 1/4

C. N. Narayana Pillay
(Advocate)

കേരളഗ്രന്ഥാവലി.                പുസ്തകം 7.

# കാർത്തിക.

വക്കീൽ കെ. എൻ. കേശവൻ, മാവേലിക്കര.

*Publishers*

*NATIONAL BOOK DEPOT, KOTTAYAM.*

*Printed at the National Press, Kottayam.*

വില 1 ക. 4 ണ.

# ൫. "കാർത്തിക."

മണിമുഴങ്ങി; ആ വിദ്യാലയത്തിൽ, കുട്ടികളെ വെളിക്കുവിടാനുള്ള മണി. മററെല്ലാരെയും കാൾ മുൻപേ, ആ പെൺകുരുന്നുകൾ രണ്ടും-കാർത്തിയും കല്യാണിയും, ക്ലാസ്സിനു വെളിയിൽ ചാടി; ധിറുതിയിൽ അവർ പറമ്പിലുള്ള പുളിയുടെ ചുവട്ടിലേയ്ക്കു ഓടി.

"എനിക്കൊരു പുളി കിട്ടിയേ...." കല്യാണി ഉത്സാഹപൂർവ്വം പറഞ്ഞു.

"എനിക്കു രണ്ടുപുളി കിട്ടിയേ!" കാർത്തിക ഉച്ചത്തിൽ ആർത്തു.

അവർ അവിടെ നിന്നും ഓടി മറപ്പുരയിൽ ചെന്നപ്പോൾ കാർത്തിക ചോദിച്ചു:—

"കല്യാണീ, നീയിന്നലെ പള്ളിക്കൂടത്തിലെന്താ വരാഞ്ഞെതു്?"

"ഞങ്ങടെ വീട്ടിപ്പെരമേച്ചിലാരുന്നു." കല്യാണി ചൊടിയോടെ പറഞ്ഞു.

"നിങ്ങടെ പെര വലുതാണോ കല്യാണീ?"

"വലുതു്—വലിയൊരുപെര; കെട്ടു്, അടുക്കള, മതില്, —ഒക്കെയൊണ്ടു്."

"കല്യാണിയാണോ പെരമേഞ്ഞെ?" കാർത്തിക ഒരു പരിഹാസച്ചിരിയോടെ ചോദിച്ചു.

"പെണ്ണുങ്ങളാണോ പെരമേയുന്നെ?— കാത്തിക്ക പെരമേയാനറിയാമോ:"

ഞങ്ങടെ പെര ഓടിട്ടതാ!" സാഭിമാനം കാത്തിക പറഞ്ഞു.

കല്യാണി നിശ്ശബ്ദം നിന്നുപോയി.

"കാത്തിയുടെ പെരയ്യോടിട്ടതോ!" എന്നു അവൾ അത്ഭുതപ്പോടേ വിചാരിച്ചു.

വീണ്ടും മണിമുഴങ്ങി. കൈയിൽ കിട്ടിയ പച്ചപ്പുളിയും മടിക്കുത്തിൽ തിരുകിക്കൊണ്ടു അവർ ക്ലാസ്സിലേയ്ക്കു പോയി.

കാത്തിയും കല്യാണിയും സമവയസ്കരാണു്; സതീർത്ഥ്യരുമാണു്; എന്നല്ല, വലിയ കൂട്ടുകാരികളുമാണവർ. കാത്തിക ഒരു പ്രഭുകുമാരി; കല്യാണി ഒരു സാധാരണക്കാരി; അല്ല, ഒരു ദരിദ്ര!

ദിനരാത്രങ്ങൾ ചിലതു കഴിഞ്ഞു. അന്നൊരിക്കൽ വെളിക്കുവിട്ടപ്പോൾ, കാത്തിക ഒരു ചെറിയ പൊതികെട്ടു കല്യാണിയെ കാണിച്ചുകൊണ്ടു പറഞ്ഞു:—

"കല്യാണീ, ഒരു കാര്യം;—നിനക്കു വേണോ?"

"എന്തുകാര്യം, കാത്തീ!—കാണിച്ചേ!"

"നിനക്കു വേണോ,—അതു പറ"

"പിന്നെനിക്കുവേണ്ടായോ!"

"എന്നാൽ കണ്ണടച്ചു വായും പിളർന്നു നില്ല്!"

"ഓ—അതെനിക്കു വയ്യാ"

"എന്നാപ്പോയി ചാത്തവുണ്ണു്!" കാത്തിക പൊട്ടിച്ചിരിച്ചു. കല്യാണി ഇളിഭ്യയായി, അതു കണ്ടു കാത്തിയുടെ കരുണ ഹൃദയം വേദനപ്പെട്ടു; അവൾ സാന്ത്വനം പറഞ്ഞു:—

"ഇല്ല, കല്ല്യാണീ ഇല്ല; ഇനീംനിന്നെ ഞാൻ കളിയാക്കത്തില്ല; ഇതു ഞാൻ നിനക്കു കൊണ്ടുവന്നതാ."

കാർത്തിക ആ പൊതികെട്ട് കല്ല്യാണിയുടെ കൈയിൽ കൊടുത്തു. അവൾ അതഴിച്ചുനോക്കി. അവളുടെ മുഖം പ്രസന്നമായി.

"ഇതെവിടുന്നാ കാർത്തീ?" കല്ല്യാണി സന്തോഷപൂർവം ചോദിച്ചു.

"അച്ഛനിന്നലെ ഓച്ചിറപ്പോയി; കളികാണാൻ; ഞങ്ങളേം കൊണ്ടു പോയി; അന്നേരം മേടിച്ചതാ."

കല്ല്യാണിയുടെ മുഖത്ത് ഒരു നേരിയ വ്യാകുലച്ഛായ നിഴലിച്ചു. "എന്റച്ഛൻ ഓച്ചിറപ്പോയില്ല; എന്നെ കളികാണാൻ കൊണ്ടുപോയില്ല!" ഈ ചിന്തയായിരുന്നു അവളുടെ ഇളം മനസ്സിനെ വ്യസനിപ്പിച്ചതു്.

നാലുമണിയായി; പള്ളിക്കൂടം വിട്ടു; കല്ല്യാണി അവളുടെ അമ്മയുടെ അടുക്കലേയ്ക്കു ഓടി; അവൾ ആവേശപൂർവം ചോദിച്ചു:—

"അമ്മേ, നമുക്കു കളികാണാൻ പോവണ്ടായോ?"

"എന്തു കളി പെണ്ണേ?"

"ഓച്ചിറക്കളി."

"അതെന്നേ കഴിഞ്ഞു!"

"എന്നിട്ടച്ഛൻപോയില്ലല്ലോ; എന്റെ കൂടെ പഠിക്കുന്ന കാർത്തിപ്പെണ്ണുപോയി; അവരുടെ വീട്ടിന്നെല്ലാരും പോയി; ഒരുപാട്ട് ഈന്തപ്പഴം കൊണ്ടു വന്നു". അവൾ ശ്വാസംമുട്ടി പറഞ്ഞുതീർത്തു.

"ചുമ്മാതിരി പെണ്ണേ, അവരൊക്കെ ഭാഗ്യമൊള്ളോരു്."

കാല്യാണിയുടെ അമ്മ അവളെ ശാസിച്ചു. അവ ളൊന്നും പിന്നെ മിണ്ടിയില്ല.

ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. ഈന്തപ്പഴ ത്തിന്റെ പകരം എന്തെങ്കിലുമൊന്നു കാർത്തിക്കു കൊണ്ടു കൊടുത്താൽ കൊള്ളാമെന്നു് കല്യാണി ആശിച്ചു. എ ന്നാൽ കഷ്ടം, അവളുടെ വീട്ടിൽ അതിനെന്തിരിക്കുന്നു? ആ മോഹം നിഷ്ഫലമായി. കാർത്തിയാകട്ടെ, മിക്കപ്പോ ഴും ഓരോന്നു കല്യാണിക്കു കൊണ്ടു കൊടുത്തുകൊണ്ടിരു ന്നു. ചിലപ്പോൾ ഉപ്പേരി, മററു ചിലപ്പോൾ എള്ളു ണ്ട; പിന്നെ ചിലപ്പോൾ കരുക്കണ്ടം ഇങ്ങനെ ഓ രോന്നു്!

പകരം കൊടുക്കാൻ ഒന്നുമില്ലാഞ്ഞതിൽ കല്യാ ണി വ്യസനിച്ചു. ഒടുവിൽ 'ദൈവം' അവൾക്കൊരു വ ഴി കാണിച്ചുകൊടുത്തു! അവളുടെ മുററത്തെ പുളിച്ചി പൂത്തു; ഉണ്ണിമാങ്ങ ധാരാളം പൊഴിഞ്ഞു; അവൾ കു റെ പെറുക്കിയെടുത്തു. അമ്മ കാണാതെ, കുറെ ഉപ്പും മുളകും കൈക്കലാക്കി. അതെല്ലാം കൂടെ ഒരു പൊതി യാക്കി അവൾ കാർത്തിക്കു സമ്മാനിച്ചു. ആ 'കുചേല യുടെ 'പ്രാഭൃതം' സതീർത്ഥ്യയ്ക്കു വളരെ രുചിക രമായി തോന്നി. അവൾ കല്യാണിയുടെ ആ വിശി ഷ്ടസാധനങ്ങളെപ്പററി വളരെ പ്രശംസിച്ചു പറഞ്ഞു. കാർത്തിക പുളിമാങ്ങാ തിന്നിട്ടില്ലാത്തവളോ! അല്ല, അതു കൊണ്ടല്ല, അതിന്റെ രഹസ്യം അവൾക്കു മാ ത്രമേ അറിയാവൂ!

നാളുകൾ പിന്നെയും കഴിഞ്ഞു. ഓണം വന്നടു ത്തു. ഒരു ദിവസം കാർത്തിക ക്ലാസ്സിൽ വന്നില്ല. പി റെറന്നു കാർത്തിയേക്കണ്ടപ്പോൾ കല്യാണി ചോദിച്ചു—

"ഇന്നലെ കാർത്തിക പെരമേച്ചിലാരുന്നോ?"

കാർത്തിക്ക് ആ പരിഹാസത്തിന്റെ അർത്ഥം മനസ്സിലായി. അവൾ അഭിമാനപൂർവ്വം പറഞ്ഞു:—

"അല്ല, ഞങ്ങടെ വീട്ടിലിന്നലെ ഓണത്തിന നെല്ല പുഴങ്ങുകാരുന്നു."

"കാർത്തിയാണോ നെല്ല പുഴങ്ങിയെ? എവരൊരു കേമിയാണല്ലൊ!"

കല്യാണി പൊട്ടിച്ചിരിച്ചു; സഹജമായ തന്റേടത്തോടെ കാർത്തിക പറഞ്ഞു:—

"ഞാനല്ല, വേലക്കാരികളാരുന്നു. ഞാനവിടെ വെറുതേ നിന്നു."

"കാർത്തിക്ക അമ്മയില്ല്യോ?" കല്യാണി വിസ്മയപൂർവ്വം ചോദിച്ചു.

"അമ്മയാണോ ജോലി ചെയ്യുന്നത്? വേലക്കാരികളല്ല്യോ?"

"നിങ്ങടെ വീട്ടിലെത്ര വേലക്കാരികളൊണ്ടു കാർത്തി?" കല്യാണി ജിജ്ഞാസയോടെ ചോദിച്ചു.

"നമ്മുടെ പ്രായത്തിൽ നാലഞ്ചു പേർ. വലിയ പെണ്ണുങ്ങളെഴെട്ടുപേർ. നിങ്ങടെ വീട്ടിലോ കല്യാണി?"

കല്യാണി മിഴിച്ചുപോയി! അവൾ എന്തുത്തരം പറയും? അവളുടെ വീട്ടിൽ വേലക്കാരോ? അതേ; ഒരാളുണ്ടു്; അവളുടെ അമ്മ മാത്രം! അവളുടെ നെഞ്ചിൽ ഒരു ഇടിയേററതുപോലെ അവൾക്കു തോന്നി. അപ്പോഴേക്കു മണിയടിച്ചു. അതു അവൾക്കൊരു രക്ഷാമാർഗ്ഗം നൽകി.

കല്യാണി ക്ലാസ്സിലിരുന്നു ചിന്തിച്ചു:– "കള്ളിപ്പെ

ന്ന്! വേലക്ക് പത്തുപതിനഞ്ച് പെണ്ണുങ്ങളോ? പച്ച കള്ളം! ഞങ്ങടെ വീട്ടിൽ അമ്മ മാത്രമേ ഉള്ളല്ലൊ! ഇത്ര ഏറെ പേർക്ക് എന്താണിതിനും മാത്രം വേല? കള്ളി! ഓണത്തിന്ന വഹല്ലാതും ഇപ്പോഴേ നെല്ലു പുഴുങ്ങുകവാ? അരിയന്നത്തേക്കുള്ള തീർന്നുപോത്തില്ലേപ്പ്യാ? അമ്പേ, കള്ളി!"

കാത്തിയോട്ടു അവൾ പിന്നെ യാതൊന്നും മിണ്ടിയില്ല.

വൈകിട്ടു പള്ളിക്കൂടം വിട്ടു; കല്യാണി അവളുടെ അമ്മയുടെ അടുക്കൽ ഓടിയെത്തി. അവൾ ചോദിച്ചു.

"അമ്മേ! നമുക്കു ഓണത്തിന്ന നെല്ലു പുഴുങ്ങണ്ടായോ?"

ആ സാധു തള്ള ഒന്നു നടുങ്ങി! അപ്രതീക്ഷിതമായി ഒരു കൊല്ല്യാൻ ഏററതുപോലെ അവൾക്കു തോന്നി. അവർ വിചാരിച്ചു:—

"നെല്ലു പുഴുങ്ങാനോ ഓണത്തിന്? എന്താ ഇതു ചോദിക്കാൻ?"

ആ മാതാവിൻെറ കണ്ണിൽ ഒരു വെൺമുത്തുകണം സ്ഫുരിച്ചു. കല്യാണി കാണാതെ അവൾ അതു തുടച്ചുകളഞ്ഞു.

കല്യാണി പിന്നെയും പലപ്രാവശ്യം ആ ചോദ്യം തന്നെ ചോദിച്ചു. എന്നാൽ, അവൾക്കു മറുപടിയൊന്നും കിട്ടിയില്ല. അടുത്തദിവസം ക്ലാസിൽ ചെന്നു തൻെറ സഖിയെ തോല്പിക്കണമെന്നായിരുന്നു അവളുടെ ഉദ്ദേശ്യം. അതു ഫലിച്ചില്ല.

കല്യാണിയുടെ അമ്മയ്ക്കു ആ രാത്രിയിൽ ഉറക്കമുണ്ടായില്ല. വിവിധചിന്തകളാൽ അവരുടെ തല പുക

ഞ്ഞു; ഹൃദയം നൊന്തുനീറി. അവരുടെ ദയനീയമായ ജീവിതസ്ഥിതി—ഒരുകാലത്തു അവൎക്കുണ്ടായിരുന്ന സുഖസൗകൎയ്യങ്ങൾ; ഇപ്പോൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുസ്സഹദാരിദ്ര്യം; കല്യാണിയെ പള്ളിക്കൂടത്തിലയയ്ക്കാൻ അവർ സഹിക്കുന്ന ബുദ്ധിമുട്ടുകൾ, ഇവയെല്ലാം ഒന്നൊന്നായി അവരുടെ തലയ്ക്കുള്ളിൽ കൂടെ ഉരുണ്ടുരുണ്ടു മറിഞ്ഞു!

കല്യാണിയുടെ അച്ഛൻ അവളുടെ അമ്മയെ വിവാഹം ചെയ്തു് അധികകാലം കഴിയും മുൻപേ വലിയ കടക്കാരനായിത്തീൎന്നു. വസ്തുവകകളെല്ലാം കോൎട്ടുലേലത്തിൽ പോയി. വീടും പുരയിടങ്ങളും വിധിയുടമസ്ഥർ നടത്തിയെടുത്തു. പിന്നെ, തൻെറ താല്ക്കാലിക നില മററാരെയും അറിയിക്കാതെ, ആ പുര കൂലിച്ചാൎത്തിൻ പ്രകാരം വാങ്ങി പഴയതുപോലെ അയാൾ അവിടെ പാൎത്തുവരികയാണു്. പറയത്തക്ക ആദായമൊന്നുമില്ല. ഉള്ളതു ചെലവിനു മതിയാകയുമില്ല. എന്നാൽ, ഇതു വല്ലതുമുണ്ടോ ആ പെൺകുട്ടി അറിയുന്നു. അവൾ ധരിച്ചിരിക്കുന്നു, അവളുടെ അച്ഛൻ ഒരു ധനികനാണെന്നു്; ആ വീടും പുരയിടങ്ങളുമെല്ലാം അവരുടേതാണെന്നു്!

കല്യാണി ദിവസം തോറും വളൎന്നു. വിദ്യാഭ്യാസത്തോടുകൂടെ അവളുടെ ആത്മാഭിമാനവും ഉണൎന്നു. പെട്ടെന്നു, ഒരു പ്രഭാതത്തിൽ, ഹാ! കഷ്ടം, അവൾ അനാഥയായി! കാലൻെറ കരുണയററ കരം അവളുടെ അച്ഛൻെറ മേൽ പതിച്ചു! ആ കുടുംബം, അതിനു ഏകാവലംബമായിരുന്ന നട്ടുത്തൂൺ നശിച്ചു; തകൎന്നു. അവൾ വാവിട്ടു കേണു:

ആ വീട്ടിൽ പാക്കാൻ അവക്ക് പിന്നെ അനുവാദമുണ്ടായിരുന്നില്ല. കല്യാണിയും അവളുടെ അമ്മയും അവിടെ നിന്നും ബഹിഷ്കൃതരായി.

കല്യാണിയുടെ ഉന്മേഷമെല്ലാം അസ്തമിച്ചു. അവളുടെ പഠിത്തം നിലച്ചു. തന്റെ പ്രിയസഖിയായ കാർത്തികയെ അവൾ കണ്ണീരോടെ വേർ പിരിഞ്ഞു. ഹാ, അവർതമ്മിൽ എന്നാണിനിയും കാണുക?

കല്യാണി കരഞ്ഞുകരഞ്ഞു നാളുകൾ കഴിച്ചു. അവൾക്ക്, ഒരുനേരത്തെ കഞ്ഞിക്കുപോലും വകയില്ല. അവളുടെ വയറു പൊരിഞ്ഞു. ഈ ലോകം വിസ്തൃതമെങ്കിലും വിശപ്പടക്കാൻ അവൾ എങ്ങോട്ടു പോകും? കൂലിവേല ചെയ്യാൻ അവൾ ശീലിച്ചിട്ടില്ല; ദാസ്യവൃത്തിക്കു മനസ്സുവരുന്നില്ല. അവളുടെ സഖി കാർത്തികയെ അവൾ ഓർത്തു; കാർത്തിയുടെ വീട്ടിൽ പത്തുപതിനഞ്ചു വേലക്കാരികളുണ്ടെന്നു അവൾ ഒരിക്കൽ പറഞ്ഞതല്ലോ;—ച്ഛേ, കുറവു്! അങ്ങോട്ടു പോകാൻ അവളുടെ അഭിമാനം വഴങ്ങുകയോ?

കുഴഞ്ഞു; വയറു പൊരിഞ്ഞപ്പോൾ സർവവും കുഴഞ്ഞു. ആത്മഹത്യ ചെയ്തു് ഈ ദുരന്തദുരിതത്തിനു ശമനം വരുത്തുകയോ?—ഇല്ല; ആ മഹാപാപം അവൾ ചെയ്കയില്ല. എന്നാൽ മറെറാരു മാർഗ്ഗമുണ്ടല്ലൊ;—പൂങ്കുലയിൽ തേനീച്ചപോലെ തന്റെ പരിസരങ്ങളിൽ പാറിപ്പറന്നു തുടങ്ങിയിരിക്കുന്ന, ലോലമാനസരായ ആ യുവ'വണ്ടത്താന്മാ'ക്കു സ്വാഗതമരുളുകയൊ?-അയ്യയ്യോ, അതു് ഓക്കാൻപോലും വയ്യ!—ആ പാരമ്പര്യം അവൾക്കില്ല!

അവളുടെ ചെററക്കുടിലിൽ,—അതോ വല്ലവന്റേയും പറമ്പിൽ കെട്ടിയ കുടിലിൽ,—അവൾക്ക് ഏകാലംബമായ കീറപ്പുഴമ്പായിൽ, കമിഴ്ന്നുവീണുകിടന്ന് അവൾ കരഞ്ഞു; നെഞ്ചുപൊട്ടിക്കരഞ്ഞു! അവിചാരിതമായുണ്ടായ പിതൃനാശം, നിരാധാരത്വം, നിർദ്ധനത്വം;—കഷ്ടം, ഈ ലോകത്ത് അവൾക്കെന്താണുള്ളത് ഒരു ആശ്വാസത്തിന്ന്? ആരാണുള്ളത് ഒരു താങ്ങിന്ന്? പിന്നെ പാഠശാലയിൽനിന്നും ലഭിച്ച അല്പമാത്രമായ വിദ്യാഭ്യാസം,—അതുകൊണ്ടെന്തു പ്രയോജനം? ഒന്നോർത്താൽ അതു് ഇല്ലാത്തതായിരുന്നു നല്ലതു്. വല്ലവർക്കും വേലയ്ക്കു പോകാമായിരുന്നു:—വെള്ളം കോരുകയോ, മുററമടിക്കുകയോ ചെയ്യാമായിരുന്നു! എന്നാൽ, ഇപ്പോളോ? ഹാ, വയററുപിഴപ്പിന്ന്, പഠിപ്പില്ലാത്തതുതന്നെ നന്ന്!

കല്യാണിയുടെ താമസസ്ഥലത്തിനടുത്തുള്ള ചില ചെറുപെണ്ണുങ്ങൾ, മിക്കവാറും അവളുടെ പ്രായക്കാർ, 'ഈച്ചാടിക്കാ'രാണ്. കമ്പോളത്തിൽ പോയി നെല്ലു വാങ്ങി, ചുമന്നു വീട്ടിൽ കൊണ്ടുവന്നു, പുഴുങ്ങിയുണക്കി, പിന്നെയും തലച്ചുമടായി മില്ലുകളിൽ കൊണ്ടുചെന്ന്, കൂലികൊടുത്തു കുത്തിച്ചു, അരിയും തവിടും വിററുകിട്ടുന്ന ആദായംകൊണ്ടും ഏറെക്കുറെ സ്വതന്ത്രമായി കാലയാപനം ചെയ്യുന്ന ഒരുക്കൂട്ടം യുവതികൾ! അവരെപ്പററി, അവരുടെ 'വ്യവസായ'ത്തെപ്പററി, ജനമദ്ധ്യത്തിൽ ധാരാളമായി പ്രചരിച്ചിരുന്ന അപവാദം നിമിത്തം വാസ്തവത്തിൽ, അക്കൂട്ടരേയും അവരുടെ തൊഴിലിനേയും കല്യാണി വെറുത്തിരുന്നു. എന്നാൽ, ഗത്യന്തരമില്ലായ്കയാൽ

-വെള്ളം കുടിച്ചുകിടക്കാൻമററൊരു മാൎഗ്ഗവുമില്ലായ്കയാൽ-മനസ്സില്ലാമനസ്സോടെ അവൾക്കും ആ തൊഴിൽതന്നെ സ്വീകരിക്കേണ്ടതായിവന്നു. എവിടെ നിന്നോ അവളുടെ അമ്മ കടംവാങ്ങിക്കൊടുത്ത നാലോ അഞ്ചോ പണം കൊണ്ടു് അവളും ഒരു 'ഈർച്ചാട്ടിക്കാരി'യായി. എന്നാൽ ദുർവ്വിധി അവിടെയും അവളെ വിട്ടില്ല. ഒരു വൈകുന്നേരം, അവൾ ഒരു കുട്ട നെല്ലും തലയിൽ വച്ചു മില്ലിലേയ്ക്കു പോകയായിരുന്നു. പാഠശാലവിട്ടു, കുട്ടികൾ കൂട്ടംകൂട്ടമായി അവൾക്കെതിരേവന്നുകൊണ്ടിരുന്നു. അവളുടെ പഴയ സഖി കാർത്തികയുമുണ്ടായിരുന്നു ആ കൂട്ടത്തിൽ. കാർത്തിക അവളെ കണ്ടോ എന്തോ! കല്യാണിയുടെ അഭിമാനാഗ്നി അവളുടെ വയററിൽക്കൂടെ മേല്പോട്ടു് ഒന്നു് എരിഞ്ഞു! അവൾ ഞെട്ടി! ആ ഹൃദയക്ഷോഭം അടക്കാൻ അവൾക്കു കരുത്തുണ്ടായില്ല. അവൾക്കു തല ചുററി; നെല്ലും കുട്ടയും താഴെ വീണു; അവളും നിലം പതിച്ചു.

ഒട്ടൊരു ബഹളത്തിനുശേഷം ആ രംഗം ശാന്തമായി. കല്യാണി പിന്നെ മില്ലിൽ പോകാൻ മടിച്ചു;-പോകാൻ, അവളുടെ സങ്കോചം,—ഒരു ദുരഭിമാനം,—അവളെ സമ്മതിച്ചില്ല. ദാരിദ്ര്യദുർഭൂതം, പിന്നെയും അതിന്റെ മൂർച്ചയേറിയ പല്ലുകൾ കാട്ടി ആ ചെറു കുടുംബത്തെ ഭയപ്പെടുത്തുകയായി! നിവൃത്തിയില്ല; വീണ്ടും അവൾ ഈർച്ചാട്ടിവ്യവസായം തന്നെ തുടങ്ങേണ്ടതായി വന്നു. വീട്ടിൽ നിന്നും മില്ലിലേയ്ക്കുള്ള ഒരു ഊടുവഴി അവൾ കണ്ടുപിടിച്ചു. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. ഒരു വൈകുന്നേരം അവൾ കുര

ങ്ങുംകൊണ്ടാണ തിരിച്ചെത്തിയതു്; എന്തോ, അ തിദസ്സഹമായ ഹൃദയശല്യം അവൾക്കുണ്ടായി. അവളുടെ അമ്മ പരിഭ്രമിച്ചു. അവൾ പറയാൻ മടിച്ചു എങ്കിലും, നിർബ്ബന്ധം കലശലായപ്പോൾ, അമ്മയെ വാസ്തവം അറിയിക്കേണ്ടതായ്വന്നു. അവൾ ഒരു വിധത്തിൽ ഉച്ചരിച്ചു;—

"കടയിലെ മുതലാളി എന്നോടു 'നെറികേടു' പറഞ്ഞു. എന്നെ തൊടാൻ കൈയ് നീട്ടി. ഇനീം ഞാൻ കമ്പോളത്തിൽ പോകയില്ല."

കഷ്ടം; കാര്യം പിന്നെയും കുഴപ്പത്തിലായി. പട്ടിണിപ്പിശാചു വീണ്ടും വാപിളൎന്ന് അവരെ ഭയപ്പെടുത്തിത്തുടങ്ങി. എന്നാൽ, എക്കാലവും ദുരിതം മാത്രം അനുഭവിക്കേണ്ടിവരുന്ന ഒരു ജീവി, ലോകത്തുണ്ടായിരിക്കുമോ? ഇല്ല; നിശ്ചയമായും ഇല്ല. കല്യാണിയെ 'പെണ്ണുകാണാൻ' ഒരാൾ ആ കുടിലിൽ ചെന്നു. നീണ്ട ആലോചനയൊന്നും വേണ്ടിവന്നില്ല; അവളുടെ വിവാഹം കഴിഞ്ഞു;—അതേ, അവൾ പുസ്തകങ്ങളിൽ വായിച്ചിട്ടുള്ള, വെൺകളിപൂശിയ സാഹിത്യഭാഷയിൽ കാണാറുള്ള, ചിലപ്പോളൊക്കെ, പക്ഷെ അവൾ സങ്കല്പലോകത്തിൽ ദർശിച്ചിരിക്കാവുന്ന, ദിവ്യമായ ദാമ്പത്യപദത്തിൽ അവൾ കാലൂന്നി!

കണ്ണീർവാൎത്തുകൊണ്ടു അവൾ തൻെറ അമ്മയോടു യാത്ര ചൊല്ലി. അമ്മയും കരഞ്ഞു; അവളെ ഒരുവിധം പറഞ്ഞയച്ചു. അവൾ പോയതിനു ശേഷം അമ്മ സ്വയം പറഞ്ഞു: —

"ഞാൻ കല്ലോ മരമോ ആണോ, എന്നും കുന്നും കു

ടിരിക്കാൻ! വല്ലോന്നും ഒന്നു ഞുള്ളിക്കൊടുത്തോട്ടെ; ഞാനെങ്ങനേം പെഴച്ചോളാം.”

കല്യാണി ഭർത്തൃഗൃഹത്തിലെത്തി ‘ഗൃഹ’മോ!–കേവലം ഒരു പാഴ്കുടിൽ തന്നെയായിരുന്നു, അതു് വെറുമൊരു അറുകാലിപ്പുര! ഒന്നോ രണ്ടോ ചട്ടിയും കലവും ഒരു കൂമ്പൻതകരവിളക്കുമായിരുന്നു അവിടെ ആകപ്പാടെയുള്ള വീട്ടുസാമാനങ്ങൾ! ആ സ്ഥിതിയിലും അയാൾക്കൊരു ഭാര്യയെ കിട്ടിയതോ, ഒരു ഭർത്താവായിക്കളയാമെന്നു അയാൾ ധൈര്യപ്പെട്ടതോ ഏതാണധികം അത്ഭുതം!

ദരിദ്രയെങ്കിലും, കല്യാണി സംസ്കാരസമ്പന്നയായിരുന്നു. എന്നാൽ, ദ്രവിണതൃഷ്ണാന്ധമായ ലോകം ആ അഴക് കണ്ടില്ല. ആ കൂലിവേലക്കാരൻ,–അന്നന്നു കിട്ടിത്തിന്നുന്ന, കിട്ടാത്തപ്പോൾ പട്ടിണിയിൽ സുഖിക്കുന്ന ആ പാവം,–ഒന്നോർത്താൽ അയാൾ തന്നെ ഭാഗ്യവാൻ!

ഇതിനകം കാർത്തിയുടെയും കല്യാണോത്സവം കഴിഞ്ഞു. അവളെപ്പോലെതന്നെ സ്വത്തും സ്ഥിതിയും ഉള്ള ഒരു പ്രഭുകുമാരനായിരുന്നു വരൻ.

സാധു, കല്യാണി! അവൾ തന്റെ ദുർവ്വിധിക്കു സ്വയം കീഴടങ്ങി. അവൾ നിശ്ചയം ചെയ്തു, തന്റെ പാഴ്വയർ ഭർത്താവിനു ഭാരമാകരുതെന്നു്. അയാളൊന്നിച്ചു അവൾ കൂലിവേലയ്ക്കിറങ്ങി. അവർ കുടിൽ കെട്ടിക്കിടക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനു, സമീപസ്ഥനായ ഒരു ഇടപ്രഭുവിനു, രാവിലെമുതൽ വൈകുംവരെ അവർ വേലചെയ്യും. ഞാറുനടാനും കളപറിക്കാനും, ഒക്കെ അവൾ പഠിച്ചു. അന്തിയായാൽ ഒരുകെട്ടു കള്ള

യുമായി അവൾ കുടിലിലേയ്ക്കു പോരും. അവരുടെ യജമാനന്റെ ഒരു പുത്രക്കിടാവിനെ തീററാൻ നിവൃത്തിയിട്ടുണ്ടവിടെ. പുല്ലും കാടിയും കൊടുത്തു് അതിനെ അവൾ പോററും. അപ്പോഴേയ്ക്കു് കൂലിയും വാങ്ങി ഭർത്താവു തിരിച്ചെത്തും. അങ്ങനെ സന്തോഷമായി സംതൃപ്തിയിൽ അവർ കഴിഞ്ഞുവന്നു.

ഒരുദിവസം, കൂലിക്കുപോകാൻ അയാൾക്കു സുഖമില്ലാതായി;—അയാൾ പനിപിടിച്ചു കിടപ്പായിപ്പോയി. അന്നു്, അവൾതന്നെ കൂലിക്കു പോകേണ്ടിവന്നു. അവളുടെ ജീവിതത്തിൽ ആദ്യമായിട്ടാണു് അങ്ങനെയൊരു സംഭവം. അഭിമാനവും സങ്കോചവുംകൊണ്ടു് അവൾ പരുങ്ങി. എങ്കിലും, എന്തുചെയ്യാം; ഗത്യന്തരമില്ല. അവൾ ഒരു കൂലിവേലക്കാരി; കഷ്ടിച്ചു മുട്ടുമറയുന്ന ഒരു 'കോട്ടത്തലോത്തി'; അവിടവിടെ ചളി പുരണ്ടു മലിനമായ ഒരു റൗക്ക,—ഇതിൽ കൂടുതൽ വേഷവിശേഷമൊന്നും അവൾക്കില്ല. കൂലിക്കായി അവൾ നെൽപ്പുരയുടെ നെടുംതിണ്ണയിൽ പോയിനിന്നു. ആ യവസരത്തിൽ, കുറേയകലെ, കെട്ടിനുള്ളിൽ, അവൾ കണ്ടിട്ടുള്ള സുഭഗസുകോമളമായ ഒരു ശരീരം, ഒരു മിന്നായം പോലെ നീങ്ങുന്നതു അവൾക്കു ദൃശ്യമായി. അവൾ! ആലോചിച്ചുനോക്കി, അതാരെന്നു്. വളരെ പണിപ്പെട്ടു് തന്റെ പൂർവ്വസ്മൃതികൾ അവൾ വായിച്ചു! ഒ— അവൾക്കു ഓർമ്മവന്നു. അതു കാർത്തികയായിരുന്നു. അവൾ ഒന്നു നടുങ്ങി. അഭിമാനാഗ്നി അവളുടെ ഉള്ളിൽ കത്തിക്കാളി. അവൾ ചൂളി. പിന്നെ അവൾക്കവിടെ നിൽപ്പുറച്ചില്ല. അതിവേഗം നടന്നു് അവൾ പ

ടിക്ക പുറത്തിറങ്ങി. അളവുകാരൻ കൂലിയുംകൊണ്ടുവന്നു കല്യാണിയെ വിളിച്ചു. എന്നാൽ, അവളെവിടെ?

ഒരു സ്ത്രീ ബദ്ധപ്പെട്ട് പടിയിറങ്ങുന്നതു കെട്ടിനുള്ളിൽനിന്നു കാർത്തിക കണ്ടു. അവൾക്കു നല്ല പരിചയമുള്ള ശരീരവടിവ്, അംഗചലനം, നടപ്പ്; അവൾ കല്യാണിയെ ഓർത്തു. എന്നാൽ കല്യാണി അപ്പോൾ അവിടെങ്ങനെ എത്തുന്നു? ഇല്ല; കാർത്തികയ്ക്കു സംശയം തീർന്നില്ല. "അതു കല്യാണിയല്ലേ?" അവൾ പലവുരു ചിന്തിച്ചു. അവളുടെ ഹൃദയം അസ്വസ്ഥമായി. അവൾ രഹസ്യമായി ഒരു അന്വേഷണം നടത്തി.

നാളുകൾ മൂന്നുനാലായി, കല്യാണി അവളുടെ കുടിലിൽനിന്നും വെളിയിലിറങ്ങിയിട്ട്. അവളുടെ ഭർത്താവിനു പോലും കാര്യം മനസ്സിലായില്ല. അയാളൊന്നും അതേപ്പററി ചോദിച്ചുമില്ല.

അന്നത്തെ സായന്തനത്തിൽ, കാർത്തിക ഒരു പരിചാരികയോടുകൂടെ ആ ആറുകാൽ പുരയിലെ ഇരുൾ കുണ്ഡത്തിലേയ്ക്കു നൂഴ്ന്നിറങ്ങിച്ചെന്നു. കല്യാണി മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളു. ഭർത്താവു വേലയ്ക്കു പോയിരുന്നു. അപ്രതീക്ഷിതമായി ആ സ്ഥിതിയിൽ കാർത്തികയെകണ്ടു കല്യാണി അമ്പരന്നു. അവളുടെ തൊലി ചുളുങ്ങി; മുഖം മങ്ങി. തൊഴുകൈയ്യോടെ അവൾ തലയും താഴ്ത്തിനിന്നു. അവളുടെ കണ്ണുകൾ നാലഞ്ചു തുള്ളി കണ്ണുനീർ പൊഴിച്ചു.

"കല്യാണീ,—എന്റെ സഹോദരീ—!" എന്നു വിളിച്ചുംകൊണ്ടു കാർത്തിക അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു.

"കൊച്ചമ്മ,—ഞാനവിടത്തെ വേലക്കാരി—"
കല്യാണി വിങ്ങിവിങ്ങി പറഞ്ഞു. അവളുടെ കണ്ണുകൾ കവിഞ്ഞൊഴുകി.

"അല്ല; നീ ഇപ്പോഴും എന്റെ കല്യാണി; പള്ളിക്കൂടത്തിലെ എന്റെ സഖി" കഴുത്തിലെ പിടിവിടാതെ കാർത്തിക പറഞ്ഞു. ആ മനസ്വിനിയുടെ തൊണ്ടയിടറി. അവൾ തന്റെ കൈവിരലുകൾകൊണ്ടു കല്യാണിയുടെ കണ്ണുനീർ തുടച്ചു. അവൾ സസ്നേഹം പറഞ്ഞു:—

"കല്യാണീ......എല്ലാം ഞാനറിഞ്ഞു......"

"ഭാഗ്യശാലിനിയായ അവിടുന്നു—"കല്യാണി പറഞ്ഞുതുടങ്ങിയതു മുഴുവനായില്ല. കാർത്തിക അവളെ തടഞ്ഞു;—തന്റെ കൈത്തലം കൊണ്ടു അവളുടെ വായ പൊത്തി.

കാർത്തിക തുടർന്നു:—

"എന്റെ പ്രിയസഹോദരീ,നീയും ഞാനും തമ്മിൽ ഒരു ഭേദവുമില്ല;-നീ എന്നേയ്ക്കും എന്റെ സഹോദരി,-നിന്റെ ഭർത്താവു എന്റെ സഹോദരൻ!— പോകാം, നമുക്കു വീട്ടിലേയ്ക്കു്;സ്വന്തമായി നിനക്കിവിടൊരു വീടും പറമ്പും ഉണ്ടായിക്കഴിഞ്ഞു. ഇന്നുമേൽ കല്യാണി വേലക്കാരിയല്ല; കാർത്തിക യജമാനത്തിയുമല്ല!!"

ഒരൊററയക്ഷരം പോലും ശബ്ദിക്കാൻ കല്യാണി ശക്തയായില്ല.അവൾ കാർത്തികയുടെ കഴുത്തിൽകെട്ടിപ്പിടിച്ചു് ഒരു ശിശുവിനേപ്പോലെ വാവിട്ടു നിലവിളിച്ചു. *

* 1115 തുലാം. കൗമുദി തിരുനാൾ വിശേഷാൽപ്രതി.

## ൨. "സ്നേഹഭാണ്ഡം."

കഷ്ടം; ഇപ്പോളും അതോൎക്കുമ്പോൾ ഹൃദയം നോവുന്നു. പാവം, രാമനാഥൻ;— ആ സാധു സഹോദരനെ കണ്ണീരോടു കൂടെയല്ലാതെ എനിക്കെങ്ങനെ സ്മരിക്കാൻ കഴിയും!

കേവലം ഒരു ഭ്രാന്തനെപ്പോലെ, തോളിൽ ഒരു ചെറിയ മാറാപ്പും, കൈയിൽ മുട്ടചതഞ്ഞ ഒരു ദണ്ഡുമായി തെരുവുനീളെ അലഞ്ഞു നടന്ന ആ ശുഷ്കഗാത്രനായ യുവാവിനെ,— രാമനാഥനെ, പലരും കണ്ടിരിക്കും. "നല്ല ചെറുപ്പക്കാരൻ; കഷ്ടകാലത്തിനു അയാൾക്കിങ്ങനെ വന്നു!" എന്നിങ്ങനെ ഹൃദയാലുക്കളായ ചിലർ അയാളെപ്പററി വ്യസനിച്ചിരുന്നു. മററു ചിലർ പറഞ്ഞു, "ഇതു് ആരോ കൈവിഷം കൊടുത്തിട്ടാണെ"ന്നു്! വേറെ ചിലർ പരിഹസിച്ചു, "ഒരുതരം പിരിയിളക്കമാണിതെ"ന്നു്. എന്നാൽ, ആരും തന്നെ പരമാൎത്ഥം അറിഞ്ഞിരുന്നില്ല, അറിയുക് സാദ്ധ്യവുമായിരുന്നില്ല.

രാമനാഥനും ഞാനും ചെറുപ്പത്തിൽതന്നെ ചങ്ങാതികളായിരുന്നു. എന്നെ കാണാതെ രാമനാഥനോ, രാമനാഥനെ കാണാതെ ഞാനോ നാളുകൾ നയിച്ചിരുന്നില്ല. അത്ര സുസ്ഥിരമായ മൈത്രിയായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നതു്.

ഭൂദേവി, സൂൎയ്യദേവനെ വല പ്രാവശ്യം പ്രദക്ഷിണം ചെയ്തു. ബാല്യകാലമാകുന്ന സഖാവു എന്നേയ്ക്കുമായി ഞങ്ങളോടു യാത്ര പറഞ്ഞു; അതേ, ഞങ്ങൾ ഏതിനും പോരുന്ന തരുണന്മാരായി. പിന്നെ, അധികം ദിവസങ്ങൾ വേണ്ടിവന്നില്ല, എൻെറ വിവാഹ മഹോത്സവത്തിനു്!

അതിനുശേഷം രാമനാഥൻ എൻെറ ഭവനത്തിൽ, അങ്ങനെ വരാതായി. അയാളുടെ പ്രകൃതത്തിനു എന്തോ ഒരു വലിയ മാററം കണ്ടുതുടങ്ങി. അയാളുടെ ജീവിതരീതികൾ പാടേമാറി;—അല്ലല്ല, ആ സാധുയുവാവിൻെറ ജീവിത വിപഞ്ചികതകൎന്നു; അതിൽ സ്വനമിയലാതായി.

രാമനാഥൻ ഒരു ഉന്മത്തനായി എന്ന വാൎത്ത എന്നെ വല്ലാതെ വ്യാകുലപ്പെടുത്തി. അയാളെ ഞാൻ എൻെറ വസതിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോരാൻ ശ്രമിച്ചു; പരീക്ഷ ഫലപ്പെട്ടില്ല;—അയാൾ അതിനു വഴിപ്പെട്ടില്ല. അയാളെ ചികിത്സിപ്പിക്കാൻ ഞാൻ യത്നിച്ചു; അതും സാധിച്ചില്ല;—മനഃപൂൎവ്വമെന്നോണം അയാൾ അതിനെ പ്രതിഷേധിച്ചു;—ഞാൻ പിൻവാങ്ങി.

നാളുകൾ കഴിഞ്ഞുകൊണ്ടിരുന്നു. രാമനാഥനെ ആരും അത്ര കാൎയ്യമായി ഗണിക്കാതായി. പറയത്തക്ക ബന്ധുജനങ്ങളാരും അയാൾക്കുണ്ടായിരുന്നില്ല. അയാൾ അങ്ങിങ്ങായി അങ്ങനെ അലഞ്ഞു തിരിഞ്ഞു നടന്നു. ചിലപ്പോൾ കച്ചേരിത്തിണ്ണകളിൽ; മററു ചിലപ്പോൾ കുളക്കടവുകളിൽ; പിന്നെ ചിലപ്പോൾ വിഴ

യമ്പലങ്ങളിൽ; മററാരിക്കൽ ആറു വക്കിൽ;—എന്നു വേണ്ട, കലുങ്കിന്മീതെയും, കാപ്പിക്കടകളുടെ മുൻപിലും, ഒക്കെയായി സാധു രാമനാഥൻ തന്റെ ദിനരാത്രങ്ങൾ തള്ളിക്കഴിച്ചു. ആരെങ്കിലും, ദയതോന്നി വല്ലതും തിന്നാൻ കൊടുത്താൽ സ്വീകരിക്കും; അല്ലെങ്കിൽ, പട്ടിണിയിൽ സ്വയം സുഖിക്കുകയായി.

രാമനാഥൻ, ഒരു ഭ്രാന്തനാണെങ്കിലും ആരോടും കലഹിക്കാറില്ല! മിക്കപേരോടും അങ്ങനെ സംസാരിക്കുകയുമില്ല. ചിലപ്പോൾ, ദയനീയവും എന്നാൽ, അവ്യക്തവുമായ സ്വരത്തിൽ എന്തൊക്കെയോ പാടാറുണ്ട്. അതു കേട്ട്, കുസൃതിപ്പിള്ളേർ അയാളുടെ ചുററിനും കൂടാറുമുണ്ട്. എന്നാൽ അവർപോലും അയാളെ ശല്യപ്പെടുത്തിയിട്ടില്ല. എന്തോ അയാളുടെ മുഖമണ്ഡലത്തിൽ ഒരു ദിവ്യ ചൈതന്യം വിളയാടിയിരുന്നു;—ഏതൊരു ശിലാഹൃദയത്തെയും ദയാർദ്രമാക്കുന്ന ഒരു "വിശ്വവശ്യത"!

ചിലപ്പോഴൊക്കെ ഞാൻ രാമനാഥനു പണം കൊടുക്കാൻ തുനിഞ്ഞിട്ടുണ്ട്. ഒരിക്കലും, അയാൾ അതു സ്വീകരിച്ചിട്ടില്ല. "എനിക്കെന്തിനാണ്?" എന്നു അയാൾ കണ്ണീരൊഴുക്കിക്കൊണ്ടു ചോദിക്കും. "വല്ലതും വാങ്ങിത്തിന്നാൻ!" എന്നു ഞാൻ പറയും. അതുകേട്ടാൽ അയാൾ തേങ്ങിത്തേങ്ങി കരയുമായിരുന്നു. കഷ്ടം, എന്റെ ആ ബാല്യകാലസഖാവിനേപ്പററിയുള്ള എന്റെ നികൃഷ്ടമായ തെററിദ്ധാരണ! ആ സ്നേഹമൂർത്തിയോടുള്ള എന്റെ നിഷ്ഠുരുണമായ പെരുമാററം!—ആഹാ, ഞാൻ എന്തൊരു ഹൃദയ ശൂന്യൻ!

"രാമനാഥാ, ഇതെന്തു്? നിങ്ങൾക്കെന്താണു് സുഖക്കേട്?" ഞാൻ ഒരിക്കൽ ചോദിച്ചു.

"സുഖക്കേടോ?— എനിക്കൊന്നുമില്ല" അയാൾ പറഞ്ഞു.

"പിന്നെ, എന്തിനിങ്ങനെ അലഞ്ഞുതിരിയുന്നു?"

"ഒരു സുഖത്തിനു്!"

പെട്ടെന്നു അയാളുടെ കണ്ണുകൾ നിറഞ്ഞു; അയാൾ വിങ്ങിവിങ്ങി കരഞ്ഞു; അതുകണ്ടു നില്ക്കാൻ എനിക്കശേഷം ശക്തിയില്ലാതായി; തല താഴ്ത്തി ഞാൻ വീട്ടിലേയ്ക്കു നടന്നു.

ഉദയാസ്തമയങ്ങൾ പിന്നെയും കഴിഞ്ഞു കൊണ്ടിരുന്നു. ഒരു സന്ധ്യാസമയം,— നിശാദേവത, നേരിയ ഒരു കരിമ്പടം കൊണ്ടു, ഭൂമുഖം മൂടിത്തുടങ്ങിയപ്പോൾ, വളരെ ബദ്ധപ്പെട്ടു് ഒരാൾ എന്റെ അടുക്കൽ ഓടിയെത്തി, വീർപ്പുമുട്ടി പറയുകയായി:—

"രാമനാഥൻ,—നിങ്ങളെ കാണാൻ നിലവിളിക്കുന്നു;—അയാൾ മരിക്കാറായി!"

ഞാൻ ഒന്നു നടുങ്ങി; എന്റെ ശരീരത്തിൽ ഒരു വൈദ്യുതപ്രവാഹമുണ്ടായി. എന്റെ ഹൃദയം നൊന്തു; സവ്യാകുലം ഞാൻ ചോദിച്ചു:—

"എവിടെ രാമനാഥൻ?"

"അതാ, ആ കച്ചേരിത്തിണ്ണയിൽ; രവീ, രവീ, എന്നു നിലവിളിച്ചു കൊണ്ടു കിടക്കുന്നു.!!'

ഒരൊററയക്ഷരം പോലും പിന്നെ ഞാൻ ചോദിച്ചില്ല. നേരേ കച്ചേരിവളപ്പിലേയ്ക്കു ഞാൻ ഓടി. അവിടെ, അർദ്ധനഗ്നമായ ഒരു അസ്ഥിപഞ്ജരം,—മൃത

പ്രായനായ രാമനാഥൻ, ഉൗർദ്ധ്വം വലിച്ചു വലിച്ചു കിടക്കുന്നുണ്ടായിരുന്നു. എന്നെ കണ്ട മാത്രയിൽ ആ കണ്ണുകൾ സ്ഫുരിച്ചു; മുഖത്തു ക്ഷണികമായ ഒരു പ്രസന്നതവ്യാപിച്ചു. ആ വരണ്ട ചുണ്ടുകൾ ചലിച്ചു.-- പക്ഷെ, വാക്കുകളൊന്നും പുറപ്പെട്ടില്ല. അയാളുടെ അപ്പോഴത്തെ ആ ദൃഷ്ടിവിക്ഷേപവും മുഖഭാവവും കൊണ്ട്, രാമനാഥൻ തൻെറ സന്തതസഹചാരിയായ ആ ഭാണ്ഡം എൻെറ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചു. തെല്ലൊന്നു മടിച്ചിട്ടാണെങ്കിലും ഞാൻ അതു കൈയിലെടുത്തു. രാമനാഥൻ ഒരു നെടുവീർപ്പിട്ടു; അയാളുടെ ശ്വാസവേഗം വർദ്ധിച്ചു. ഞാൻ ആ തലതാങ്ങി എൻെറ മടയിൽ വച്ചു. അയാൾ എന്നെ ഒന്നു നോക്കി; സാവധാനം, ആ കണ്ണുകൾ അടഞ്ഞു; വായ് പിളന്നു:— ഹാ, രാമനാഥൻ എന്നെന്നേയ്ക്കുമായി ഈ ലോകത്തോടു യാത്ര പറഞ്ഞു!

"അയ്യോ!" എന്നു ഞാൻ നിലവിളിച്ചു;--എൻെറ കണ്ണുകൾ അശ്രുവഷം പെയ്തു.

*    *    *

ലക്ഷ്യമൊന്നും കൂടാതെയല്ലായിരുന്ന രാമനാഥൻ, തൻെറ ഭാണ്ഡം—അയാളുടെ ജീവിതകാലം മുഴുവനുമുള്ള സമ്പാദ്യം, എന്നെ ഏല്പിച്ചതു്. അതിനുള്ളിൽ ചില വിശിഷ്ടവിഭവങ്ങളുണ്ടായിരുന്നു. അവയുടെ ഒരു പട്ടികയാണിതു്:—

1. 'രവിക്കു്' എന്നു മേൽവിലാസമെഴുതിയിട്ടുള്ള ഒരു കത്തു്.

2. മിസ്റ്റർ കെ. ദാമോദരൻ ബി. ഏ. എഴുതിയ 'സ്നേഹശൃംഖല' എന്ന ചെറുകഥാപുസ്തകം.

3. ഉപയോഗിച്ചു ശേഷിച്ചു ഒരു കഷ്ണം പീയേഴ്സ് സോപ്പ്.

4. നീളമുള്ള ഒരു കറുപ്പു തലമുടി.

5. ഒരു സ്ത്രീയുടെ ഛായാപടം.

6. ഒരു പഴയ ജംബർ.

ആ ഛായാചിത്രവും ജംബ്റും കണ്ടു ഞാൻ അമ്പരന്നു! എന്തു്, ഞാൻ സ്വപ്നം കാണുകയോ? അതോ, എൻെറ കണ്ണുകൾ എന്നെ വഞ്ചിക്കുന്നുവോ? ആഹാ,—ഇതെന്തൊരു മായാവിലാസം!—കുറേ നാളിനു മുൻപു് എൻെറ ഭവനത്തിൽ നിന്നു് കാണാതെപോയതാണു് ആ ഛായാപടം. അതു 'രേവ'യുടെ,—എൻെറ പ്രാണപ്രിയയുടെ, യൗവ്വനാരംഭത്തിൽ, ഞങ്ങളുടെ വിവാഹത്തിനു ഏതാനും ദിവസങ്ങൾക്കുമുൻപു്, എടുത്തിട്ടുള്ളതായിരുന്നു.

ആ കുറു് ഇങ്ങനെയായിരുന്നു:—"രവി,—എൻെറ സഹോദരാ,

നിങ്ങൾ ഒരു ഭാഗ്യവാനാണു്. നിങ്ങളെ ഞാൻ സർവ്വാത്മനാ അനുമോദിക്കുന്നു. നിങ്ങളുടെ ജീവിതം പരമാനന്ദപൂർണ്ണമായിരിക്കട്ടെ!

ക്ഷമിക്കണേ!—ഞാൻ ഒരു ഭാഗ്യഹീനൻ; അപരാധി; നിങ്ങളുടെ മുൻപിൽ വരാൻ ഞാൻ യോഗ്യനല്ല; നിങ്ങൾ ഓക്കുന്നുണ്ടായിരിക്കുമല്ലോ, നമ്മുടെ ബാല്യകാലജീവിതം; അന്നു, നമ്മോടൊന്നിച്ചു തുള്ളിച്ചാടി കളിച്ചുനടന്ന ആ—കാട്ടം, പാപപങ്കിലമായ എൻെറ നാവുകൊണ്ടു ആ പാവന നാമധേയം ഉച്ചരിക്കാതെ

പോട്ടെ! ആ പുണ്യശാലിനിക്കു മംഗളം ഭവിക്കട്ടെ! ഞാൻ ഒരു ഭ്രാന്തനായിപ്പോയെങ്കിൽ,—ഇല്ല; ഞാൻ എത്ര തന്നെ ശ്രമിച്ചിട്ടും അതു് എനിക്കു സാദ്ധ്യമാകുന്നില്ലല്ലോ!—അവൾ ഒരു ശശിലേഖപോലെ വളൎന്നുവന്നു് നമ്മുടെ കണ്ണിനും കരളിനും കുളിരേകി;—എന്തിനു ഞാനതെല്ലാം ആവൎത്തിക്കുന്നു! അവൾ എന്റെ ജീവനും ജീവനായി, അവളുടെ സ്വഭാവനൈൎമ്മല്യം,—ആ സ്നേഹാത്മകപ്രകൃതി, എന്നെ ബലമായി ആകർഷിച്ചു; ഹൃദയം തികച്ചും ആ സുന്ദരിക്കു വിധേയമായി. അവൾക്കുവേണ്ടിയല്ലാതുള്ള എന്റെ ജീവിതം നിഷ്ഫലമായിട്ടെനിക്കുതോന്നി. അവളുടെ പേരിൽ എന്തുത്യാഗവും—എന്തുക്ലേശവും, സഹിക്കുന്നതു് എനിക്കു സുഖകരം! എന്തിനേറെ, ഞാൻ എന്റെ ദേവിയായി അവരെ ആരാധിച്ചു; ആ സ്നേഹസ്വരൂപിണിയുടെ കാല്ക്കൽ ഞാൻ എന്നെത്തന്നെ 'അടിയറ'വച്ചു. ദിവസങ്ങൾ ചിലതു കഴിഞ്ഞു. നിങ്ങൾ ഓൎക്കുന്നുണ്ടായിരിക്കുമല്ലോ, മതിമോഹനമായ ഒരു സായന്തന സമയത്തു്, അവളുടെ ഗൃഹോദ്യാനത്തിൽ വച്ചു, 'സ്നേഹശൃംഖല'യെന്ന ഒരു ചെറുകഥ അവൾ വായിച്ചതും നാം ഇരുവരും അതു കേട്ടുകൊണ്ടിരുന്നതും. അതിലെ, ഭാഗ്യദോഷിയായ ഗംഗാധരനാണു് ഞാൻ; നിങ്ങളോ, സൗഭാഗ്യസമ്പൂൎണ്ണനായ സുകുമാരനും! 'മാലതി', നമ്മുടെ—; കഷ്ടം, പോകട്ടതെല്ലാം! അങ്ങനെ വായന തുടൎന്നു. കുയിൽനാദത്തെയും ജയിച്ച ആ കോമളകളസ്വനം നമ്മൾ രണ്ടുപേരുടേയും ഹൃദയത്തെ കോൾമയിർക്കൊള്ളിച്ചില്ലേ?—നിശ്ചയമായും, ഈ ദുൎഭ

ഗൻെറ ജഡഹൃദയത്തെ അത്ര തരളായമാനമാക്കി; കഥയുടെ രസോൽക്കർഷത്തിൽ, ആ ദയാശാലിനിയുടെ സുദീർഘനയനങ്ങൾ ബാഷ്പപൂർണ്ണങ്ങളായി. സുന്ദരമായ ആ കവിൾത്തടത്തിൽകൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി. എൻെറ കൈവിരലുകൾ കൊണ്ട് അതു തുടച്ചുകളയാൻ, ആ മുഖകമലം ഉയർത്തി. അതിൽ ഒരു ഉമ്മ വയ്ക്കാൻ, ഞാൻ കൊതിച്ചു; എൻെറ കൈകൾ ചലിച്ചു. എന്നാൽ, നിങ്ങളുടെ സാമീപ്യത്താൽ ഞാൻ അതിനു ധൈര്യപ്പെട്ടില്ല. കഥ വായിച്ചു തീർന്നപ്പോൾ അവൾ ഒരു നെടുവീർപ്പിട്ടുകൊണ്ട് ഉച്ചരിച്ചു:—

"കഷ്ടം, ഗംഗാധരൻ!"

ഗംഗാധരൻെറ ദുരന്തം ആ ദയാവതിയുടെ ഹൃദയത്തെ വേദനിപ്പിച്ചിരിക്കണം; മാലതിയുടെ ധർമ്മസങ്കടം അവളെ വിഷാദിപ്പിച്ചിരിക്കണം; അയ്യോ, അന്നു ഞാൻ ഓർത്തിരുന്നില്ല, എൻെറയും അവസാനം അങ്ങനെയായിരിക്കുമെന്ന്! എന്തുകൊണ്ടെന്നാൽ, എനിക്കറിയാമായിരുന്നു, അവളെന്നെ ഹൃദയംഗമമായി സ്നേഹിക്കുന്നുണ്ടെന്ന്. പക്ഷേ, അതു പരിശുദ്ധമായ സഹോദരസ്നേഹമായിരുന്നു എന്നു ഗ്രഹിക്കാനുള്ള ബുദ്ധി എനിക്കില്ലാതെപോയി! ഞാൻ ആ പാവനാംഗിയെ തെററിദ്ധരിച്ചു; അവളുടെ ഭാവഹാവങ്ങളെ ദുർവ്യാഖ്യാനം ചെയ്തു. ആ സുശീലയുടെ സ്നിഗ്ദ്ധഹൃദയം മൃദുലമായ പ്രേമതന്തുക്കൾകൊണ്ടു, ഭാഗ്യവാനായ നിങ്ങളുടെ ഹൃദയവുമായിട്ടാണ് സുദൃഢം ബന്ധിച്ചിരുന്നതെന്ന് അപ്പോളുണ്ടോ ഈ ദുർഭഗൻ അറിയുന്നു!—കഷ്ടം!!

പിന്നെയും ദിവസങ്ങൾ ചിലതു കഴിഞ്ഞു. ഒരു വസന്തരാവിൽ, ദിക്കെങ്ങും പൂങ്കുളിർനിലാവു് ഓളം തല്ലികൊണ്ടിരുന്ന സുശാന്തവേളയിൽ, അവളുടെ സ്ദനോപാന്തത്തിലുള്ള പൂവനത്തിലെ ചാഞ്ഞചാഞ്ഞ ചമ്പകമരച്ചുവട്ടിൽ ഞാൻ കണ്ടു നിങ്ങൾ രണ്ടുപേരേയും കൂടെ! നിങ്ങളുടെ, പുളകാഞ്ചിതമായ തോളിൽ തങ്ങിയിരുന്നു, അവളുടെ ആ കോമളമായ പൂങ്കവിൾ! നിങ്ങളുടെ കരവല്ലികൾ, ആ ലതാസമാനമായ പൂമേനിയെ മൃദുതരമായി വലയം ചെയ്തിരുന്നു! അയ്യോ!— ഞാൻ നടുങ്ങി, എന്റെ ഹൃദയം തകൎന്നു; കൈകാലുകൾ തളൎന്നു, ഞാൻ നിലം പതിച്ചു!!

ഏറെത്താമസിയാതെ നിങ്ങളുടെ വിവാഹമഹോത്സവം ആഘോഷിക്കപ്പെട്ടുവല്ലോ;—പുറമേ എനിക്കതു സന്തോഷം തന്നെയായിരുന്നു; എന്നാൽ,— ആത്മവഞ്ചന കൂടാതെ,—ഹൃദയം തുറന്നു, ഞാൻ പരമാൎത്ഥം പറയുകയാണു്; അന്നുമുതൽ എന്റെ ഉള്ളിൽ എന്തോ ഒരു തീയെരിച്ചിൽ,— തീവ്രതരമായ ഒരു വേദന,— അന്തരാത്മാവിന്റെ അതിദയനീയമായ ഒരു വിലാപം! ഹാ, ആ ദാരുണസംഭവം, എന്റെ ഹൃദയം ശിഥിലമാക്കി.

വളരെ പണിപ്പെട്ടു ഞാൻ സമാധാനത്തിനുള്ള വഴികൾതേടി;—ഫലപ്പെട്ടില്ല നിങ്ങളെ പിരിഞ്ഞുപോകാൻ ഞാൻ ശ്രമിച്ചു;—എനിക്കതു സാദ്ധ്യമായില്ല;—എന്റെ മനസ്സു് എന്നെ അതിനു തീരെ അനുവദിച്ചില്ല. നിങ്ങളെ രണ്ടുപേരേയും ഞാൻ മറക്കാൻ നോക്കി; 'ഞാനൊരു ഭ്രാന്തനായിത്തീൎന്നെങ്കിൽ' എന്നു

ഞാൻ ആശിച്ചു;—എല്ലാം വിഫലമായി. അതിനാൽ, ഒടുവിൽ, ഈ അപരാധം ഞാൻ ചെയ്തു. അന്നു നാം വായിച്ച ആ ചെറു,—'ചിമിഴ്'-പുസ്തകം; എന്റെ സ്നേഹസ്വരൂപിണിയുടെ ഒരു ഛായാപടം;—പിന്നെ, അവരുടെ വകയായുള്ളതുതൊക്കെ;—നിങ്ങൾ ക്ഷമിക്കുമല്ലോ!"

എന്റെ കണ്ണുകൾ ബാഷ്പപൂർണ്ണമായി; വിവിധചിന്താകുലനായ ഞാൻ തലയും താഴ്ത്തി ഏറെ നേരം ആ ഇരിപ്പിൽ തന്നെ ഇരുന്നു. *

കൗമുദി തിങ്കളാഴ്ചപ്പതിപ്പ്. 113 കുംഭം 3.

## ൩ "കേശിനി"

---

സ്നേഹിതാ, മതിയാക്കുക;-നിങ്ങളുടെ ഈ പരിഹാസത്തിന്ന യാതൊരൎത്ഥവുമില്ല. നിങ്ങളേക്കാൾ എത്രയോ തികഞ്ഞ ഒരു ആദർശവാദിയായിരുന്നു ഞാൻ. പരിപൂൎണ്ണമായും ഒരുപ്രേമാരാധകൻ; പ്രേമ'മൊന്നല്ലാതെ, ഈലോകത്തിൽ മറെറാന്നുതന്നെയില്ലെന്ന്,—ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ, ഈ ലോകത്തിൻെറ അടിത്തട്ടുതന്നെ പ്രേമത്തിൽ സ്ഥിതിചെയ്യുന്നു എന്ന് ദൃഢമായി വിശ്വസിച്ചിരുന്നവൻ! എന്നിട്ട് ഇപ്പോൾ എനിക്കീമാനസാന്തരം എന്തുകൊണ്ടെന്നോ? സ്വത്തും സ്ഥിതിയുമില്ലാത്ത, വിദ്യാഭ്യാസവും സംസ്ക്കാരവുമില്ലാത്ത, പറയത്തക്ക ബന്ധുജനങ്ങളാരുമില്ലാത്ത, ഒരു പുല്ലുവില്പനക്കാരിപ്പെണ്ണിനെ, —നിങ്ങളുടെയെല്ലാം പ്രതീക്ഷകൾക്കു വിപരീതമായി,-ഞാൻ വിവാഹംചെയ്തതെന്താണെന്നോ?

ക്ഷമിക്കുക; ഒരുകാലത്തു പള്ളിക്കൂടത്തിൽനിന്നു പഠിച്ച കുറെ അസംബന്ധങ്ങൾ;-ആ പാഠപുസ്തകങ്ങളിലെ, സ്നേഹം, സത്യം, സ്ഥിരത,—ഹും! മണ്ണാങ്കട്ട!-ആ പയറുവേദാന്തം,—ആ ഗ്രന്ഥത്തിലെ പത്രം—അതെല്ലാംകൂടെ മനുഷ്യജന്മം പാഴാക്കുന്നു! മറയലോകത്തെ തെരിപിരിക്കൊള്ളിക്കുന്നു; കഷ്ടം!

സ്നേഹഗായകരായ കുറേകവികൾ, കഥാകൃത്തുകൾ,

—അമ്പോ! അവരെയൊക്കെ എങ്ങിനെയാണ് ശപിക്കാതിരിക്കുക? അവരെല്ലാംകൂടെ ലോലമാനസരായ യുവലോകത്തെ കുഴക്കുന്നു; അവരെ വകയ്ക്കുകൊള്ളാത്തവരാക്കുന്നു; അവർ ചിത്തഭ്രമമുണ്ടാക്കുന്നു: അറ്റംകൊണ്ടു ആത്മഹത്യ ചെയ്യിക്കുന്നു;– അയ്യോ, ഭയങ്കരം!

വികലബുദ്ധികളായ ആ കവികളുടെ പ്രേമകഥകൾ ഞാൻ ധാരാളം വായിച്ചു; കവിതകൾ ഒട്ടേറെ പഠിച്ചു; അവയിൽ ഓളംതല്ലുന്ന, 'പാവനപ്രേമം';– ആ നീലക്കോട്ടുവേലി', എന്റെയും മനം മയക്കി; തികച്ചും ഞാനതിൽ ഭ്രമിച്ചു! പൂമ്പട്ടിൽ പൊതിഞ്ഞു്, പൊൻപേടകത്തിൽ അടച്ചു്, മായാലോകത്തെവിടയോ മോഹനമായ മണിമച്ചിൽ നിക്ഷേപിച്ചിരിക്കുന്ന, മനോരഥസഞ്ചാരികളായ് മർത്ത്യന്മാരെല്ലാം കൂടെ പൂജിച്ചുവരുന്ന, ആ 'സഹജാമലരംഗ, ത്തിന്റെ,– 'സ്വർഗ്ഗീയപ്രേമ' ത്തിന്റെ, ഒരു ആരാധകനായിത്തീർന്നു ഞാനും! സർവ്വദാ ഞാൻ ആ സങ്കല്പരൂപത്തെ ധ്യാനിച്ചു; അതിൽത്തന്നെ ലയിച്ചു: ഞാൻ കേൾക്കുന്നതും കാണുന്നതും എല്ലാം പ്രേമം; ശ്വാസിക്കുന്നതും സ്പർശിക്കുന്നതുമെല്ലാം പ്രേമം; സർവ്വത്ര പ്രേമം; സർവ്വവും പ്രേമമയം!

കേവലം അന്ധനായി ഞാനങ്ങനെ ഏറെനാൾ കഴിഞ്ഞു. അനുരാഗം, ആ 'ആകാശകുസുമം' എവിടെയെന്നു ഞാൻ തിരക്കി. എനിക്കു തോന്നി, അനുരാഗം കാണാത്ത പുരുഷൻ ചിറകുണ്ടായിട്ടും പറക്കാൻ കഴിവില്ലാത്ത പക്ഷിയാണെന്നു്! ഞാൻ ലജ്ജിച്ചു!

എന്റെ ഹൃദയം സ്ത്രീരാഗത്തിനു വേണ്ടി കേണു ഞാൻ അന്തമററ നെടുവീർപ്പുകൾ വിട്ടു; ആഴമേറിയ

കണ്ണീർക്കുളത്തിൽ കുളിച്ചു; ആറുതീരങ്ങളിലും ആരാമവേദികളിലും തേടിത്തിരഞ്ഞു. പൂമ്പാററകളുടേയും 'പൂമ്പൊടി'കളുടേയും പുറകെ പറന്നു. എങ്ങും കണ്ടെത്തിയില്ല ഞാൻ പ്രേമദേവതയേ; എല്ലാടവും ശൂന്യമായി എനിക്കു തോന്നി; ഞാൻ കുഴങ്ങി!

ഒടുവിൽ ആഹാ, ദൈവത്തിൻെറ ദയാലുത്വം! 'ഭാരതി'യെ ഞാൻ കണ്ടുമുട്ടി; മധുരമോഹനമായഒരു സായന്തനവേളയിൽ! അന്തിപ്പൂങ്കതിരോൻ ദിങ്മുഖമെങ്ങും കുങ്കുമപ്പൊടി പൂശിക്കൊണ്ടിരുന്നപ്പോൾ; ഒരു മഹാജനസമ്മേളനത്തിൽ വച്ചു! ഞങ്ങൾ രണ്ടാളും അന്നത്തെ 'പ്രസങ്ഗ' കരായിരുന്നു. എൻെറ പ്രസംഗം അവൾക്കും; അവളുടെ പ്രസംഗം എനിക്കും വളരെ രസിച്ചു. ഞങ്ങൾ പരസ്പരം അറിഞ്ഞു; സംസാരിച്ചു; പരിചയപ്പെട്ടു!

അവൾ ഒരുൽകൃഷ്ട പരീക്ഷാ ബിരുദധാരിണിയായിരുന്നു. ഒരു നല്ല ഭാഷാപണ്ഡിത; സഹൃദയ; സാഹിത്യരസിക! അവൾക്കെന്നേയും എനിക്കവളേയും പ്രിയമായി:— അതേ, ഞങ്ങൾ പരസ്പരം സ്നേഹിച്ചു; ആദരിച്ചു; ആരാധിച്ചു; ഞാൻ അവളുടേതും അവൾ എൻേറതുമായി. ഞങ്ങൾ സന്തതസഹചരരുമായി.

അവളെ പിരിയുമ്പോൾ എനിക്കു ഹൃദയം നോവുകയായി; അതിദുസ്സഹമായ വേദനയോടേ അതു ശക്തിപൂർവം സ്പന്ദിക്കുകയായി, അവളുടെ ദർശനമാത്രയിലോ, ഞാൻ അകം കുളിർന്ന് ആനന്ദിക്കുകയും ചെയ്തിരുന്നു!

അവളുടെ വാക്കുകളും പ്രവൃത്തികളുമെല്ലാംഎനിക്കു പരമാനന്ദപ്രദമായിരുന്നു. അവൾ ചൊരിയുന്ന മന്ദസ്മിതചന്ദ്രിക എൻെറ ഹൃദയചകോരത്തിനു പീയൂഷവർഷ

മായിരുന്നു. ആ മൃദുമൊഴികളുടെ മാധുര്യമോ-എന്റെ അന്തരാത്മാവിനു പൂന്തേൻ മാരിതന്നെ! ഹാ, അവളുടെ ഒരു നോക്ക്, ഒരുവാക്കു്, മതി, ഞാൻ സ്വർലോകത്തിനും അപ്പുറത്തു്, ഏതോ ഒരു മഹാ ദിവ്യലോകത്തിലേയ്ക്കു് ഉയരുകയായി!

"ഭാരതി';-ഹാ, മധുരതരമായ ആ മനോഹര നാമധേയം; സർവസമയവും ഞാൻ അതുതന്നെ ഉരുവിട്ടുകൊണ്ടിരുന്നു. മന്ദമാരുതന്റെ മഞ്ജുഗീതത്തിലും, പൂങ്കോകിലങ്ങളുടെ പഞ്ചമാലപത്തിലും ഞാൻ ആ മധുരനാമം തന്നെ കേട്ടുകൊണ്ടിരുന്നു!

ആ സ്വർല്ലോകസുന്ദരിയുടെ സുമസുന്ദരമായ അംഗഭംഗി എനിക്കു എത്രകണ്ടാലും മതിവരുമായിരുന്നില്ല. നീണ്ടു് അഴകേറിയ കണ്ണുകൾ; അളിവർണ്ണത്തേയും വെല്ലുന്ന അളകാഞ്ചലം; നീണ്ടുചുരുണ്ടു കാലോളമെത്തുന്ന കരിവാർകുഴൽ; സുകുമാരകോമളമായ മുഖകമലം:-ആ ഹാ, മോഹനമായ ആ മായാത്തചിത്രം സർവ്വനേരവും ഞാൻ എന്റെ ഉൾക്കളത്തിൽ എഴുതിക്കൊണ്ടിരുന്നു!

അങ്ങനെ, അനിർവ്വചനീയമായ ആനന്ദാനുഭൂതിയിൽ ഞങ്ങൾ മന്ദം മയങ്ങി കഴിയുമ്പോൾ,—അഹോ, ആ ഭയങ്കരപരിവർത്തനത്തെപ്പററി എന്തുപറയട്ടെ!-ഞാൻ ചെയ്ത ഒരു രാഷ്ട്രീയ പ്രസംഗത്തിൽ, വിപ്ലവകരമായ എന്തൊക്കെയോ ഉണ്ടായിരുന്നെന്ന കാരണത്താൽ, അധികാരികൾ എന്നെ ബന്ധനത്തിലാക്കി. ഭാരതി,-എന്റെ ആശാസങ്കേതം, ആശ്വാസകേദാരം, അവൾ ഏകാകിനിയായി; ഇണയററ കപോതികയായി! തടവു

മുറിയില്ല. അവളുടെ പേരിൽ എൻെറ ഹൃദയം വില പിച്ചുകൊണ്ടിരുന്നു!

പോകട്ടെ;-അതൊരു നീണ്ട കഥയാണ്. അതെല്ലാം. എന്തിനിപ്പോൾ വിസ്തരിക്കുന്നു! ഒരു കൊല്ലത്തെ ദീർഘമായ കാരാലയവാസത്തിനുശേഷം ഞാൻ തിരിച്ചെത്തി.

നിങ്ങൾക്കെന്തു തോന്നുന്നു, ജയിലിൽനിന്ന് പുറത്തുവന്ന ഞാൻ ആദ്യമായി എന്തായിരിക്കും ചെയ്യുക? എങ്ങോട്ടായിരിക്കും പോവുക? എൻെറ ഹൃദയേശ്വരി എവിടെയെന്നു ഞാൻ അന്വേഷിച്ചു; അവളെ കാണാൻ എൻെറ കണ്ണുകൾ ഉഴറി! ഞാൻ അവളുടെ വസതിയിലേയ്ക്കു നടന്നു.

ഈശ്വരാ എന്തെല്ലാം മോഹനചിന്തകളായിരുന്ന എൻെറ ഉള്ളിൽ തിങ്ങിത്തിളച്ചുകൊണ്ടിരുന്നതു്! എന്തെല്ലാം മധുരസ്മരണകളായിരുന്നു എൻെറ ഹൃദയം അയവിറക്കിക്കൊണ്ടിരുന്നതു്! "ഹാ, സുന്ദരിയായ ഭാരതി, അകലത്തിൽവച്ചുതന്നെ എന്നെക്കാണും; സന്തോഷാശ്രുക്കൾ പൊഴിക്കും; ഇരുകൈയ്കളും നീട്ടിക്കൊണ്ടു് എൻെറ അടുക്കലേയ്ക്കു് ഓടിയെത്തും; എൻെറ കാരാലയ വൃത്താന്തങ്ങളറിഞ്ഞു സന്താപബാഷ്പം ചൊരിയും; എൻെറ വിളറിക്ഷീണിച്ച ദേഹം തൊട്ടുതലോടും; ഉമ്മവയ്ക്കും; —അങ്ങനെ പിന്നെന്തൊക്കെയോ സംഭവിക്കാ ......ഹാ....!" ആ മധുരസ്വപ്നങ്ങൾക്കിടയിൽ ഞാൻ അവളുടെ വീട്ടുവരാന്തയിലെത്തി.

നേരം സന്ധ്യയോടടുത്തിരുന്നു. ആളനക്കമില്ലാത്ത ഒരു വീട്; ഐശ്വര്യമില്ലാത്ത പ്രകൃതി; കതകെല്ലാം അ

ച്ചിരുന്ന ഒരു മുറി; പകുതി തുറന്നുകിടന്ന ഒരു വാതായനം; അതിന്റെ വിടവിലൂടെ എന്റെ കണ്ണുകൾ അകത്തേയ്ക്കൊന്നു കുതിച്ചു! എന്തെന്തു്; ഞാനെന്താണീകാണുന്നതു്? സ്വപ്നമോ, മായയോ, മാനസഭ്രാന്തിയോ?... ഭാരതി തന്നെയൊ അതു്? അതോ വല്ലപിശകും പററിപ്പോയോ? ഞാൻ സൂക്ഷിച്ചുനോക്കി. ഇല്ല; അവൾതന്നെയാണു് ആ കട്ടിലിൽ കിടന്നിരുന്നതു്! പരിഷ്കാരമോ, സൗന്ദര്യമോ ഇല്ലാത്ത ഒരു ചെറുപ്പക്കാരൻ;—കട്ടിലിന്റെ തലയ്ക്കൽ തെല്ലൊന്നു കുനിഞ്ഞിരിക്കുന്നു. അവൻ;—അവന്റെ ഒരു കൈയ് അവളുടെ കഴുത്തിൽ ചുററിപ്പിടിച്ചിരിക്കുന്നു;— അവന്റെ മുഖം താഴുന്നു;— കവിളോടുകവിൾ അടുക്കുന്നു;— ഞാനൊന്നു നടുങ്ങി! എന്റെ ഉള്ളിൽ ഒരു തീയെരിഞ്ഞു; എന്റെ ശരീരം പുകഞ്ഞു: കൈകാലുകൾ തളർന്നു; തലചുററി;—വീഴാതിരിക്കാൻ ഭിത്തിയിൽ ചാരി ഞാൻ നിന്നുപോയി!

എന്റെ കാൽ പെരുമാററം കേട്ടിട്ടാവാം, ആ ചെറുപ്പക്കാരൻ ഞെട്ടിപ്പിടഞ്ഞെണീററു; ഭാരതി, ഒന്നു വെമ്പി! കട്ടിലിൽതന്നെ തെല്ലൊന്നു തിരിഞ്ഞു കിടന്നുകൊണ്ടു അവൾ തലഉയർത്തി! അവളുടെ കണ്ണുകൾ എന്റെമുഖത്തുതന്നെ പതിഞ്ഞു; എന്നിട്ടും, —ഠേ്ഹേ,— കണ്ടതായ ഭാവം പോലുമില്ലാതെ, അവൾ കട്ടിലിന്മേലേയ്ക്കു തലചാഴ്ത്തി! എതിരേയുള്ള കതകു തുറന്നു്, ആ ചെറുപ്പക്കാരൻ പുറത്തേയ്ക്കുവന്നു; കൈയ്യിൽ ഒരു ഒഴിഞ്ഞ ഗ്ലാസ്സുമായി അവൻ അടുക്കളയിലേയ്ക്കു നടന്നു. കഷ്ടം!—അവളുടെ അരിവെപ്പുകാരനായിരുന്നു അവൻ! ഒരു വിധം ആത്മസംയമനം ചെയ്തുകൊണ്ടു ഞാൻചോദിച്ചു:—

“ഭാരതിയമ്മ താമസിക്കുന്നതു ഇവിടെയല്ലേ?”

അവൻ പറഞ്ഞു:—“ ആണ്! അകത്തു കട്ടിലേ ക്കിടക്കുന്നു: —നല്ലസുകമില്ല–”

“അമ്പോ, വല്ലാത്ത സുഖക്കേട്–!“ ഞാൻ ഉള്ളു കൊണ്ടു പറഞ്ഞുപോയി!

ഉത്തരക്ഷണത്തിൽ അഴിഞ്ഞുലഞ്ഞ തലമുടിയും വാരിപ്പിടിച്ചുകെട്ടിക്കൊണ്ട് അവളുംപുറത്തുവന്നു; അവളുടെ മുഖം, കരുത്തോലപോലെ വിളറി, ഒരു വല്ലാത്ത അസുഖഭാവത്തോടേ അവൾ എനിക്കൊരു കസേരമുണ്ടികാണിച്ചു! അമ്പോ, അവളുടെ ധിക്കാരം! ഇരിക്കാതെ, തിരിഞ്ഞുനടന്നുകളഞ്ഞാലെന്തെന്നു എനിക്കുതോന്നി. എന്നാൽ ഏതോ ഒരു —പൂർവ്വസ്മരണയുടെ കരം എന്നെതടഞ്ഞു. മനസ്സില്ലാമനസ്സോടെ ഞാനവിടെ ഇരുന്നു. അപ്പോൾ, അവൾ എന്റെ നേരമുൻപിൽ ഭിത്തിയിൽ ചാരിനിന്നുകൊണ്ടു പറയുകയാണ്, ഒരു സർക്കാരുദ്യോഗസ്ഥയുടെ ഭാവഗംഭീരതയോടേ പറയുകയാണ് “മിസ്റ്റർ,-കണ്ടതിൽ വളരെ സന്തോഷമുണ്ട്;-എങ്കിലും ഞാനിപ്പോളൊരു സർക്കാർജോലിക്കാരി;-ഉള്ളകഞ്ഞിയിലെന്തിനു പാററായിടുന്നു, നിങ്ങളൊരു രാഷ്ട്രീയ പ്രക്ഷോഭകൻ; വിശേഷിച്ചും ജയിലിൽ പോയ ആൾ! നമ്മളെ ഇവിടിങ്ങനെ കണ്ടു വല്ലവരും റിപ്പോർട്ടു ചെയ്താൽ,-പിന്നെ പറയാനില്ല; എന്റെ വായിൽ മണ്ണ്–!”

അയ്യോ, അതുകേട്ടു എന്റെ തലതരിച്ചുപോയി! ഹൂ –പിശാചേ,-നിന്റെ ആദർശപ്രസംഗം! നീയുംസ്ത്രീരൂപമെടുത്തല്ലോ-!” താപവും കോപവും കൊണ്ടു

പിന്നെയും ഞാനെന്തൊക്കെയോ പറഞ്ഞു! ഇരുന്ന കസേ
രവലിച്ചു ദൂരേതള്ളിയിട്ടു ഞാൻ പുറത്തിറങ്ങി; എങ്ങോ
ട്ടെന്നില്ലാതെ, എനിക്കു തോന്നിയ വഴിയേ നടന്നു.

എന്റെ ആദർശപ്രേമം,—ആ ദുർവൃത്തയോടു
ണ്ടായിരുന്ന ആദരവ്, അനുകമ്പ, ബഹുമാനം, സർവ്വം
ആ നിമിഷത്തിൽ നശിച്ചു ആ ഇരുളടഞ്ഞു നാറുന്ന കാ
രാഗൃഹത്തിൽവച്ചുപോലും ഞാൻ ഹൃദയത്തിൽ പ്രതിഷ്ഠി
ച്ചു ആരാധിച്ചുപോന്നതു ഈ നികൃഷ്ടസത്വത്തെയായിരു
ന്നല്ലോ എന്നോർത്തു ഞാൻ വ്യസനിച്ചു; ലജ്ജിച്ചു! എ
ന്റെ കരളിൽനിന്നും ഞാനവളെ പറിച്ചു ദൂരെയെറിഞ്ഞു.
എന്റെ പുരുഷാഭിമാനം ഉണർന്നു. ഈ ധൂർത്തയുടെ പേ
രിൽ സ്ത്രീലോകത്തെ മുഴുവൻ വെറുക്കാൻ ഞാൻ തുനി
ഞ്ഞില്ല. എന്റെ വ്രണിതഹൃദയം തടവിത്തണുപ്പിക്കാൻ
ഒരു വധൂഹസ്തത്തെ തന്നെ ഞാൻ അഭിവാഞ്ഛിച്ചു. വെറും
കാമം, കാര്യസാദ്ധ്യത്തിനായി മാത്രമുള്ള സ്നേഹഭാവം,
ഇതല്ലാതെന്നാം വൃഥാ സങ്കല്പിക്കുന്നതുപോലെ 'പരിപാ
വന പ്രേമം' എന്നൊന്നു ഈ ലോകത്തിലില്ലെന്നു
ഞാൻ പഠിച്ചു.

കുറേയകലെ, വയലരികിൽ, പുല്ലുകിളച്ചുകൊണ്ടു
നിന്ന, ഒരു പാവപ്പെട്ട പെൺകുട്ടി;— പരിഷ്കാരം തൊട്ടു
തെറിച്ചിട്ടില്ലാത്തവൾ; അക്ഷരത്തിന്റെ വഴിയേപോ
ലും പോയിട്ടില്ലാത്തവൾ; പ്രസംഗിക്കാനോ ഉദ്യോഗഭ
രിക്കാനോ കെല്പില്ലാത്തവൾ; എന്നാൽ അരോഗദൃഢ
ഗാത്രി; പാവനാംഗി; അന്തഃപുര[illegible]യിൽ അദിതി
യ്; അവളെ ഞാൻ വിളിച്ചു. വിനയപൂർവം അവളെ
ന്നെ അനുഗമിച്ചു. ഞങ്ങളെ സംബന്ധിച്ചിടത്തോളം

ന്തയുംമതിയായിരുന്നു; അതിനേഅവശ്യമുണ്ടായിരുന്നുള്ളൂ!

അവളോടു ഞാൻ പ്രേമാഭ്യർത്ഥനയൊന്നും ചെയ്തില്ല; അനുരാഗകഥകൾ പറഞ്ഞില്ല; കാഞ്ചിയില്ലകുഴഞ്ഞില്ല; അവളെ തഴുകിയില്ല, താലോലിച്ചില്ല; പിന്നെയോ, തേക്കാൻ അല്പം എണ്ണ; കുളിക്കാൻ ഒരുകഷണം സോപ്പ്;-ധരിക്കാൻ ഒരു മുണ്ട്, ഒരു ജമ്പർ! എങ്കിലും ഞാൻ അവളുടെ പ്രാകൃതമായ പേരു് ഒന്നു മാററി എന്റെ പേരിനു അനുരൂപമായ, അഴകുള്ള ഒരു പേരു ഞാനവൾക്കിട്ടു; 'കേശിനി!' ഇതുതന്നെ! അവളിപ്പോൾ എന്റെ സഹധർമ്മിണി, എന്റെ ജീവിതഭാരം താങ്ങാനുള്ള ഒരു അത്താണി! ഇപ്പോൾ ഞാൻ കാണുന്നു സുകുമാരകോമളമായ കുടുംബജീവിതത്തിന്റെ മാഹാത്മ്യം, സത്യനിബദ്ധമായ സ്നേഹത്തിന്റെ മാധുര്യം, മണിമാളികകളിലും, കവികളുടെ വ്യാജപൂർണ്ണമായ സ്വപ്നങ്ങളിലും, കണികാണാനേയില്ലാത്ത ജീവിതാനന്ദം! സ്നേഹിതാ ഇതിലെന്താണുള്ളതു്, നിങ്ങൾക്കെന്നെ പരിഹസിക്കുവാൻ?

* നവജീവൻ. 115 കർക്കടകം 28.

## ൪. "ക്ഷമാപണം."

ഒരു സായന്തനവേള; മഞ്ഞവെയിൽ, ചുടുകാററ്; മല്ലിക ഞെട്ടിയുണന്നു;— അവളുടെ ചിന്താനിദ്രയിൽ നിന്ന് അവൾ തലപൊക്കി; ചുററിനും ഒന്നുനോക്കി ഹാ, വ്യാകുലപൂർണ്ണമായ ഒരു നോട്ടം; നിരാശയുടെ ഒരു നിഴലാട്ടം! 'ഇന്ദ്രനീമകരത്തു്' മിന്നുന്ന ആ കണ്ണുകൾ ബാഷ്പകലുഷമായി. 'എൻെറ ദൈവമേ....!" ഒരു നീണ്ടദീനാലാപം! അവൾ ഒരു നെടുവീർപ്പോടെ എണീററു; മന്ദമായി ഉറക്കറയിലേയ്ക്കു നടന്നു.

സാരിത്തുമ്പുകൊണ്ടു അവൾ കണ്ണും മുഖവും തുടച്ചു. അഴിഞ്ഞുലഞ്ഞ പൂങ്കുഴൽ പിടിച്ചുകെട്ടി, മുല്ലമാല ചൂടി; ചാന്തുപൊട്ടുതൊട്ടു; കണ്ണാടിനോക്കി പ്രസന്നതഭാവിച്ചു. തിരികെ അവൾ വരാന്തയിലേയ്ക്കു നടന്നു;— കുണുങ്ങിക്കുഴഞ്ഞ ഒരു നടത്ത! പകുതിതുറന്ന പടിവാതുക്കൽ അവൾ നിലകൊണ്ടു; സുസ്മേരമുഖിയായി, ചാരിച്ചാഞ്ഞ ഒരു നില!

ആ കരിമീൻകണ്ണുകൾ പലരുടെ മേൽ പിടഞ്ഞുചാടി; വഴിപോക്കരായ പലരുടേയും മേൽ! ആ മന്ദസ്മിതചന്ദ്രിക പലരുടെയും മേൽ പെയ്തു; യുവവൃദ്ധഭേദം കൂടാതെ പലരുടെയും മേൽ! എന്നിട്ടോ? ആരും ആകഷിക്കപ്പെട്ടില്ല; ആഹ്ലാദിതരുമായില്ല. എന്നല്ല, ആ

ടംതന്നെ അവളെ അത്ര ഗണിച്ചുമില്ല. എന്തെന്നാൽ, എല്ലാവക്കുമറിയാം അവൾ ഒരു ഗണികയെന്നു്! ഒരു നികൃഷ്ടജീവിയെന്നു്! ചിലരെല്ലാം അവളെ അവജ്ഞാപൂർവ്വം നോക്കി; മററുചിലർ അവൾക്കെതിരായി മുഖം തിരിച്ചു; വേറേ ചിലർ, "കഷ്ടം.....!" എന്നു മാത്രം ഉച്ചരിച്ചു.

നേരം ഏറെയായി. അവൾക്കു കാലുകഴച്ചു; നിരാശ വർദ്ധിച്ചു; അവൾ അകത്തേയ്ക്കു പോകാൻ ഭാവിച്ചു. എന്നാൽ, ഏതോ ഒരു ആശ അവളെ തടഞ്ഞു. ആ പഴക്കിപരിചയിച്ച കണ്ണുകൾ പിന്നെയും രാജപാതയിലേയ്ക്കു പാഞ്ഞു. അവളുടെ ഹൃദയം കുളിർന്നു; നയനങ്ങൾ വിടന്നു! അതാ ഒരു യുവാവു ദ്രുതഗതിയിൽ നടന്നു വരുന്നു; അവളുടെ നേരേതന്നെ. ആൾ ഒരു സുന്ദരശൃംഗാരിതന്നെ! ചീകിയൊതുക്കിയ ചുരുളൻമുടി; ചാന്തുപൊട്ടു്, പൊടിമീശ! അയാൾ അവളുടെ നേരേ ഒന്നു കണ്ണെറിഞ്ഞു. അവൾ അങ്ങോട്ടും. രണ്ടുപേരും പുഞ്ചിരിച്ചു. "ഈശ്വരാ—!" അവൾ ഒന്നു നിശ്വസിച്ചു. ഹാ, അവൾക്കൊരു വലിയസമാശ്വാസം!

അയാൾ നാലുപാടും കണ്ണോടിച്ചു; ആരുമില്ല. അയാൾ ശ്വാസമടക്കിനിന്നു.

"ഇതാ......ഇങ്ങോട്ടു......; ആ സോഫായിൽ ഇരിക്കാം.......;" അവൾ സ്വാഗതം ചെയ്തു. ഹൃദയത്രാസത്തോടെ അയാൾ അവളുടെ ഉറക്കറയിൽ കടന്നു!

മനോഹരമായ മണിമഞ്ചം; പട്ടുവിരിപ്പിട്ട പൂമെത്ത; ഹൃദയാഹ്ലാദകമായ സുഗന്ധപ്രസരണം;—ആ

ഹാ, എന്തൊരു സ്വർഗ്ഗാനന്ദം! ഒരു ആശ്വാസനിശ്വാസത്തോടെ അയാൾ അവിടിരുന്നു. കൈലേസ് എടുത്തു കണ്ണും മുഖവും തുടച്ചു.

"എന്താണോ...... ക്ഷീണം തോന്നുന്നുണ്ടായിരിക്കാം........!" അനുകമ്പ നിറഞ്ഞ ഒരു കുശലോക്തി! അയാളുടെ ഹൃദയം കുളിർന്നു.

"ഓ......വളരെ;......ഇന്നത്തെ ഈ എരിവെയ്ലെല്ലാം ഞാൻ ഏററു.......!"

ആ വാക്കുകൾ മുഴുവൻ കേൾക്കാൻ അവൾ നിന്നില്ല. ദ്ധൃതിയിൽ അവൾ അടുത്ത മുറിയിലേയ്ക്കു പോയി. തൽക്ഷണംതന്നെ തിരിച്ചെത്തുകയും ചെയ്തു ഒരു ഗ്ലാസ് സർവത്തും ഒരു വിശറിയുമായി; ഒരു രാമച്ചവിശറി! സർവത്ത് അവൾ അങ്ങോട്ടു നീട്ടി ഒരു പുഞ്ചിരിയോടെ! അയാളുടെ കൈകൾ നീണ്ടു ഒരു പരമാനന്ദപ്രസരിപ്പോടെ! ആ ഗ്ലാസ്സും അവളുടെ കൈവിരലുകളും കൂടെ അയാൾ അടക്കംപിടിച്ചു! ഒരു വൈദ്യുതപ്രവാഹം....!—രണ്ടുപേരുടെയും കൈത്തണ്ടുകളിൽക്കൂടെ! ആ മിന്നിത്തിളങ്ങുന്ന, പിടഞ്ഞുപാട്ടുന്ന, കരിമീൻ കണ്ണുകളിൽ അയാൾ സാകൂതം നോക്കി. അവൾ സത്വരം തന്റെ വിരലുകൾ വലിച്ചൂരിയെടുത്തു. ഒരു വിജയപ്പുഞ്ചിരിയോടെ അയാൾ ആ ഗ്ലാസ്സ് ചുണ്ടിലണച്ചു. കേവലം അലസഭാവത്തിൽ, ശൃംഗാരരസത്തിൽ, ഒരു കവിൾ കുടിച്ചു. പിന്നെയും ആ കൺകോണുകൾ അങ്ങോട്ടു പാഞ്ഞു. പിന്നെയും ഒരു കവിൾ ഊററിക്കുടിച്ചു! ആഹാ, ദിവ്യാനന്ദപൂർണ്ണമായ എത്താനും നിമിഷങ്ങൾ;—ജീവിതത്തിൽ അവിസ്മരണീയമാ

 ആ സൗന്ദര്യധാരാ അധരംകൊണ്ടു

യ മോഹനതരംഗങ്ങൾ! കടമിഴികൾകൊണ്ടു്, ആ മധുര പേയം; ആഹാ,-അനിർവചനീയമായ ഒരു നിർവൃതിയോടെ അയാൾ അവരണ്ടും പാനം ചെയ്തു. അവളോ, ആ സമയമെല്ലാം അയാളെ സസ്നേഹം വീശിക്കൊണ്ടു നിന്നു. ആ കുളിർകാററിൽ, അയാൾ പുളകം പുതച്ചു! സ്വർല്ലോകത്തിനും അപ്പുറത്തെവിടെയോ, ഒരു ദിവ്യലോകത്തിലേയ്ക്കു്, അയാൾ ഉയൎന്നു. ആ ഗ്ലാസ്സിൽനിന്നു് ഒരു കവിൾ അവളെയും കുടിപ്പിച്ചു! ഒരു പരമാനന്ദ നിശ്വാസം തിരതല്ലി. ആഹാ, ഒരു സൌന്ദര്യധാമത്തിൻെറ സുമധുര സമ്പൎക്കം! അതിൻെറ ഒരു സമ്മോഹനത;— ഒരു രസം; അതിൽപരം എന്തുവേണ്ടൂ, ഒരു യുവകാമുകൻെറ മോക്ഷപ്രാപ്തിക്കു്!

നിശ്ചയമായും അയാൾ ഒരു സുന്ദരൻതന്നെയാണു്; സുമുഖനാണു്; എങ്കിലും, ആ മുഖത്തുകാണാം എന്തോചിലതിൻെറ അഭാവം; ഏതോചില പോരായ്മകൾ; പാടവമുള്ള മിഴികൾമാത്രം കാണാവുന്ന ചില കുറവുകൾ!!

ആ മണിമഞ്ചത്തിൽ അയാൾ അങ്ങനെ ഇരുന്നു; തെരുതെരെ നെടുവീർപ്പിട്ടു. ഒടുവിൽ ഒരു മൃദുസ്മിതത്തോടെ, ചുണ്ടിൽതന്നെ ലയിച്ചുപോയ ഒരു ശൃംഗാര പൂനിലാവോടെ, അയാൾ ചോദിച്ചു:—

"എന്തൊക്കെയാ....മല്ലികേ...?" ആ ചോദ്യം അപൂൎണ്ണമായി പൊലിഞ്ഞു!

"എത്രനാളായി ഞാൻ കാത്തിരിക്കുന്നു; ഇന്നെങ്കിലും അവിടുത്തെ കാണാൻ സാധിച്ചു;—എന്തോ എൻെറ ഒരു ഭാഗ്യം..........!"

"എന്താ,......പഴയക്കൂട്ടുകാരെല്ലാം പൊയ്പ്പോയി ......അല്ലേ?......."

"കഷ്ടം; ലോകാവസ്ഥയിതാണെന്നു് അറിഞ്ഞു.......!"

നിശ്ശബ്ദം! രണ്ടുപേരും മുഖത്തോടുമുഖം നോക്കിയിരുന്നു. എന്തൊക്കെയോ പൂർവസ്മരണകൾ! മല്ലികയുടെ മുഖം മ്ലാനമായി; മിഴികൾ പകുതിയടഞ്ഞുനിന്നു. അവൾ സവ്യാകുലംനെടുവീർപ്പിട്ടു.

കഴിഞ്ഞ ജീവിതകാലം! എന്തെല്ലാം അവൾ കണ്ടിരിക്കുന്നു; എന്തെല്ലാം അവൾ കേട്ടിരിക്കുന്നു. ആരെല്ലാം അവളെ കനകാഭിഷേകം ചെയ്തു! ഈശ്വരാ; ആകാശം മുട്ടുന്ന മുഖസ്തുതികൾ; ഹൃദയം കവരുന്ന മധുരോക്തികൾ;—എല്ലാം അന്നേരത്തേയ്ക്കുമാത്രം! പിന്നീടോ? ആരും ഒന്നും അന്വേഷിക്കാറേയില്ല; ആരും തന്നെ ഒന്നു സ്മരിക്കുന്നുപോലുമില്ല; കഷ്ടം; മാവിൻചുവട്ടിലെ ചിററം! നന്ദികെട്ട ലോകം!! അല്ലെങ്കിലോ? ആ കാമലോലുപരുമായി അവൾക്കെന്തുകാര്യം? കേവലം ജഡികമായ, ക്ഷണികമായ ഏതാനും നാണയങ്ങൾക്കുള്ളിൽമാത്രം ഒതുങ്ങിയ, ഒരു ബന്ധം! അത്രതന്നെ, അതും അവിടെത്തന്നെ അവസാനിക്കുന്നു. ആ രംഗങ്ങളെല്ലാം അവൾ ഓർത്തു.

വാസ്തവം; ആ നാറിയ ജീവിതരീതി അവൾക്കിഷ്ടമായിരുന്നില്ല;—തീരെ സുഖകരമായിരുന്നില്ല. ആ നരകക്കുണ്ടിൽനിന്നും കരകയറാൻ അവൾ ആശിച്ചു. എങ്കിലും, എന്തുചെയ്യാം! അവൾക്കതു സാദ്ധ്യമായില്ല.

ആ തൊഴിൽ അവൾ ശീലിച്ചുപോയി; വയററുപിഴപ്പിനു വേറെ വഴിയില്ലാതായിപ്പോയി; കഷ്ടം!

മല്ലിക;—ഒരു സമസ്തലോകബന്ധു;—ഒരു വാസവദത്ത; അതു പ്രസിദ്ധമാണ്. എങ്കിലും അവൾക്കും ഒരു ഹൃദയമുണ്ട്; സ്നേഹാത്മകമായ ഒരു ഹൃദയം! സദാ അതു കേണുകൊണ്ടിരുന്നു, ശാശ്വതമായ ഏതോ ഒന്നിനു വേണ്ടി;-സമാശ്വാസപ്രദമായ ഏതോ ഒരു അജ്ഞാതവസ്തുവിനുവേണ്ടി;— അവൾ അഭിവാഞ്ഛിച്ചു, ഒരു സ്നേഹഭാജനത്തെ; അവളുടെ ജീവിതരഹസ്യങ്ങളെല്ലാം നിക്ഷേപിക്കാൻ-അവൾ ആശിച്ചു,—അന്വേഷിച്ചു,-വിശ്വസ്തനായ ഒരു കൂട്ടുകാരനെ;—അവളുടെ സുഖാസുഖങ്ങളെല്ലാം പങ്കുവയ്ക്കാൻ അവൾ പലരേയും സ്നേഹിച്ചുനോക്കി;—അവരെല്ലാം അവളെ വഞ്ചിച്ചു. അവൾ പലക്കും വിധേയയായി;-എല്ലാവരും അവളെ പരിത്യജിച്ചു. കഷ്ടം; അവൾ ആശിച്ച ഒരു സ്നേഹം,—ഒരു സത്യം-ഒരിടത്തും അവൾ കണ്ടില്ല. ഈ ലോകത്തിൻെറ ആത്മാർത്ഥതക്കുറവിൽ അവൾ പരിതപിച്ചു. നൈരാശ്യഗർത്തത്തിൻെറ അടിത്തട്ടോളം അവൾ താണു. 'ഇനിയും എങ്ങനെയെങ്കിലുമാകട്ടെ;—ഒന്നുകിൽ ജീവിതം തുലയട്ടെ;—അല്ലെങ്കിൽ, തുലയാതിരിക്കട്ടെ.......!' എന്നിങ്ങനെ ഒരു അലസമനോഭാവമായി അവൾക്ക്. ആ ജീവിതപാഴ്പുഴ,—ചളിയും ചവറും നിറഞ്ഞ ആ കാട്ടാറ്, അങ്ങനെയങ്ങ് ഒഴുകി!

എന്നാൽ, ഇന്നോ? അവൾക്ക് എന്തോ ഒരു മാററം;—അവളുടെ മുഖത്തു ഒരു പ്രസാദം; ഹൃദയത്തിൽ

ഒരു കുളിർമ്മ;— ഒരു ആശാങ്കുരം! അവളിതേവരെ കൊതിച്ചുകൊണ്ടിരുന്ന സ്നേഹാമൃതം, ഒരു അപങ്കില സുഖം, ആ യുവാവിൽനിന്നും ലഭ്യമാകുമെന്ന് അവൾക്കു ഇന്നൊരുതോന്നൽ. ഹാ, മല്ലിക;-മരുമരീചികയിൽ ഉഴറിക്കുഴങ്ങിയ ആ മാൻപേട;—അവൾ സമാശ്വാസപൂർവം ഒന്നു നിശ്വസിച്ചു! അമ്പോ, അവളുടെ ആശാപാശത്തിൻെറ നീളം!!

സുധാകരൻ— അവനൊരു സുന്ദരൻ; സുമുഖൻ; അവൻെറ സംഭാഷണം മധുരമയം; മന്ദസ്മിതം മനോഹരതമം, നോട്ടമോ ഉദ്വേഗജനകം. ആവേശത്തോടെ അവൾ അവനെ നോക്കി, ആ നയനകുഡ്മളങ്ങൾ രാഗപ്രസരണത്താൽ വിടൎന്നു. അവളുടെ ഹൃദയസിരകൾ കുളിൎന്നു.

മല്ലിക-ഒരു ഒന്നാതരം സംഗീതവിദുഷി. അവൾ വീണവായിച്ചു; പാടി;—ഹാ മധുരമോഹനമായ സംഗീതസുധാധാര! ഹൃദയലംപ്ലുതയാൽ, ഒരു പഞ്ചവൎണ്ണക്കിളിയേപ്പോലെ അവൾ കൊഞ്ചി-സല്ലപിച്ചു! എല്ലാം സുധാകരനെ രസിപ്പിക്കാൻ; അതേ, അതിനുതന്നെ; ആ 'വല്ലഭപ്രിയത്തിനു' വേണ്ടിമാത്രം! അവനോ, ആ സരസസല്ലാപരസത്തിൽ മുഴുകി; ആ സംഗീതാമൃതപ്രവാഹത്തിൽ ആറാടി. അവളുടെ ആ ചിന്നിച്ചിതറിയ അളകാഞ്ചലം അവൻ തടവിഒതുക്കി. ആ പൂങ്കവിളിലും കണ്ണിലും തഴുകി. അധരപുടത്തിൽ ചുംബിച്ചു. അവൻെറ കരവലയത്തിൽ അവൾ സല്ലീലം ഒതുങ്ങി, ആ വിരിമാറിൽ അവൾ തല ചായിച്ചു. ഈ ലോകംതന്നെ അവർ വിസ്മരിച്ചു!

നേരം ഏറെയായി. ആ സുഖലഹരിയിൽനിന്ന് അവർ ഉണർന്നു. ആ ദീപപ്രകാശത്തിൽ സുധാകരന്റെ കണ്ണുകൾ അവിടെ അങ്ങിങ്ങായി അലസഗമനംചെയ്തു; ആ ഭിത്തിയിൽചെന്നു പതിഞ്ഞു. ഒരു ഛായാപടം, ഒരു സുന്ദരിയുടെ ഛായാപടം, അവിടെ ഒരു ആണിയിൽ തൂങ്ങുന്നുണ്ടായിരുന്നു. അവൻ അങ്ങോട്ടുനടന്നു; അതു കൈയ്യിലെടുത്തു. ആ ഛായാചിത്രത്തിലും മല്ലികയുടെ മുഖത്തിലും അവന്റെ ലോചന ഭ്രമരങ്ങൾ മാറിമാറിപറന്നു. അവന്റെ ചുണ്ടുകൾ വിടർന്നു. അവൻ സസ്മിതം ചോദിച്ചു: "ഈ ഫോട്ടോ മല്ലികയുടേതല്ലേ? "

"അല്ല" അവൾ പറഞ്ഞു.

"പിന്നെ?"

"എന്റെ അമ്മയുടെ" ആ സ്വരത്തിൽ ഒരു വ്യസനച്ഛായകലർന്നിരുന്നു.

"അമ്മയുടേതാ?" ആശ്ചര്യാകലമന്ന ഒരു ചോദ്യം.

"അതെ; അമ്മയുടെ ചെറുപ്പത്തിലെടുത്തത്."

"എന്നിട്ടമ്മയെവിടെ?"

"അമ്മയിപ്പോളില്ല; എന്റെ കുട്ടിക്കാലത്തുതന്നെ അമ്മ മരിച്ചുപോയി"

അവളുടെ നിറഞ്ഞ കണ്ണുകൾ സാരിത്തുമ്പുകൊണ്ട് അവൾ തുടച്ചു.

സുധാകരൻ, ആ തുടുത്ത കവിളിലും കണ്ണിലും സഹതാപകലങ്കനേക്കി, മറന്നുകിടന്ന ഒരു കാര്യം അകാരണമായി ഓർമ്മപ്പെടുത്തി. അവളെ ഉന്നോവിച്ചുപോയതിൽ അയാൾ വ്യസനിച്ചു. എങ്കിലും, അയാൾക്കൊരു

ജിജ്ഞാസ;-മറെറാരു വിവരം കൂടെ അറിയാൻ. തെ ല്ലൊരു പരുങ്ങലോടെ അയാൾ ചോദിച്ചു: "അപ്പോ ൾ മല്ലിക തനിച്ചാണോ ഇവിടെ താമസം?"

"അതേ, കുറേനാളായിട്ട്."

"അതുവരെ..........?"

മല്ലിക തലതാഴ്ത്തിനിന്നു; ആ മുഖത്തു ദുഃഖത്തി ൻെറ നിഴൽ പരന്നു. തെല്ലുനേരം കഴിഞ്ഞ് അവൾ തല ഉയർത്തി; ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു:— "മുഖസ്തുതിയല്ല; കള്ളവുമല്ല; എന്തോ, ജന്മജന്മാന്തരങ്ങ ളിലെ ഒരു ബന്ധം എനിക്കവിട്ടത്തോടുതോന്നുന്നു. അ തുകൊണ്ടിതാ ഞാൻ എൻെറ സകല രഹസ്യങ്ങളും തു റന്നു പറയുന്നു. എനിക്കതിൽ സങ്കോചമില്ല; മടിയു മില്ല. എൻെറ കൂടെ ഒരാൾ ഉണ്ടായിരുന്നു; ഇന്നാൾ വ രെ; ഒരു വൃദ്ധ. എൻെറ ഈ ഭാഗ്യംകെട്ട നാവ്, അ വരെ 'അമ്മ' എന്നു വിളിച്ചുവന്നു;—അതേ, അമ്മയെ ന്നുതന്നെ. എൻെറ അമ്മയുടെ മരണശേഷം അച്ഛ നും ഏറെനാൾ ജീവിച്ചിരുന്നില്ല. ഒരു അമ്മാവൻ എ നിക്കുണ്ടായിരുന്നു; നിഷ്കൃപനായ ഒരമ്മാവൻ. അയാ ളുടെ രക്ഷയിലായി ഞാൻ. അയാൾ എന്നെ ഒരു സ്ത്രീ യുടെ ചുമതലയിൽ ഏല്പിച്ചു;—കേവലം ഒരു ധൂർത്തയു ടെ. കഷ്ടം; അവർ എന്നെ ഇന്നത്തെ ഈ നിലയിലാ ക്കി! അതേ അതു ഞാനെന്തിനു മറയ്ക്കുന്നു! എനിക്കു യാതൊന്നും അറിഞ്ഞുകൂടാത്തകാലം. അവർ, എന്നെ വാൽസല്യപൂർവം വളർത്തി; പള്ളിക്കൂടത്തിലയച്ചു; പാ ട്ടു പഠിപ്പിച്ചു; എനിക്കിഷ്ടമുള്ളതെല്ലാം തന്നു,—ആ ന

ന്ദി എനിക്കുണ്ട്";—എങ്കിലും പോകട്ടെ;—ഞാൻ അവരെ സ്നേഹിച്ചു. അമ്മയെന്നു വിളിച്ചു. അങ്ങനെ ഞാൻ വളൎന്നു. എനിക്കു പതിനഞ്ചു പതിനാറു വയസ്സായി. ഈ ലോകത്തിൻെറ കപടതകളുണ്ടോ ഞാനറിഞ്ഞു? ഞങ്ങളുടെ താമസസ്ഥലത്തു ചെറുപ്പക്കാർ ചുററിക്കൂടി ത്തുടങ്ങി, ചിത്രശലഭങ്ങളേപ്പോലെ പല തരത്തിലുമുള്ളോർ! എന്തിനു ഞാൻ ലജ്ജിക്കുന്നു-ഞാൻ അവൎക്കെല്ലാം ഒരു കൗതുകവസ്തുവായി;—ആ ധൂൎത്ത എന്നെ പ്രേരിപ്പിച്ചു; ചുററുപാടുകളും സൃഷ്ടിച്ചു; എനിക്കും ഒരാനന്ദം തോന്നി! ആ ചെറുപ്പക്കാർ ഞങ്ങൾക്കു പണവും ധാരാളം തന്നുകൊണ്ടിരുന്നു. ആ മിനുക്കത്തിൽ, ആ കുലുക്കത്തിൽ എൻെറ കണ്ണും ചെവിയും മയങ്ങി. കഷ്ടം; എൻെറ തലയിലെഴുത്തുതന്നെ; ഞാനിതെല്ലാം അനുഭവിക്കേണ്ട മഹാ പാപിനിതന്നെ!-അല്ലാതെന്തു പറയട്ടെ;—ആ ആനന്ദം ഏറെനാൾ നിലനിന്നില്ല. എൻെറ ആരോഗ്യം നശിച്ചു; ഞാൻ ദീനം പിടിച്ചു കിടപ്പായി. കിട്ടിയ പണമെല്ലാം തീൎന്നു. ആ കാമുകന്മാരെല്ലാം എന്നെ കൈവിട്ടു;—നന്ദികെട്ട ലോകം!—ആ ധൂൎത്ത,—ആ മഹാപാതകി പോയെട്ടത്തു ഗുന്നം പിടിക്കാതിരിക്കട്ടെ;—അവരും മരിച്ചു! എൻെറ ദൈവമേ, എൻെറ ആ ദയനീയനില! ഞാൻ എങ്ങനെ കഴിയും? എൻെറ വയറു പൊരിഞ്ഞു; ഞാൻ ആത്മഹത്യക്കു ഒരുങ്ങി. എന്നാൽ, ഏതോ ഒന്നു എന്നെ തടഞ്ഞു. എൻെറ ധൈൎയ്യം പൊയ്പോയി. പക്ഷേ, എൻെറ ജന്മാന്തരദുരിതം ഒടുങ്ങിയിട്ടില്ലായിരിക്കാം! എൻെറ കൎമ്മവാസനനീണ്ടു. പിന്നെയും ഞാൻ അങ്ങിനെയങ്ങു ജീവിക്കുകയായി!"

മല്ലിക മൌനമായി ഇരുന്നു. അവളുടെ കവിളിൽ കണ്ണുനീർച്ചാലുകൾ കാണായി. സുധാകരൻ വ്യസനിച്ചു, എന്നാൽ, അയാൾ ഒന്നും മിണ്ടിയില്ല; എന്തുകൊണ്ടോ അയാൾ അതിനു ശക്തനായില്ല;—അയാളുടെ മനസ്സമാധാനം മുഴുവൻ നശിച്ചുപോയി. തെല്ലുനേരം കഴിഞ്ഞു ഒരു നെടുവീർപ്പിട്ടുംകൊണ്ടു അവൾ തുടൎന്നു:—

"കഷ്ടം; അവിടുത്തെ ശാന്തശീതളമായ ഹൃദയം ഞാൻ ക്ഷുബ്ധമാക്കി;—നോവിച്ചു;— ക്ഷമിക്കണേ;—പക്ഷെ, ഞാനിതൊന്നും അവിടുത്തോടു പറയേണ്ടിയില്ലായിരുന്നു; എങ്കിലും—" അവൾ നിറുത്തി. പിന്നെയും കുറെ നേരം മിണ്ടാതിരുന്നു. അവൾക്കു അതിദുസ്സഹമായ ഹൃദയവേദനയുണ്ടായി. ഏറെനേരം അവൾ ആ യുവാവിന്റെ മുഖത്തുതന്നെ ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടിരുന്നു. അവൾ തെരുതെരെ നെടുവീർപ്പിട്ടു. ആ ഹൃദയം തെല്ലൊന്നു സ്വസ്ഥമായി, ഒടുവിൽ, അവൾ തുടൎന്നു:—

"ഞാൻ സത്യം പറയുകയാണു്; എന്താണോ ഒന്നു എന്നെ പ്രേരിപ്പിക്കുന്നു, ഇതൊക്കെ അവിടുത്തോടു് ഇങ്ങനെ പറയാൻ. അപരാധമെങ്കിൽ ക്ഷമിക്കണം! അങ്ങ് ഒന്നു ഓൎത്തുനോക്കുമല്ലോ,—എന്റെ ഈ ഹൃദയവേദന ഞാൻ എത്രനാൾ അടക്കിക്കൊണ്ടിരിക്കും? എത്രകാലം ഞാൻ ഈ ദുരിതഭാരം താങ്ങിക്കൊണ്ടിരിക്കും? ഇതുവരെ എന്റെ തല വിങ്ങുകയായിരുന്നു. എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്, 'ഞാൻ ഹൃദയം പൊട്ടിച്ചത്തുപോവുകയില്ലേ'യെന്നു്! ഞാൻ പലപ്പോഴും ആശിച്ചിട്ടുണ്ടു്, അങ്ങനെതന്നെ സംഭവിക്കണമെന്നു്! എ

ന്നാൽ, ഇന്നോ? എനിക്കിന്നൊരു വലിയ ആശ്വാസം. എൻെറ ഹൃദയഭാരം കുറഞ്ഞു:—എൻെറ ജീവിതാശ, തലപൊക്കുന്നു!"

അവൾ പറഞ്ഞുനിറുത്തി. എല്ലാം സുധാകരൻ നിശ്ശബ്ദമായി ഇരുന്നു കേട്ടു. എന്തുപറയേണ്ടൂ എന്നറിയാതെ അയാൾ കുഴങ്ങി. ഒരു സമാശ്വാസവചനത്തിനായി അയാൾ നിഷ്ഫലം ശ്രമിച്ചു. അയാളുടെ നാവിൽനിന്നും ഒരൊററ അക്ഷരംപോലും പുറപ്പെട്ടില്ല. അവർ പരസ്പരം കണ്ണിൽ നോക്കിക്കൊണ്ടിരുന്നു. അങ്ങനെ എത്രനേരം കഴിഞ്ഞെന്നു രണ്ടുപേർക്കുമില്ല നിശ്ചയം. ഒടുവിൽ, സമീപത്തെവിടെയോ പാതിരാക്കോഴി കൂവുന്നതുകേട്ടു. ആ യുവാവു ഞെട്ടിയെണീററു. "ആഹാ, പാതിരാത്രിയോ? നേരം പോയതു ഞാനറിഞ്ഞില്ല" എന്നിങ്ങനെ അയാൾ അമ്പരപ്പോടെ പറഞ്ഞു; കവാടദ്വാരത്തിലേയ്ക്കു കണ്ണോടിച്ചു; അവളുടെ മുഖത്തു, നേരെ നോക്കാതെ നിന്നു അയാൾ മനസ്സില്ലാമനസ്സോടെ ഉച്ചരിച്ചു:—

"ഞാൻ.......പോ....കട്ടെ........!"

കല്ലിക, അയാളെ ദയനീയമായി ഒന്നു നോക്കി. അവളുടെ കണ്ണുകൾ നിരാശാഭരിതമായി. അവൾ സവ്യസനം ചോദിച്ചു:—"വളരെ ദൂരം പോണോ?" "വേണ്ടാ......!" അയാളുടെ ശബ്ദം ഇടറി. ഒരു നിമിഷം അയാൾ നിശ്ചലനായി നിന്നു; എന്തോ ചിന്തിച്ചു; വളരെ പതുക്കെഅവളുടെ സമീപമെത്തി; പൃഷ്ഠഭാഗത്തുനിന്നു്, ആ പൃഥുനിതംബിനിയെ ആലിംഗനം ചെയ്തു;

മെല്ലെ തല പിടിച്ചു തിരിച്ചു; കപോലത്തിലും കണ്ഠത്തിലും ചുംബിച്ചു; കൊഴുത്തു കോമളമായ സ്കന്ധത്തിൽ, ഒരു ദന്തക്ഷതമേല്പിച്ചു. ഒരു സീൽകാരത്തോടെ അവൾ ചുളിഞ്ഞു. അവളുടെവക്ഷസ്സിൽ അയാളുടെ കൈകൾ ചരിച്ചു! "ഞാൻ പോകട്ടെ..." അയാൾ പിന്നെയും സഗദ്ഗദം ചോദിച്ചു. "വേണ്ടാ ..!" അവൾ പറയാൻ ഭാവിച്ചു. എന്നാൾ, അവളുടെ ശബ്ദം പുറപ്പെട്ടില്ല;—അല്ല, അവളുടെ അധരപുടം വിടർന്നതേയില്ല! അവൾ ഒന്നു നിശ്വസിക്കുമാത്രം ചെയ്തു. യഥാർത്ഥമായ ഒരു വിരഹവേദന അവൾക്കു തോന്നി. മനസ്സുകേടോടെ, വ്യസനഭാരത്തോടെ, അവൾ കതകു തുറന്നുകൊടുത്തു. എന്നാൽ അയാൾ പോയില്ല;—പോകാൻ അയാൾക്കു മനസ്സു വന്നില്ല. അയാൾ തിരിഞ്ഞു നിന്നു; അവളുടെ സാരിത്തുമ്പു പിടിച്ചെടുത്തു അതിൽ എന്തോ ഒന്നു വച്ചു, കെട്ടിക്കൊടുത്തു. "ഇപ്പോൾ ഇതിരിക്കട്ടെ!" അയാൾ പതുക്കെ പറഞ്ഞു. അവളെ ഒന്നുകൂടെ ചുംബിച്ചു. ആ കൈത്തണ്ടിൽ മൃദുവായി ഒന്നു നുള്ളി,—അയാൾ നടന്നു!

മല്ലിക, ആ കെട്ടഴിച്ചു., ആ ദീപപ്രകാശത്തിൽ അതു മിന്നിത്തിളങ്ങി!—ഒരു വെള്ളിനാണയം,-ഒരു രൂപാ! അതു തിരിയെ കൊടുത്തുകളയാൻ അവൾ വിചാരിച്ചു. എന്നാൽ മറ്റേതോ ഒരു ചിന്ത അവളെ തടഞ്ഞു. അയാൾ തെറ്റിദ്ധരിച്ചെങ്കിലോ എന്ന് അവൾ , ഭയന്നു. സുധാകരൻ പടി കടന്നു. മല്ലിക അയാളെ പിൻതുടർന്നു കുറേ നടന്നു. അവൾ ആവേശപൂർവം ചോദിച്ചു:—

"ഇനിയെപ്പോൾ വരും....?"

"നാളെ–!"

അയാൾ രാജപാതയിലെ ഇരുളിൽ മറഞ്ഞു. മല്ലിക ഒരു 'നെടുവീർപ്പുമിട്ട്', വാതൽ അടച്ചു സാക്ഷായിട്ടു! ആ രാത്രി, മല്ലിക ഉണ്ടില്ല, ഉറങ്ങിയില്ല, അവളുടെ ജീവിതമഹാഗ്രന്ഥത്തിന്റെ പഴയ ഏടുകളെല്ലാം അവൾ തിരിച്ചും മറിച്ചും നോക്കി. അതിലെങ്ങും കാണാനില്ലാത്ത, അവളൊരിക്കലും സ്മരിച്ചിട്ടേയില്ലാത്ത, ഒരു മഹാനിർവൃതി അവളുടെ ഉള്ളിൽ! അവൾ പരമാനന്ദം കൊണ്ടു വികസിച്ചു. അവർണ്ണനീയമായ ശാന്തിസാഗരത്തിൽ അവൾ മുങ്ങിപ്പൊങ്ങിക്കിടന്നു!

ഓ! ഒരു വിധത്തിൽ അവൾനേരം വെളുപ്പിച്ചു. പ്രഭാതത്തിനു മുൻപുതന്നെ അവൾ കുളികഴിച്ചു; തിലകംതൊട്ടു; സുഗന്ധതൈലം പൂശി; ശുഭ്രവസ്ത്രം ധരിച്ചു;–പോരാ, അവൾ ഒരു ദേവാംഗനയെപ്പോലെ ചമഞ്ഞു. കണ്ണാടിനോക്കി, മന്ദസ്മിതം തൂവി; അവൾ തന്റെ 'ദേവന്റെ' വരവും പ്രതീക്ഷിച്ചു അങ്ങനെ ഇരിപ്പായി!

സുധാകരന്റെ തലവട്ടം അവൾ വളരെ അകലത്തിൽവച്ചുതന്നെ കണ്ടു. ആഹ്ളാദപൂർവ്വം അവൾ ഓടിയടുത്തു; സസ്നേഹം സ്വാഗതം ചെയ്തു. അവൾ അത്യന്തം ഉല്ലാസഭരിതയായി. ഒരു പൂമ്പാററയെപ്പോലെ അവൾ ചരിച്ചു; ഒരു പച്ചക്കിളിയെപ്പോലെ ചിലച്ചു; അവൾ തന്റെ കാമുകനെ ഉചിതമാംവണ്ണം ഉപചരിച്ചു. അയാൾക്കാഗ് ഏതാണിഷ്ടമെന്ന് അവൾ സ്വ

യം അറിഞ്ഞു. അവൾ വീണ വായിച്ചു; പാട്ടുപാടി; അവർ പ്രേമസല്ലാപം ചെയ്തു; ആനന്ദിച്ചു; അചിന്ത്യമായ സ്വർഗ്ഗീയാനന്ദത്തിൽ ലയിച്ചു!

ഉദയാസ്തമയങ്ങൾ അങ്ങനെ കഴിഞ്ഞു. സുധാകരൻ മല്ലികയുടെ മന്ദിരത്തിൽ ചെല്ലാത്ത ദിവസങ്ങളില്ലാതായി. ചിലപ്പോൾ, ചില രാത്രികാലങ്ങളിൽ, അവിടെനിന്നും പോകാതെയുമിരുന്നു. അത്രമേൽ അവരുടെ പ്രേമബന്ധം ദൃഢതരമായി തീർന്നു.

സുധാകരൻ ഒരു കുബേരകുമാരനോ? അതോ, മായാവിയോ? എന്തോ! അവൻ തൻെറ പ്രണയിനിക്കു പണവും പണ്ടങ്ങളുമൊക്കെ ധാരാളമായി കൊടുത്തുകൊണ്ടിരുന്നു പല വിശിഷ്ടസാധനങ്ങളും അവൾക്കു കാഴ്ച വച്ചുകൊണ്ടിരുന്നു. എന്നാൽ പലപ്പോഴും അവൾ വിചാരിച്ചിട്ടുണ്ട്, അതിൻെറയൊന്നും ആവശ്യം അവൾക്കില്ലെന്നുപറയാൻ!—ഈ പാരിതോഷികങ്ങളൊന്നുംകൂടാതെതന്നെ 'സ്നേഹം' സുസ്ഥിരമാണെന്ന് അവനെ മനസ്സിലാക്കാൻ. എന്നാൽ, അവൾ ഭയന്നു, അങ്ങനെ വല്ലതുംചെയ്തുപോയാൽ അതു തൻെറ പ്രേയാനു അനിഷ്ടകരമായിത്തീർന്നുപോയെങ്കിലോ എന്ന്! അതു അയാളെ വേദനപ്പെടുത്തിപ്പോയെങ്കിലോ എന്ന്!— അവൾക്കതിനു ധൈര്യം വന്നില്ല; അവൾ മൗനം ഭജിച്ചുകളഞ്ഞു!

പിന്നെയും മാസങ്ങൾ പലതു കഴിഞ്ഞു. അന്ന്, ഒരുദിവസം സുധാകരൻ അവിടെ ചെന്നില്ല. കേവലം അപ്രതീക്ഷിതമായ ഒരു സംഭവം! മല്ലിക വ്യസനിച്ചു. അവൾ അക്ഷമയോടെ കാത്തിരുന്നു; അവളുടെ ഹൃദയം അ

സ്വസ്ഥയായി, മണിക്കൂറുകൾ പലതും അവൾ വ്യസനപരവശയായി തള്ളിക്കഴിച്ചു; ദീനയായി നെടുവീർപ്പിട്ടു; വിങ്ങിവിങ്ങി കരഞ്ഞു. വിരഹവേദനയുടെ മൂർച്ഛ ജീവിതത്തിൽ അന്ന് ആദ്യമായി അവൾ അറിഞ്ഞു.

ഒന്നല്ല, രണ്ടല്ല, നീണ്ട ദിവസങ്ങൾ നാലു കഴിഞ്ഞു. സുധാകരനെ കാണാനേയില്ല. മല്ലികയുടെ മനം വിണ്ടു; അവൾ നിരാശാഗർത്തത്തിൽ ആണ്ടു; പലതും അവൾ വ്യാകുലപൂർവ്വം ചിന്തിച്ചു— "കഷ്ടം;— ഇതെന്താണ്; യാതൊന്നുമറിയുന്നില്ലല്ലൊ;—വല്ല സുഖക്കേടുമായിരിക്കുമോ? ഇല്ല; അദ്ദേഹം പരിപൂർണ്ണമായും ആരോഗ്യവാനാണല്ലോ. അദ്ദേഹം എന്നിൽ വിരക്തനായിരിക്കുമോ? പക്ഷേ, അങ്ങനെ വന്നേക്കാം— മിക്കവാറും പുരുഷന്മാർ ഇങ്ങനെയൊക്കെയാണ്; എന്നാൽ അദ്ദേഹം ആ തരക്കാരനല്ല. ഒന്നോർത്താൽ, അദ്ദേഹം എനിക്കു ആരാണ്?—ഓ, ആരുമല്ലല്ലൊ! എനിക്കു അദ്ദേഹത്തോടു എന്തു ബന്ധം? ഒന്നുമില്ല;—മററനേകം യുവാക്കന്മാർ ഇതേവരെ എനിക്കു ആരായിരുന്നു;— അതിലൊന്നുമാത്രം അദ്ദേഹവും! എന്നാലും, എനിക്കനിഷ്ടമായി ഒന്നും തന്നെ പറഞ്ഞിട്ടില്ല; പ്രവർത്തിച്ചിട്ടുമില്ല. പിന്നെ, എന്തിന് ഞാൻ അദ്ദേഹത്തെ വൃഥാ പഴിക്കുന്നു? എന്തിന് അങ്ങനെയും ഒരു മഹാപാപം വലിച്ചുവയ്ക്കുന്നു?— എന്റെ ദൈവമേ,—ഇതെന്തു്? എന്റെ ഹൃദയം ആ കോമളനുവേണ്ടി കേഴുന്നല്ലൊ!—ഹാ, —ഞാനെന്താണു ചെയ്യുക?—"

മല്ലികയ്ക്കു തീരെ മനസ്സമാധാനമില്ലാതായി. അവൾ

പലതും ചിന്തിച്ചു. ഒടുവിൽ, അവൾ ഒരുവിധം ധൈര്യം കൈക്കൊണ്ടു, സുധാകരനെ സ്വയം തേടിത്തിരയാൻ തീർച്ചപ്പെടുത്തി. പലപ്പോഴും അയാൾ തന്റെ വാസസ്ഥലത്തെപ്പററി അവളോടു സംസാരിച്ചിട്ടുണ്ട്. അതെല്ലാം അവൾക്കു ഓർമ്മയുമുണ്ട്. ആ ലക്ഷ്യം വെച്ചുകൊണ്ടു അവൾ പുറപ്പെട്ടു; ആ നഗരത്തിൽക്കൂടെ അവൾ നടന്നു,— ആഹാ, സ്നേഹത്തിന്റെ പേരിൽ ഒരു തീർത്ഥയാത്ര! അവൾ ഒരു വീട്ടിന്റെ നടയിൽ ചെന്നു നിന്നു. അതിന്റെ ലക്ഷണങ്ങളെല്ലാം, അയാൾ പറഞ്ഞിട്ടുള്ളതുതന്നെ. എന്നാൽ, അവിടെയാതൊരു ആളനക്കവുമില്ല; ആ പടിപ്പുര തുറന്നിട്ടുപോലുമില്ല. അവിടെ ഒരു ബോർഡ്, എഴുതി തൂക്കിയിട്ടുണ്ട്; ഇംഗ്ലീഷ് അക്ഷരങ്ങളിൽ! "K. S. Kur H. M. B" [കെ. എസ്. കർ, എച്ച്. എം. ബി] അവൾക്കു ഒന്നും മനസ്സിലായില്ല; അവൾ നിരാശയോടെ അങ്ങോട്ടു നോക്കി നിന്നു; നെടുവീർപ്പുവിട്ടു. എന്തു ചെയ്യുന്നു; എങ്ങോട്ടു പോകുന്നു! അവൾ വിഷാദിച്ചു. ആ പടിപ്പുരവാതുക്കൽ തനിയെ കുത്തിയിരുന്നു.

നേരം ഏറെയായി. അവളുടെ ക്ഷമ നശിച്ചുതുടങ്ങി. പോകാനും ഇരിക്കാനും വയ്യാതെ അവൾ വലഞ്ഞു. എങ്കിലും, എന്തിനു തിരികെ നടന്നുകളഞ്ഞാലെന്തെന്നു അവൾക്കു തോന്നാതിരുന്നില്ല, പക്ഷേ, അതിനു മനസ്സുവന്നില്ല. ആ അവസരത്തിൽ എതിർവശമുള്ള ഇടുങ്ങിയ വഴിയേ ഒരു സ്ത്രീ പുറത്തേക്കു വന്നു. കാഴ്ചയിൽ ഒരു പരിചാരിക,— ഒരു പരിചാരികയുടെ വൃത്തിഹീനമായ വേഷവും ഭാവവുമെല്ലാം! മല്ലിക സാരിത്തുമ്പുകൊണ്ടു കണ്ണും മുഖവും തുടച്ചു. മുഖഭാവം പ്രസ

ന്നമാക്കി. "സഹോദരി, ഈ വീട്ടിൽ ആരെങ്കിലുമുണ്ടോ?" അവൾ ചോദിച്ചു.

"നിങ്ങക്കാരെകാണണം?" സംസ്കാരശൂന്യമായ ഒരു മറുപടി!

മല്ലിക പതുങ്ങി. അവൾ എന്തു പറയും?

"സു......" അവളുടെ നാവിലുദിച്ചു. എന്നാൽ അവളതു പറഞ്ഞില്ല. അവൾ മിണ്ടാതെ നിന്നു. ആ പരിചാരിക വീണ്ടും ചോദിച്ചു–"ആരെ കാണണം? ടാക്കിട്ടറെമാന്വോ? ചക്രം വല്ലതും തരാനൊണ്ടോ....?"

"ഇല്ല; ഒരു കാര്യം പറയാൻ...!" മല്ലിക മന്ദമായി ഉച്ചരിച്ചു.

"വെലപ്പട്ടിവിടെ കാണം....ഇതിലേ വാ..." ഒരു ആംഗ്യത്തോടെ അവൾ മുൻപേ നടന്നു. തുടിക്കുന്ന ഹൃദയവുമായി മല്ലികഅവളെ പിന്തുടന്നു, ആ ഇടുങ്ങിയ വഴിയേതന്നെ അവർ അകത്തുകടന്നു. അഹോ, കേവലം, ശൂന്യമായ ഒരു ഭവനം; ദാരിദ്ര്യദർഭൂതത്തിൻെറ നിവാസരംഗം! ചിന്തിവലയുടെ മഹാസമുദ്രം; അവിടെതയില്ല; പുകയില്ല; ആളില്ല; അനക്കമില്ല. തറയിൽ ഒരു കീറപ്പായയിൽ, ഒരു സ്ത്രീയുടെ കോലംപോലെ ഒരാൾ കിടക്കുന്നു; ഒരുയുവതിതന്നെ. അർദ്ധനഗ്ന, അസ്ഥിമാത്ര! രോഗം കൊണ്ടോ, ദാരിദ്ര്യംകൊണ്ടോ ചാകാറായവൾ. മല്ലികയെ കണ്ടു് അവൾ അമ്പരന്നു; ലജ്ജിച്ചു; വിളറി! അവൾ വളരെവിഷമിച്ചു. ഒന്നു എഴുന്നേല്ക്കാൻ വളരെ പണിപ്പെട്ടു്, മല്ലികയെ ഒരു പുഞ്ചിരിതൂകി സ്വാഗതം ചെയ്യാൻ! ആ നിർജ്ജീമായായ കണ്ണുകൾമല്ലികയെ നഖശിഖാന്തം നോക്കി ഒടുവിൽ. ആ വരണ്ട

കണ്ഠത്തിൽനിന്ന് പുറപ്പെട്ടു:-"എവിടുന്നാ, —അറിയു ന്നില്ലല്ലോ?-"

"ഡാക്ടരദ്ദേഹത്തെ ഒന്നു കാണ്മാൻ വന്നതാണ്"

അതുകേട്ട് ആ രോഗിണി ഒന്നു നടുങ്ങി.

"ഞാനദ്ദേഹത്തിന്റെ ഒരു ഗുണകാംക്ഷി;—എനി ക്കദ്ദേഹത്തെ ഒന്നു കാണണം;... അത്രേയുള്ളു ...!" മല്ലി ക സ്നേഹവും സഹതാപവും കലർന്ന സ്വരത്തിൽ പറ ഞ്ഞു.

ആ രോഗിണി ദീർഘമായി ഒന്നു നിശ്വസിച്ചു."അ യ്യോ..., ഞാൻ വിചാരിച്ചു പോയി അദ്ദേഹത്തിന്റെ കടക്കാർ വല്ലോരുമായിരിക്കുമെന്ന്...!" "അല്ല....!" മല്ലികയുടെ തൊണ്ട വിങ്ങി; ഹൃദയം നൊന്തു.

"സഹോദരി,... ഇങ്ങോട്ടിരിക്കാം... ഇവിടിതൊ ക്കേയുള്ളു....!" ആ സാധ്വസ്ത്രീ തന്റെ കിടക്കയിലേയ്ക്കു മല്ലികയെ ക്ഷണിച്ചു.

ഹാ, മല്ലിക! ആ പ്രണയഭ്രാന്തി! അവളുടെ ഹൃ ദയം ദ്രവിച്ചു. അവൾ അശ്രുവർഷിച്ചു. അവളുടെ പ്രേമോന്മാദം മുഴുവൻ അതിൽ ഒലിച്ചു. ആ തലയി ൽക്കൂടെ എന്തൊക്കെയോ ചിന്തകൾ പാഞ്ഞു:— "ക ഷ്ടം; ഞാനെന്തിനാണ് ഇത്രബദ്ധപ്പെട്ട് ഇങ്ങോട്ടോടി വന്നത്...?... ആരേ കാണാൻ....അദ്ദേഹം എനിക്കാ രു്....?...ആ—!"

അവൾ സ്തബ്ധയായി; തെല്ലിടനിശ്ശബ്ദമായി നി ന്നു; ഒരു നെടുവീർപ്പിട്ടു; അവിടെയെല്ലാം ഒന്നു കണ്ണോ

ഭിച്ചു. അഹോ, ദയനീയം! തൻെറ ജീവിതത്തിലെ പല ഭയങ്കരരംഗങ്ങളും അവൾ ഓൎത്തു. ദാരിദ്ര്യം, ബുദ്ധിമുട്ട്, കഷ്ടപ്പാട്, ഇവയൊക്കെ അവളും അനുഭവിച്ചിട്ടുണ്ട്. എന്നാൽ, ഈ കാണുന്നതോ? ഇതുപോലൊരു ദുരിതം അവൾക്ക് ഊഹിക്കാൻപോലും കഴിഞ്ഞിട്ടില്ല. അവിടത്തെ തൂണും തുരുമ്പും എന്നല്ല ഓരോ മണൽത്തരിയും പറയും, ദാരിദ്ര്യത്തിൻെറ ഘോരയാതന! മനുഷ്യാവസ്ഥയുടെ മഹാദയനീയത! അവളുടെ നയനങ്ങൾ ഇരുളടഞ്ഞു. "ഇതും ലോകം തന്നെയോ ദൈവമേ......! കഷ്ടം, ഇങ്ങോട്ടു വരേണ്ടിയില്ലായിരുന്നു" എന്നു അവൾക്കു തോന്നി. ഒടുവിൽ, സനിശ്വാസം അവൾ ചോദിച്ചു:—

"അദ്ദേഹം എവിടെ പോയിരിക്കുന്നു.......?"

"എൻെറസഹോദരി......എനിക്കറിഞ്ഞുകൂടാ. കുറേനാളായി...... എന്തൊരു കഷ്ടകാലമോ...... മിക്കവാറും അദ്ദേഹത്തെ ഇവിടെ കാണുകയില്ല; ......പിന്നെ, വല്ലപ്പോഴുമൊന്നു വന്നാലായി....; അതോ, പാതിരാത്രിക്കും വെളുപ്പാൻകാലത്തുമൊക്കെ....! ജോലിയിൽ ഒരു ശ്രദ്ധയുമില്ല; എല്ലാം നശിച്ചു......; കടക്കാരെക്കൊണ്ടു വിഷമിച്ചു; അവരുടെ മുഖത്തുനോക്കാൻ ഭയം; അവരോടു അവധി പറയാൻ നാണം; ഞാനെന്തുചെയ്യും......; ഒരു വലിയ ദീനക്കാരി....! ഞാനിപ്പോൾ അദ്ദേഹത്തിനൊരു വലിയ ഭാരം; കഷ്ടം, എൻെറ വിധിയിതായിപ്പോയി" ആ സാധുവിൻെറ തൊണ്ടവിങ്ങി; അവർ തേങ്ങിത്തേങ്ങി കരഞ്ഞു.

മല്ലികയുടെ ഹൃദയംവിണ്ടു; ആ കഷ്ടപ്പാടിന്നെല്ലാം കാരണം ആരെന്നു് അവൾ കണ്ടു. അവളുടെ കണ്ണുകൾ നിറഞ്ഞു; തലയിൽക്കൂടെ എന്തൊക്കെയോ ചിന്തകൾ മിന്നൽപോലെ പാഞ്ഞു. ഏതോ ഒന്നു് അവൾ ഉറച്ചുകഴിഞ്ഞു. ഒരു ഭ്രാന്തിയെപ്പോലെ അവൾ അവിടെനിന്നു്,ഓടി. ആ രോഗിണി അത്ഭുതപ്പെട്ടു. അവൾക്ക ഒന്നും മനസ്സിലായില്ല; അവൾ മിഴിച്ചു നോക്കിക്കൊണ്ടിരുന്നു!

മല്ലിക തൻെറ വസതിയിലെത്തി. അവിടെയുള്ള പണവും പണ്ടങ്ങളുമെല്ലാം അവൾ പെറുക്കിക്കെട്ടി;—മുത്തുമാലകൾ, രത്നമോതിരങ്ങൾ മുതലായി സുധാകരൻെറ പ്രേമോപഹാരങ്ങളൊക്കെ! മററുപ്രകാരത്തിലും അവൾക്കുള്ള സർവസ്വവും! ഒരു തുണ്ടുകടലാസ്സിൽ അവൾ എന്തോ കുറിച്ചു. അതെല്ലാംകൊണ്ടു് അവൾ വീണ്ടും ഓടി ആ രോഗിണിയുടെ അടുക്കലേയ്ക്കു!. ആ ദീനക്കിടക്കയിൽ, ആ കീറപ്പായിൽ, ആ രോഗിണിയുടെ കാൽക്കൽ, മല്ലിക അതെല്ലാം അടിയറവെച്ചു! അവൾ ഒരക്ഷരവും ശബ്ദിച്ചില്ല; അവളുടെ ചുണ്ടുകൾ ചലിച്ചില്ല; കണ്ണുകൾ അശ്രുവർഷിച്ചില്ല:—അവൾ ഒരു പരിപൂർണ്ണവിരക്ത! അവസാനമായി, ഒരിക്കൽക്കൂടെ അവൾ ആ രോഗാർത്തയെ ഒന്നു നോക്കി; അവളുടെ കാലിൽ തൊട്ടു തൊഴുതു് മിന്നൽവേഗത്തിൽ, അവിടെ നിന്നു് തിരിഞ്ഞോടി!—എങ്ങോട്ടോ എന്തോ—!!

x x x x

വളരെ ദിവസങ്ങൾക്കുശേഷം, അന്നുരാത്രി സുധാകരൻ തൻെറ വസതിയിലെത്തി. വിളറി ക്ഷീണിച്ചു

ദേഹം; വാടിയ മുഖം, മുഷിഞ്ഞ വേഷം;--ആകപ്പാടെ ഒരു പിശാചിൻെറ ഭയങ്കരത! അപ്പോൾ, അയാളെ ആരുകണ്ടാലും പേടിച്ചു പോകുമായിരുന്നു!! കൺകുഴിയിലെത്തിയ ആ കൺമണികൾ തുറിച്ച് അയാൾ അവിടമെല്ലാം ഒന്നു പരിശോധിച്ചു. ഒരു വലിയ ഭാണ്ഡവും അതിന്മുകളിൽവച്ചിരിക്കുന്ന ഒരു കത്തും, തൻെറ ഭാര്യയുടെ ശയ്യയിൽ അയാൾ കണ്ടു. ഭാര്യ ഒന്നും മിണ്ടുന്നില്ല; —കണ്ണീരൊഴുക്കുന്നതേയുള്ളു;— അയാൾക്കൊന്നും മനസ്സിലായില്ല. അയാൾ ആ കത്തു കൈയ്യിലെടുത്തു. "മിസ്റ്റർ സുധാകരന്" എന്നു മേൽവിലാസം എഴുതിയിരുന്നു. അയാൾ അതു തുറന്നു; ആവേശപൂർവ്വം അതിൽ കണ്ണോടിച്ചു. ആ കത്തു ഇങ്ങനെയായിരുന്നു:—

"ക്ഷമിക്കണേ! ഈ സാധ്വസഹോദരിയുടെ നേരേ ഞാൻ ചെയ്തുപോയ മഹാപരാധം ക്ഷമിക്കണേ!! ഈ നിർദ്ദോഷിയെ ഞാൻ ദാരിദ്ര്യക്കുണ്ടിൽ തള്ളി; രോഗസമുദ്രത്തിൽ മുക്കി; ഭർത്തൃവിഹീനയാക്കി;— എന്തിന്, ദുരിതഗർത്തത്തിൻെറ അടിത്തട്ടോളം ഞാനവരെ താഴ്ത്തി!— ഘോരാ, ഈ ലോകത്ത് ഒരു ഭർത്തൃമതിയോടു ഒരു പാംസുലയ്ക്കു കഴിയുന്ന സകല ദ്രോഹങ്ങളും ഞാൻ ചെയ്തു. ഈ പാപഭാരം താങ്ങാൻ എൻെറ തലയ്ക്കു കരുത്തില്ല. അവിടുന്ന് എനിക്കു തന്നിട്ടുള്ള പണവും പണ്ടങ്ങളുമെല്ലാം ഇതാ ഞാൻ തിരിച്ചേല്പിക്കുന്നു;—അതിൻെറ ശരിയായ അവകാശിനിയെ;—എൻെറ ഈ ബഹുമാന്യസഹോദരിയെ; അങ്ങ് ഇനിയെങ്കിലും ഇവരെ ദുഃഖിപ്പിരുതു്;—തീരാപാപം ചെയ്യരുതു്! ഞാനോ മഹാ

പാർക്കി; എന്നെ മറന്നുകളയണേ! അങ്ങു് ഈ കത്തു കാണുംമുൻപെ ഞാൻ ഈ ലോകത്തുനിന്നു മറഞ്ഞുകഴിയും!- എനിക്കു 'മാപ്പു'തരുമല്ലോ!- നമസ്കാരം.

"മല്ലിക"

* നവജീവൻ 116 ഇടവം 27.

# ൭. "അഞ്ചാൽ മുദ്ര"

ഞാൻ ഒരു 'പച്ചപ്പരിഷ്കാരി'യാണെന്നു പലരും പറയാറുണ്ടു്. എന്റെ 'ഫാഷനബിൾ ഡ്രസ്സും' പൊടിമീശയും, 'സിന്ദൂര'പ്പൊട്ടും, കണ്ണിൽ പിടിക്കാത്ത അരസികന്മാരാണവരൊക്കെ. ലോകശില്പിയുടെ കരകൌശലചാതുരി കാണാൻ കണ്ണില്ലാത്ത ദിവാന്ധന്മാർ; അവരെന്തെങ്കിലും മോങ്ങിക്കൊള്ളട്ടെ! ആകട്ടെ വന്നാ നഷ്ടം! ഒരു കാര്യം ചെയ്യാം; ജന്മനാ ഞാൻ ഒരു സൌന്ദര്യാരാധകനാണു്. അതുകൊണ്ടു തന്നെ ഞാനിങ്ങനെ "അനാഘ്രാത പുഷ്പ"മായി കഴിയുന്നതും! ഹാ, അതിന്റെ ഒരു രസം,—സ്വയംകൃതമായ ഒരു അഭിമാനം,—എന്നെപ്പോലുള്ളവർക്കേ അറിഞ്ഞുകൂടൂ! യോഗീശ്വരന്മാരെപ്പോലെ, തടവില്ലാതെ എവിടെയും പ്രവേശനം; സകലമാനപേരുടേയും സ്നേഹാദരസ്വീകരണങ്ങളും; വിഭവസമൃദ്ധമായ സല്ക്കാരം! ദൈവമേ, ഈ 'ശുക്രദശ' ഇങ്ങനെ തന്നെ നീണ്ടു നില്ക്കുമാറാകണേ!

ഞാൻ പോകാത്ത ഉത്സവസ്ഥലങ്ങൾ ഈ തമ്പുരാന്റെ രാജ്യത്തില്ല; എന്റെ പാദപാംസുക്കൾ പരിപാവനമാക്കിച്ചെയ്യാത്ത സ്ത്രീസമാജങ്ങളുമില്ല. എന്തിനേറെ; നാലുപേർ ഒരുമിച്ചുകൂടിയാൽ അഞ്ചാമനായ ഞാനുമുണ്ടവിടെ!

അക്കാലത്തെ എസ്സ്. എൻ. ഡി. പി. വാർഷികോത്സവം, കോട്ടത്തുവച്ചാണെന്നു കേട്ടപ്പോഠം തന്നെ എന്റെ കാലിളകി. ആരെപ്പോലെന്നോ? വീണവായന കേട്ട നാഗരാജാവിനെപ്പോലെ; ഉത്സവാഘോഷങ്ങളിൽപ്പെട്ട പേടമാൻകണ്ണികളെപ്പോലെ! വന്ദ്യവയോധികനായ മൈസ്സൂർ, ഡാക്ടർ,—അതേ, വീരശ്രീമാനായ ആ സിംഹളസന്തതി; സമുദായത്തിന്റെ കണ്ണിലുണ്ണി, 'സഹോദരൻ; ദേശാഭിമാനി ടി. കെ, സ്വാതന്ത്ര്യചിന്താഗ്രണി,' പെൻഷ്യൻപ്പറ്റിപ്പിരിഞ്ഞ യുവഹൃദയൻ തമ്പാൻ; ലളിതകോമളകാവ്യകാരൻ സി. വി; സരസകവി മൂലൂർ; ദക്ഷിണഭാരതത്തിലെ ആത്മാഭിമാനകേസരി, നായ്ക്കർ; എന്തിനു പണ്ഡിതമദനമോഹനമാളവ്യജി വരെ ഒട്ടനേകം മഹാരഥന്മാരെ ഒരുമിച്ചു കാണാൻ തരംകിട്ടുന്ന, ആ കോട്ടയം കുരുക്ഷേത്രത്തിലെ നവീന ഭാരതായോധനപ്രഹസനത്തെപ്പറ്റി ഓർത്തപ്പോഠം, അക്ഷമകൊണ്ടു് എന്റെ ഹൃദയം പിടഞ്ഞു; ഉദയാസ്തമയങ്ങഠം വേഗം കഴിയാൻ ഞാൻ പ്രാർത്ഥനയായി!

ചിന്നൻ; അവനെപ്പോലൊരു 'പൂരാടച്ചുട്ടി' ഈ ഭൂമുഖത്തില്ല. ഞാൻ പോകുന്നിടത്തെല്ലാം എന്റെ നിഴലാണവൻ. എന്നെ 'കശ്രൂകൃതി'യൊപ്പിക്കുന്നതല്ലാതെ ഒരു തൊഴിലുമില്ലവനു്! ബ്രഹ്മാവു് അറിയാത്ത ഒരു സൃഷ്ടിയാണവൻ; വിഡ്ഢി!

യോഗത്തിന്റെ തലേദിവസം തന്നെ ഞാൻ യാത്രയായി. നല്ല കൂരാക്കൂരിരുട്ടത്തു് അവിടെത്തി. ഒരു തെക്കനായ ഞാൻ വടക്കുനിന്നാണു കോട്ടയത്തു

ഷേന്താതെന്ന പറഞ്ഞാൽ, എനിക്ക് ദിഗ്ഭ്രമമുണ്ടാ യില്ലെന്നു തീർച്ചയല്ലേ? തിരുനക്കര മൈതാനത്തിലെ അല്ലല്ല, ശ്രീനാരായണനഗരത്തിലെ ആ യോഗശാല് ഇന്നും എനിക്ക ദക്ഷിണാഭിമുഖമായിട്ടാണ്. പ്ലാററു ഫാറം വടക്കെ അററത്തു്! ആ പാതിരാത്രിക്കു്, കണ്ണീ നിട്ടു കുത്തിയാലറിയാത്ത ആ കററിരുട്ടത്തു, പണിക്കര തീർന്നിട്ടില്ലാത്ത ആ പന്തലല്ലാതെ ആരാണൊരു ശര ണം? ആ നാശിഹിനിയുടെ 'നീഹാരശീകര ക്ലേശങ്ങളി ൽ നിന്നു സ്വഗർഭത്തിൽ വഹിച്ചു എന്നെ സംരക്ഷി ച്ച ആ യോഗശാലാമാതാവിനു നമസ്കാരം!

പ്രഭാതത്തിൽ തന്നെ സ്നാനാദികർമ്മങ്ങൾ കഴി ച്ചു ഞാൻ തിരിച്ചെത്തി. ആ നവീനനഗരത്തിനു നാ ലുപാടും ഒന്നു ചുററിയടിച്ചു. എനിക്ക വളരെ സ്നേ ഹബഹുമാനങ്ങളുള്ള ഒരു പത്രാധിപരേക്കണ്ടു്, അടു ത്തുചെന്നു. ഒരു 'അരപ്പിരി'അല്ല, ഒരുമിച്ചു 'നാലഞ്ചാ ണി, ഇളകിയ ഒരു്'വിദ്വാൻ അദ്ദേഹത്തെ അലട്ടുന്നു:- "സാറേ, ഞങ്ങളെയൊക്കെക്കൂടെ സഹായിക്കണേ! നി ങ്ങളൊക്കെയല്ലാതെ, ഞങ്ങൾക്ക പിന്നെ ആരുണ്ടു്? വ ല്ലതുമൊക്കെ എഴുതിയയയ്ക്കാം. അതു കൂടൊക്കെ ചേ ക്കണം; ഞങ്ങൾകൂടെ വളരട്ടെ."

പത്രാധിപരവർകൾ ഒരു മന്ദസ്മിതത്തോടെ പറ ഞ്ഞു. "നല്ല ലേഖനങ്ങൾ ഒരുകോളത്തിൽ കവിയാത്ത താണെങ്കിൽ ചേർത്തുകൊള്ളാം"

വിദ്വാൻ:—അയ്യോ, അതൊക്കാതെവരും; രണ്ടു കോളമെങ്കിലുമായിപ്പോകും.

ഇതെല്ലാം കേട്ടു്ഒരു ഉൾച്ചിരിയോടുകൂടി ഞാൻവ

ഭാശാലയിൽ കടന്നു. അത്യുന്നതമായി, അതിമനോഹരമായി, പണി ചെയ്തിരുന്ന ആ പന്തൽ, എന്നെ വിസ്മയാധീനനാക്കി. ഇലവുമരത്തിന്റെ ശാഖകൾപോലെ തട്ടുതട്ടായി, ഉയൎന്നുനില്ക്കുന്ന ആ വിചിത്രസൌധം കണ്ണും കരളുമുള്ളവരെ അത്ഭുതാനന്ദസാഗരത്തിൽ ആറാടിക്കുക തന്നെ ചെയ്തിട്ടുണ്ട്, സംശയമില്ല്യ.

മണി പതിനൊന്നു കഴിഞ്ഞു. പെരിയ കതിനാവെടികൾ മുഴങ്ങി. സഭ തുടങ്ങി. ആ പെൻഷ്യൻജഡ്ജിയുടെ വിജ്ഞേയവും പ്രൌഢഗംഭീരവുമായ 'ഉപക്രമം' രാഷ്ട്രീയസഭയ്ക്കു് ഒരു നവജീവൻ നൽകി. പ്രക്ഷോഭജനകമായ പല പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. വലിയ വാദപ്രതിവാദമായി! 'അൻബദ്ധം വാ സുബദ്ധം വാ, എന്ന 'സൎവ്വശക്തികളും' പ്രയോഗിച്ചു ഞാൻ പലരേയും എതിൎത്തു. എന്നെ എല്ലാരുമറിഞ്ഞു! ആവശ്യവും എനിക്കു അതേ ഉണ്ടായിരുന്നുള്ളു!!

മണിരണ്ടര; വീണ്ടും യോഗം കൂടി. ഒന്നു; രണ്ടു; മൂന്നു! അതേ, മൂന്നു മഹായോഗങ്ങൾ രണ്ടരമണിക്കൂർ കൊണ്ടു്! എസ്സ്. എൻ. ഡി. പി. യുടെ പ്രാരംഭയോഗം കഴിഞ്ഞു; വിദ്യാൎത്ഥിസമാജം കഴിഞ്ഞു, വൈദ്യമഹായോഗമായി. മലയാളം, തമിഴ് സംസ്കൃതം, എന്നല്ല, ഭാരതവൎഷത്തിലെ ഒട്ടനേകം ഭാഷകളുടെ ഒരു 'ഒററമൂലി' പ്രയോഗവും, ആംഗ്ലഭാഷയുടെ ഒരു 'മേമ്പൊടി'യുമായിരുന്നു അദ്ധ്യക്ഷപ്രസംഗം. വിജ്ഞേയമെങ്കിലും വിരസമായ ആ 'സ്പീച്ചു' കേട്ടുകൊണ്ടിരിയ്ക്കാൻ ചെവിയുള്ളവരിൽ ക്ഷമയുള്ളവരില്ലാതെ പോയി!

ഓ! അല്പമൊന്നു നില്ക്കണേ! ഒരു കാര്യം പറയാൻ വിട്ടുപോയി. സാധാരണ, സഭകളില് മററും പോയാൽ 'അലവലാതികളേപ്പോലെ 'പടച്ചിട്ട്' തറയിൽ കിടക്കുന്ന പതിവു പണ്ടേ ഈയുള്ളവനില്ല. കുന്നക്കിൽ കൊണ്ടു പ്രമാണികളോടൊപ്പം 'സ്റ്റേജിൽ' തന്നെ ഒരു 'സീററ്' പിടിക്കും. 'എസ്. എൻ. ഡി. പി.'യേപ്പോലുള്ള മഹൽസമ്മേളനത്തിലാണെങ്കിൽ, പ്രത്യേകം ഞാനതിനൊരു വിദ്യ കണ്ടുവെച്ചിട്ടുണ്ട്; 'മരോട്ടിപ്പക്കി'യുടെ നിറത്തിലുള്ള ആ ഖദർ'വില്ലാ'യും ധരിച്ച്, വണ്ണത്താംകൊണ്ട് ഒരു പൂവും കുത്തി, ഒരു ബങ്കാളിക്കെട്ടുമായി ഞാനും 'വാളൻറിയർ'സൈന്യത്തിൽ ചേരും. പിന്നെ അവിടുത്തെ സർവാധികാരിയുമായല്ലോ!

കോട്ടയത്ത് ആ പണി അത്രവേഗം പററിക്കാൻ എനിക്കു കഴിഞ്ഞില്ല. സ്വദേശികളെ തന്നെ അവർ നേരത്തെ 'കവാത്തു'ചെയ്യിച്ചു നിറുത്തിയിട്ടുണ്ടായിരുന്നു. എങ്കിലും രണ്ടാം ദിവസം, അവിചാരിതമായി ഒരാളിൻെറ ദേഹാസ്വാസ്ഥ്യംമൂലമുണ്ടായ ഒഴിവിൽ വളരെ പണിപ്പെട്ടു പലരുടേയും "താറുതാങ്ങി" ഞാനും കടന്നുകൂടി. എന്നാൽ, അവിടത്തെ സ്ത്രീസമാജത്തിൽ "ആൺവാളൻറിയർ"മാക്കു പ്രവേശനമില്ലെന്നു പിന്നീടേ ഞാനറിഞ്ഞുള്ളു.

ഭൂഗോളം ഒന്ന് ഉരുണ്ടു മറിഞ്ഞു! തലേദ്ദിവസം ഓജഃക്ഷയനായി കാണപ്പെട്ട ദിനേശൻ അത്യുജ്ജ്വലകാന്തിമാനായി ഉദിച്ചുയന്നു. എനിക്കു എന്തെന്നില്ലാത്ത ഒരാനന്ദം! പച്ചപ്പുല്ലുപോലും കരുക്കാത്ത ആ അദ്ദിനവും

നഗരത്തിൽ, ജലകണസ്സ്പർശമേയില്ലാത്ത ആ വിചിത്രതരമായ താമരപ്പൊയ്കയിൽ ഒട്ടനേകം താമരമൊട്ടുകൾ വികസിയ്ക്കുമെന്നറിഞ്ഞു്, എൻെറ മനോഭൃംഗി അമിതാനന്ദതുന്ദിലമായി ചിറകുവിതിത്തു!

"യോഗം" മീററിംഗ്" കഴിഞ്ഞു; ആണായിട്ടുള്ളവനെല്ലാം വെളിയ്ക്കിറങ്ങി അവനവൻെറ പാട്ടിനാക്കിപ്പോയി. എതിർവഗ്ഗത്തിനു പ്രവേശനം നിഷേധിച്ചിരുന്നിട്ടും, തൊലിയ്ക്ക് ഒരു പെരുപ്പും കൂടാതെ ഞാനും എന്നേപ്പോലെ "രജിസ്റ്റർചെയ്ത" കുറെ കാമപാലന്മാരും അവിടെത്തന്നെ അകമ്പടിയായി!

ഹാ! എന്തൊരു നയനാമൃതമായ നഭോമണ്ഡലം. കാർമേഘവും "വെണ്മേഘവു"മെല്ലാം ഇളകി, മന്ദാനിലനിൽ ചാഞ്ചാടി, പൂന്തേൻ മഴ പൊഴിഞ്ഞു! ഇതിനകം, പലേ പൂന്തളിർമേനികളേയും, "സോഡാലമിനീഡ്" കൊണ്ടും മററും പരിചയ്യ്ചെയ്യാനുള്ള മഹാഭാഗ്യവും എനിക്കുണ്ടായി!!

ആ മനോമോഹനമായ മഹായോഗം കഴിഞ്ഞു, സഭാവാസിനികൾ ചിത്രശലഭങ്ങളേപ്പോലെ "വാലെ വാലെ" യോഗശാലവിട്ടിറങ്ങി! ഒഴിഞ്ഞ ഒരു അരികിൽ കൂടെ ഞാനും! അഹോ, താമരപ്പൂവിൽ നിന്നു വണ്ടുകൾ പോലെ വിഭ്രമജനകമായ രണ്ടു "കരിമീൻ കണ്ണു"കൾ അഭിലാഷദ്യോതകമായി എൻെറ നേരേ പാഞ്ഞു! എൻെറ "പൊക്കിളി"ൽക്കൂടെ മേല്പോട്ടു് ഒരു തീ എറിഞ്ഞു. ഞാൻ ഒന്നു ത്രസിച്ചു! "മന്മതിലൊരു

മോഹം മാനനി.......' എന്നു ഞാനറിയാതൊന്നു മൂളിപ്പോയി! പോകട്ടെ; അവരം ഒരു ഇംഗ്ലീഷുവിദ്യാത്ഥിനി'യെന്നും, പേരു "ദേവയാനി"യെന്നും മനസ്സിലാക്കിയതിൽ പിന്നീടേ,—അതു എങ്ങനെയെന്നു ചോദിയ്ക്കേണ്ടാ, ഞാൻ പിന്തിരിഞ്ഞുള്ളു!!

ii

എസ്. എൻ. ഡി. പി. മഹായോഗമഹോത്സവം കഴിഞ്ഞു ഞങ്ങരം വീട്ടിലെത്തിയിട്ട ആഴ്ചകരം രണ്ടുമൂന്നായി. മുൻപിലത്തപ്പോലെ പിന്നെ എൻെറ സമീപത്തെങ്ങും അങ്ങിനെ വരാറില്ല. അതു് ഒരു വലിയ ഉപകാരമായി. വല്ലവിധത്തിലും നാശം ഒഴിഞ്ഞുപൊയ്ക്കൊള്ളട്ടെ എന്നു ഞാനും വിചാരിച്ചു.

അന്നു്, ഒരു മദ്ധ്യാഹ്നത്തിൽ ആയിടെ പുതുതായി ചാർജ്ജെടുത്ത ഒരു അഞ്ചൽ ശിപായി വന്നുകേറി, ഒരു എഴുത്തു് എടുത്തു. "മിസ്റ്റർ ഭാർഗ്ഗവദാസ്,—മാവേലിക്കര" എന്നു വായിച്ചുംകൊണ്ടു് എൻെറ നേരെ നീട്ടി. ആ ചുരുങ്ങിയ മേൽവിലാസത്തിൽ, കൈമറിയാതെ, അതു് എനിക്കുതന്നെ കിട്ടിയതിൽ എൻെറ പ്രസിദ്ധിയേപ്പററി ഞാൻ വളരെ അഭിമാനിച്ചു യാതൊരു പരിചയവുമില്ലാത്ത ആ കൈയക്ഷരം എന്നെ ഉൽക്കണ്ഠാഭരിതനാക്കി,അത്യാത്തിയോടുകൂടി ലക്കോട്ടിയിൽ ഞാനതു തുറന്നു. ആദ്യം അതാരുടേതെന്നു നോക്കി. എന്തു? ഞാൻ സ്വപ്നം കാണുകയോ? എൻെറ കണ്ണുകരം എന്നെ വഞ്ചിക്കുന്നുവോ? ഇതെന്തൊരു മറിമായം ദൈവമേ! പരമാനന്ദം കൊണ്ടു എൻെറ

ഹൃദയം തുടിച്ചു. ഒരു ഉന്മത്തനേപ്പോലെ ഞാൻ തുള്ളിച്ചാടി. എൻെറ കണ്ണുകൾ സന്തോഷാശ്രുക്കൾ പെയ്തു! മനസ്സ് ഒന്നിലും തീരെ ഉറയ്ക്കാതായി. ആദ്യം എന്തു ചെയ്യേണ്ടു! ആ കത്തുവായിച്ചുതീർക്കുകയോ? അതോ ആ "ഫോട്ടോ"യുടെ ഭംഗി കണ്ടാനന്ദിയ്ക്കുകയോ? വിവിധവികാരങ്ങളുടെ സമ്മർദ്ദനത്താൽ എൻെറ തല വിങ്ങി. ഏറെ നേരത്തേക്കു,ഞാൻ ഒന്നിനും ശക്തനായില്ല. ഒടുവിൽ, ഒരു തഞ്ചം വന്നപ്പോൾ,ആ "ഫോട്ടോ" യെടുത്തു ഞാൻ അനേകായിരം തവണ എൻെറ കണ്ണുകളിലണച്ചു; ശക്തിപൂർവം തുടിയ്ക്കുന്ന മാർവിൽചേർത്തു ദൃഢമായി അമർത്തി!, ഒരു തരത്തിൽ ആ കത്തും വായിച്ചുതീർത്തു!—ഹാ, ഹാ! ഓമനേ, പ്രാണേശ്വരീ! ഈ മഹാദുർഭഗനിൽ കാരുണ്യപീയൂഷം ചൊരിഞ്ഞ ആനന്ദപൂർണ്ണേശ്വരീ! നമസ്കാരം!

അത്ഭുതം! ആ ബുദ്ധിശാലിനിയുടെ സൂക്ഷ്മാന്വേഷണചാതുരി! ഇവിടം പേനാക്കത്തിക്കു പ്രസിദ്ധപ്പെട്ട സ്ഥലമെന്നു അവളോടു ആരുപറഞ്ഞു? അല്ലെങ്കിൽ, എങ്ങനെയും അറിഞ്ഞിരിക്കട്ടെ! അവൾ വാവിട്ടു ചോദിച്ചുതല്ലേ! ഒന്നിനുരണ്ടു! അതിൻെറകൂടെ അസൽ ഒരു "ബ്രൂച്ചും" ഒരു കപ്പി "ഓട്ടോഡിമാഹ" നും എൻെറ കാണക്കായിട്ടു! സ്ത്രീകളുടെ അത്യാശ കൊണ്ടൊന്നുമല്ലിതൊക്കെ! പുരുഷപ്രേമത്തിൻെറ ആഴമറിയാൻവേണ്ടി ചോദിക്കുന്നതാണവർ; സംശയമില്ല!

അരനിമിഷത്തിനിടയിൽ ഞാൻആ "തിരുമുൽ കാഴ്ച"കളെല്ലാം ശരിപ്പെടുത്തി; എൻെറ ഹൃദയറാണിക്കു അടിയറവയ്ക്കാൻ! അപ്പോൾ കാണാം ചിന്നൻ സാവധാനം വരുന്നതു്. ഈ പരമാനന്ദാമൃതം അവൻെറ

ചെവികളിൽ പകരുകയോ? ഛേ്ഛ, വഷളൻ! അവൻ ഒന്നിനു പത്തിരട്ടിയായി നാടൊക്കെ "പൊടിപാററി", ക്കൊണ്ടു നടക്കും. ഒന്നുമില്ലാത്ത ഭാവത്തിൽ ഒരു സൂത്രച്ചിരിയോടുകൂടി ഞാൻ അവനോട് വല്ലതും ഒന്നുപറയാൻ ഭാവിച്ചു. എന്നാൽ, അവൻ എന്നെ അലക്ഷ്യമാക്കിയിട്ട് വന്ന പാടെ തിരികെ പൊയ്ക്കളഞ്ഞു;

അടുത്ത പ്രഭാതത്തിൽത്തന്നെ ഞാൻ യാത്രയായി എൻെറ ചമയങ്ങളെല്ലാംകൂടെ കണ്ടപ്പോൾ അമ്മയ്ക്ക് ഒരു പുഞ്ചിരി വന്നു. ഏതാണ്ടൊക്കെ മസ്സിലാക്കിയ അമ്മ, എന്നോടു യാതൊന്നും മിണ്ടിയില്ലെന്നില്ല. "എവിടാസഭ" എന്ന് ഒരു അയഞ്ഞസ്വരത്തിൽ; കട്ടിളപ്പടിയോടായിട്ടു, ഒരു ചോദ്യം അമ്മയുടെ നാവിൽനിന്നു പുറപ്പെട്ടു. "കുറേവടക്കുവരെപോണം. നാളെ വൈകും മുൻമ്പേ തിരിച്ചുവരും" എന്നു ഞാൻ മറുപടിയും പറഞ്ഞു!

എന്നെ വഹിച്ചിരുന്ന ആ ബസ്സ്", പക്ഷിപോലെ പറക്കുന്നതായിരുന്നു. എന്നാൽ ആ ദിവസം അതു പുറകോട്ടാണത്രേ ഓടിയതു്: ചുരുക്കിപറയാം; ഒരുപ്രകാരത്തിൽ അതു കോട്ടയം പട്ടണത്തിൻെറ നടുവിൽ എൻെറ ശരീരം കൊണ്ടുചെന്നിറക്കി!

എഴുത്തിൽ കണ്ടതായവീട് അന്വേഷിച്ചു ഞാൻ പലവഴിയും നടന്നു. പലരോടും ചോദിച്ചു. ഒരു തുമ്പും കിട്ടിയില്ല: ഒടുവിൽ ഒരു തെറിയൻ വയസ്സനെ കണ്ടുകിട്ടി. അയാൾ, പറഞ്ഞു:— അപ്പീ! എന്തിനവടെ പോണു? അതു ഒരു കള്ളുഷാപ്പുകാരീടെ വീടാണ്!

ഞാൻ നിന്നനിലയിൽ നിർജ്ജീവനായിപ്പോയി!

കുറേക്കഴിഞ്ഞു, ധൈര്യംകൈയ്ക്കൊണ്ടു. ഞാൻ വൃദ്ധനോട് ഒന്നുകൂടെ ചോദിച്ചു:—

അപ്പൂപ്പൻ ദേഷ്യപ്പെടരുതു്; അവിടെ "ദേവയാനി"യെന്ന ഒരു പഠിക്കുന്ന കുട്ടിയുണ്ടോ?

ദേഷ്യവും ഹാസ്യവും കലന്ന സ്വരത്തിൽ വൃദ്ധൻ പറഞ്ഞു:—എന്തപ്പീ! ദേവതാരം നോക്കിനടക്കുന്നതു ഈ വയസ്സു ചെക്കനാരോ?

ആ വൃദ്ധനോട്ട് പിന്നെഞാൻ ഒരക്ഷരവും മിണ്ടിയില്ല. "ഏതു ഷാപ്പുകാരിയുടെയെങ്കിലും മകളാകട്ടെ; ഇവിടംവരെ വന്നസ്ഥിതിയ്ക്ക് ഒന്നുകണ്ടിട്ടെങ്കിലും പോകതന്നെ" എന്നുവിചാരിച്ചു,ആ കിളവനിൽ നിന്നും കിട്ടിയ ലക്ഷ്യവും വച്ചുകൊണ്ടു ഞാൻ നടന്നു. "എരിതീപൊരിയുന്ന" ആ നട്ടുച്ചയ്ക്കു, റോഡു നീളെ മോട്ടോർവാഹനങ്ങൾ ഒഴുകുന്ന കൽപ്പൊടിപ്രളയത്തിൽ കൂടെനീന്തി, ഞാൻ ആ ഷാപ്പിൻെറ മുമ്പിലെത്തി എന്നാൽ, അതിൻെറ നേരെ ഒന്നു നോക്കാൻപോലും എനിക്കു് ലജ്ജതോന്നി. സമീപത്തായി, സുഗന്ധപ്പുകയിലെ സിഗററു മുതലായവ വില്ക്കുന്ന ഒരു ചെറിയ പീടിക കണ്ടു. അവിടെക്കയറി സൂത്രത്തിൽ ഒന്നു അന്വേഷിയ്ക്കാമെന്നു വിചാരിച്ചു. ഒരു 'ഗോൾഡുഫ്ളേക്കു്' സിഗററുവാങ്ങി ധാരമട്ടിൽ നല്ല ഒരു പുകയും പിടിച്ചുകൊണ്ടു ഞാൻ ആ കച്ചവടക്കാരനോടു സംഭാഷണം തുടങ്ങി. ശാന്തനും മര്യാദക്കാരനുമായിരുന്നെങ്കിലും, അയാളിൽനിന്നു് എനിക്കാവശ്യമുള്ള വിവരങ്ങളൊന്നും ലഭിച്ചില്ല. അവസാനമായി എൻെറ കൈവശമുണ്ടായിരുന്ന ആ 'ഫോട്ടോ' എടുത്തുകാണിച്ചുകൊണ്ടു ഞാൻ ചോദിച്ചു:—

ഇതാരുടേതെന്നറിയാമോ?

അയാൾ ആ ഇരുപ്പിൽ ഒന്നു നിവൎന്ന്, ഫോട്ടോ നോക്കിക്കൊണ്ടു പറഞ്ഞു:—ഓഹോ, അറിയാം!

പരമാനന്ദംകൊണ്ടു എന്റെ ഹൃദയം തുടിച്ചു. അത്യാവേശത്തോടുകൂടി ഞാൻ ചോദിച്ചു:—ഈ ആളിന്റെ വീട് ഒന്നു പറഞ്ഞുതരാമോ?

ആ സാധുവിന്റെ മുഖഭാവം മാറി. ഒരു പുഞ്ചിരിയോടുകൂടി അയാൾ പറഞ്ഞു:—അതു! വലിയ പ്രയാസം. നാലഞ്ചുകൊല്ലം മുൻപു പാണ്ടിയിൽനിന്നും 'ഒരു സെററു നാടകക്കാർ ഇവിടെ വന്നിരുന്നു. അതിലെ രാജമ്മാൾ എന്നൊരു നടിയുടെ പടമാണിതു്. ഇത്തരം ഇവിടെ കടകളിൽ വാങ്ങാൻ ധാരാളം കിട്ടും

എനിക്കതു തീരെ വിശ്വാസമായില്ല. എന്റെ മുഖഭാവം കൊണ്ടു് ആശയം മനസ്സിലാക്കിയ ആ മനുഷ്യൻ, 'ഇത്രേയുള്ളോ? എന്നാൽ നോക്കു്' എന്ന ഭാവത്തിൽ, ആ പീടികയുടെ അകത്തേ നിരപ്പലകയിൽ, നിരത്തി ഒട്ടിച്ചിരുന്ന അത്തരം നാലഞ്ചു 'ഫോട്ടോ' ചൂണ്ടിക്കാണിച്ചു. അതിന്റെ എല്ലാം അടിയിൽ 'പ്രസിദ്ധ തമിഴ് നടിയായ രാജമ്മാൾ' എന്നു അച്ചടിച്ചിട്ടുമുണ്ടായിരുന്നു. എന്റെ കണ്ണുകളെ എനിക്കു തീരെ വിശ്വസിക്കാൻ കഴിഞ്ഞില്ല. 'ദേവയാനി', രാജമ്മാളോ? പക്ഷേ, രണ്ടുപേരുടേയും ആകൃതിസാമ്യംകൊണ്ടു പാവം തെററിദ്ധരിച്ചതായിരിക്കാം എന്നുവിചാരിച്ചു ഞാൻ വീണ്ടു ചോദിച്ചു!—ഇതു കുറെ ചെറുപ്പത്തിൽ എടുത്തതെന്നാണറിവു്. ആ നടിയേക്കൂടാതെ, ഇതുപോലെ മററുവല്ലവരേയും ഈ ദിക്കിലെങ്ങാനും കണ്ടിട്ടുണ്ടോ?

അതിനന്തരം, "നിങ്ങൾക്കീപടം എവിടെക്കിട്ടി" എന്നു് ഒരു എതിർ ചോദ്യമായിരുന്നു. ഇതുമൂലക്കൊണ്ടുള്ള ഒരു ഒന്നാംതരം അടിയേക്കാൾ, അതു എൻെറ കരൾ പൊട്ടിച്ചു. ധൈര്യം വിടാതെയും അയാളുടെ ചോദ്യത്തിനു മറുപടിപറയാതെയും ഞാൻ ഒരു ചോദ്യശരം കൂടെ ചാണ്ടി:—ഇവിടെ കിളിപ്പുറമെന്ന ഒരു വീടുണ്ടോ?

അയാൾ;—അങ്ങനെ ഒരു വീടില്ല; ആ കാണുന്ന കള്ളുഷാപ്പിൻെറ പേരാണു് കിളിപ്പുറമെന്നു്!

ഞാൻ—ആകട്ടെ, അവിടെ 'ദേവയാനി'യെന്നുപറയുന്ന ഒരു കുട്ടിയുണ്ടോ?

"എന്തിനിതൊക്കെ കിഴിച്ചു ചോദിക്കുന്നു? "എന്ന മുഖഭാവത്തോടു കൂടെ ആ പാവം പറഞ്ഞു:—ഇല്ല,

ഞാൻ:-നിശ്ചയമായിട്ടും?

അയാൾ:—നിശ്ചയമായും ഇല്ല

കൊല്ല്യാൻ ഏററതുപോലെ ഞാനൊന്നു നടുങ്ങി,. എൻെറ തലയിൽക്കൂടെ എലിവാണം പോലെ ഒരു ചിന്തപാഞ്ഞു. ഉടുപ്പിൻെറ കീശയിൽ സൂക്ഷിച്ചിരുന്ന ആ എഴുത്തു എടുത്തു് ഞാൻ നല്ലവണ്ണമൊന്നു പരിശോധിച്ചു. എൻെറ ഹൃദയം തകൎന്നു!! അമ്പമ്പോ! ചിന്നൻെറ തരവഴി! ഒരൊററ മുദ്രമാത്രമേ ആ കവറിൻെറ പുറത്തു കണ്ടൊള്ളു, അതോ, ഈ അഞ്ചലാഫീസിലേതു—'മവേലിക്കര' എന്നുമാത്രം!!

* ധൎമ്മധീരൻ, 106 ചിങ്ങം.

## ൯. "അമൃതദീപം"

അതാ, ഭാമിനി! ഹാ, എത്ര മനോഹരമായ ഒരു വിഗ്രഹം!! ആ ഇരുണ്ട കൃഷ്ണമണികൾ രണ്ടും നക്ഷത്രങ്ങൾ പോലെ മിന്നിത്തിളങ്ങുന്നു; ഭ്രമരനീലാഭമായ ചൂർണ്ണകുന്തളം ഇടതൂർന്നു വളർന്നു കാർമേഘശകലം പോലെ, ആ മുഖചന്ദ്രന്റെ പാർശ്വതലങ്ങളിൽ പാറിപ്പുരിലസിക്കുന്നു! ആ വദനസരോജമോ,— അതു് ഐശ്വര്യദേവതയുടെ നടനരംഗം തന്നെ! ഒരൊററ നോട്ടം,—മതി; പിന്നെ, ഒരു കാലത്തും അവളെ മറക്കാൻ കഴിയുന്നതല്ല!!

ആ ദരിദ്രപിതാക്കളുടെ വാത്സല്യഭാജനമാണു് ഭാമിനി. അവരെ, ഈ ലോകവുമായി ബന്ധിച്ചിട്ടുള്ള ഏക ആശാതന്തുവും അവൾ തന്നെ. വർഷകാലത്തെ കൂൺ പോലെ അമങ്ങിപ്പതിഞ്ഞ ആ പഴയ മൺപുരയിൽ,—പൂമണിമേടകളിൽനിന്നു പോന്നതായ പ്രശാന്തതയുടെ നിവാസരംഗത്തിൽ,—ആണത്രേ അവളുടെ മഹനീയമായ ജനനം.

പാഠശാലയിൽ നിന്നു തിരിച്ചെത്തിയാൽ, 'കുത്തുവെട്ടിക്കളിക്കാൻ' അവൾക്കു കൂട്ടുകാരാരുമില്ല. അവൾ ഗൃഹകൃത്യങ്ങളിൽ സോൽസാഹം മാതാവിനെ സഹായിക്കുന്നു; പകൽ മുഴുവൻ പണിയെടുത്തു തളർന്നു വ

ങ്ങനെ പിതാവിനെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്നു; വിശ്രമവേളയിലോ, പ്രകൃതിദത്തമായ സംഗീതവാസനയെ പരിപുഷ്ടമാക്കുന്നു;—അവൾ ഒരു ഭാഗ്യവതിതന്നെ!

ഭാമിനിയെ ഞാൻ കാണുമ്പോൾ, അവൾക്കു് ഏതാണ്ടു പതിന്നാലു വയസ്സായിരുന്നു. ഏതോ പ്രഭുകുടുംബത്തിലെ അംഗമെന്നാണു ഞാനവളെ ആദ്യം കണ്ടപ്പോൾ വിചാരിച്ചതു്. എന്നാൽ, ആ വഴിയരികിൽ കാണുന്ന ചെറുകുടിലിൽ ആനന്ദനർത്തനം ചെയ്യുന്ന മംഗലദേവതയാണു ഭാമിനിയെന്നറിഞ്ഞപ്പോൾ എന്റെ ഹൃദയം അനുകമ്പാകുലതയാൽ ആർദ്രമായിത്തീർന്നു!

പാഠശാല വിട്ടു് അവൾ വീട്ടിലേയ്ക്കു പോകുന്ന അവസരത്തിലാണു സാധാരണ എന്റെ സായന്തനസഞ്ചാരം. ഞാനോ ഒരു യുവാവു്! എങ്കിലും എന്റെ അനുരാഗത്തിനു അവളിതേവരെ വിഷയീഭവിച്ചിട്ടില്ല; അവളെ ദർശിച്ച മാത്രയിൽ എന്റെ ഹൃദയം തുടിച്ചില്ല; അംഗസന്ധികൾ തളർന്നില്ല; രക്തപ്രസരം ത്വരിതമായുമില്ല! എന്നാലും, എന്തുകൊണ്ടോ, എന്റെ ദിനാന്തയാനം മിക്കവാറും അവൾ പോകുന്ന വഴി, കൗതുകകരം! കേവലം ശ്രദ്ധാരഹിതനും ഉദ്ദേശശൂന്യനുമെന്ന നാട്യത്തിൽ, അവളേയും അവളുടെ സഹചാരിണികളായ ബാലാംഗനകളേയും പിന്തുടർന്നു അവരുടെ ഭാവഹാവപ്രവാഹം ആകണ്ഠം ആസ്വദിക്കുന്നതും സംഭാഷണകളകളം ശ്രവിക്കുന്നതും എന്റെ അന്തരാത്മാവിനു എത്രയോ നിർവൃതിജനകം!!

ആ വിദ്യാർത്ഥിനികളുടെ 'നടപ്പ്' തീരെ സാവധാനമെന്നു കണ്ടാൽ, ഞാൻ അവരെ മുൻപിട്ടു കടന്നു പോവുകയായി! ശ്രദ്ധാർഹമായ വല്ലതും കാണാനോ കേൾക്കാനോ ഉണ്ടെന്നു വന്നാൽ എൻെറ ഗതി തീരെ മന്ദീഭവിക്കുകയും, ഞാനറിയാതെ തന്നെ അവരുടെ പിൻപിലാവുകയും ചെയ്തു പോകും!

ഒരിക്കൽ, ഭാമിനിയുടെ സഹചാരിണിയായ ഒരു കുസൃതിപ്പെണ്ണ് എൻെറ പിൻവശത്തു നിന്നു 'കശുകശു'ക്കുന്നതുകേട്ടു:—"എനിക്കു ഇയാളെ കാണുമ്പോൾ ചിരി വരും; നാലുമണികഴിഞ്ഞാൽ നമ്മുടെ പിറകിലുണ്ടു ദിവസവും! ഇതുകണിശത്തിനു എവിടെ പാത്തിരിക്കുന്നോ? എന്തിനോ, ഭാമിനിയെ സൂക്ഷിച്ചു നോക്കുന്നതും കാണാം........"

പെട്ടെന്നു ഭാമിനി ആ പെൺകുട്ടിയുടെ വായ് പൊത്തി! അവൾ ഒരു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:-

"മിണ്ടാതിരിക്കു കുട്ടീ, അനാവശ്യം പറയാതെ! വഴിയേ വല്ലവരും കേൾക്കട്ടെ."

ആ കുസൃതിപ്പെണ്ണിൻെറ വാക്കുകൾ എന്നെ വല്ലാതെ ലജ്ജിപ്പിച്ചു. വാസ്തവത്തിൽ, ഇതു മേൽ ദണ്ഡം തട്ടിയ ഒരു അനുഭവം, എൻെറ ജീവിതത്തിൽ ഇതുവരെയുണ്ടായിട്ടില്ല. എന്നാൽ, "മിണ്ടാതിരിക്കു കുട്ടീ....." എന്നു തുടങ്ങിയ ഭാമിനിയുടെ സുവചനസുധാധാരയോ? ഹാ, എനിക്കതൊരു വലിയ സമാശ്വാസമായി! ഇപ്പോഴും ആ മധുരനിനദം എൻെറ കർണ്ണപുടങ്ങളിൽ മുഴങ്ങുന്നു! എൻെറ ഹൃദയ കേന്ദ്രത്തിൽ, ആ

ളു് ഇപ്പോഴും കളിരേകുന്നു! ഇക്കാലത്തെ മററു വല്ല പെൺകുട്ടികളുമായിരുന്നെങ്കിൽ, ആ കൂട്ടുകാരിയുടെ അഭിപ്രായപ്രകടനത്തിൽ പങ്കു പിടിച്ചു, 'എട്ടുനാട്ടും പൊട്ടെ' ചിരിച്ചു, എന്നെ കുറേക്കൂടെ ഇളിഭ്യനാക്കുമായിരുന്നു! എന്നാൽ, വിനീതയായ ഭാമിനിയോ? ഹാ,—അവളെ നമസ്കരിക്കുക തന്നെ വേണം!

ഞാൻ എൻെറ സായന്തനസഞ്ചാരം തുടൎന്നു കൊണ്ടേയിരുന്നു. ആ ചെറുബാലികാസംഘത്തിൽ,പിന്നീടു ഒരിക്കലും ഭാമിനി ചേൎന്നിട്ടില്ല. വഴിയുടെ ഒരു അരികിൽ കൂടെ, ഇടം വലം നോക്കാതെ അവൾ തന്നിയേ സാവധാനം നടന്നു പൊയ്ക്കൊള്ളും.

*   *   *   *

വൎഷാവസാനപരീക്ഷയും മദ്ധ്യവേനൽ ഒഴിവും കഴിഞ്ഞു; പാഠശാലകളെല്ലാം തുറന്നു. ഒരു വൈകുന്നേരം ഞാൻ അവളെ ഏകാകിനിയായ് കണ്ടുമുട്ടി. ആ സുശീലയോടു എന്തെങ്കിലുമൊന്നു ഉരിയാടാതെ പോകാൻ എൻെറ മനസ്സു എന്നെ തീരെ അനുവദിച്ചില്ല. എന്നാൽ, അവളോടു സംസാരിക്കത്തക്ക കാൎയ്യമൊന്നും എനിക്കില്ലായിരുന്നു താനും! ഞാൻ തെല്ലൊന്നു ആലോചിച്ചു; വളരെ ഭവ്യമായി അവളോടു ചോദിച്ചു:—കുട്ടി പരീക്ഷയിൽ ജയിച്ചോ?"

അവൾ വിനയപൂൎവം ഒഴിഞ്ഞു വഴങ്ങി നിന്നു നമ്രമുഖിയായി സാവധാനം ഉച്ചരിച്ചു:— ':ഓ, ജയച്ചേ........!'

ഹാ, എന്തൊരു വിനയമധുരമായ സ്വരം! എ

ണ്ടൊരു മനോഹരമായ സ്വഭാവനൈർമ്മല്യം! സൃഷ്ടികർത്താവിനു പോലും, പരമാനന്ദവും സംതൃപ്തിയുമരുളുന്ന ഇത്തരം ഗുണവതികളെക്കൊണ്ടു ലോകംനിറയേണമേ എന്നു ഞാൻ പ്രാർത്ഥിച്ചു; ഹൃദയം കൊണ്ടു ഞാൻ അവളെ അനുമോദിച്ചു– അനുഗ്രഹിച്ചു!

ആയിടയ്ക്കു, സർവ്വനേരവും ആ കോമളാകാരാംഗനെ എൻ്റെ മനോദർപ്പണത്തിൽ നിഴലിച്ചുകൊണ്ടിരുന്നു. അവളുടെ പരിത:സ്ഥിതികൾ മാത്രമായിരുന്നു എൻ്റെ ആലോചനാവിഷയം. ആ ഗുണോൽകൃഷ്ടയുടെ ഭാവിജീവിതഗതി എന്തായിരിക്കും? പണമില്ലാത്ത ആ പാവത്തിനെ, ധനതൃഷ്ണോന്മത്തമായ ഈ ലോകത്തിൽ ഏതൊരുവൻ നോക്കും? വെറും നിരർത്ഥകവും സങ്കല്പമാത്രവുമായ പദവിയും പ്രഭുത്വവും മോഹിക്കുന്ന അന്ധലോകത്തിന്ന് ഈ വിശേഷോത്തരത്തിൻ്റെ കാന്തിപ്രാചുര്യം കാണാൻ കണ്ണുണ്ടായിരിക്കുമോ!—

എൻ്റെ ചിന്താനദി പിന്നെയും ഒഴുകി!—

“അല്ലെങ്കിൽ, ഈ ബാലികാമണി എന്തിനു വല്ല പാഴ്ക്കുണ്ടിലും പൂഴുന്നു? വല്ല വിടാഗ്രണികളുടേയും നീചമായ വികാരാഗ്നിയിൽ ഈ മോഹനകളേബരം എന്തിനു അവൾ ആഹുതി കഴിക്കുന്നു? അവൾക്കു വിദ്യാഭ്യാസമില്ലേ? സ്വഭാവവൈശിഷ്ട്യമില്ലേ? ഒരു സംഗീതവിദുഷിയുമല്ലേ അവൾ? എന്തുകൊണ്ട് അവൾക്കു സ്വാതന്ത്ര്യമായി ജീവിച്ചുകൂടാ? എന്തുകൊണ്ടു അവൾക്ക് പരാധീനത കൂടാതെ, മാനമായി കാലയാപനം ചെയ്തുകൂടാ?”

* * * *

ദിവസങ്ങൾ പിന്നെയും പലതു കഴിഞ്ഞു. സംഗതിവശാൽ, കുറെക്കാലം എനിക്കവിടെ ദേശവാസം സ്വീകരിക്കേണ്ടിവന്നു. ഭാമിനിയുടെ സ്ഥിതിഗതികളറിവാൻ പിന്നീട് എനിക്കു സൗകര്യമില്ലാതെ പോയി!

കാലചക്രചംക്രമണം വിസ്മയാവഹം തന്നെ! സുദീർഘമായ നാലുമഴ്യ വേനലുകളെ അത്ഭുതകാലയവനികയിൽ മറച്ചു! കൃത്യാന്തരബഹുലതയാൽ എന്റെ തലയിലെ ഭാരം നിമിഷംപ്രതി കൂടി വരികയും ചെയ്തു.

ചിന്താഭാരത്താൽ അസ്വസ്ഥചിത്തനായ ഞാൻ അധോമുഖനായി ആ പഴയവഴിയെ, സാവധാനം നടന്നു പോകയായിരുന്നു. അസ്തമയസൂര്യൻ കാർമേഘപടലങ്ങളാൽ മറയ്ക്കപ്പെട്ടു! അസുഖാകുലമായ ഒരു ശീതവായു വട്ടംചുററി വീശുകയായി!

എതിരെ ഒരു സ്ത്രീരൂപം വരുന്നുണ്ടായിരുന്നു. അവൾ, ഒരു ചെറുശിശുവിനെ മാറിൽ ചേർത്തു താങ്ങിപ്പിടിച്ചിട്ടുണ്ട്. ക്ഷീണിച്ചു തേജസ്സ് നശിച്ച ആ ശരീരം; ദാരിദ്ര്യദുർഭൂതത്തിന്റെ തീക്ഷ്ണ ദംഷ്ട്രങ്ങൾ മട്ടിച്ചെറിഞ്ഞ വെറും ചണ്ടിതന്നെ. എന്നെ കണ്ടമാത്രയിൽ അവൾ വിനയപൂർവം ഒഴിഞ്ഞുമാറിനിന്നു. അപ്പോൾ മാത്രമേ എന്റെ ദൃഷ്ടികകൾ അവളിൽ ശരിയായി പതിഞ്ഞുള്ളൂ. ആ മുഖം എനിക്കു പരിചയമുള്ളതായി തോന്നി;—ഓ! ഓർമ്മവന്നു. അഹോ,---അതു ഭാമിനിയായിരുന്നു!—അതേ, ഭാമിനിയായിരുന്നു!! അയ്യോ, ആ കോമളമുഖചന്ദ്രനെ ഗ്രസിച്ച ഭയങ്കരരാഹു ഏതായിരുന്നോ? ആ ദയനീയ ദർശനം എന്നെ സന്തപ്തമാനസനാക്കി. അവളോടു എന്തുപറയേണ്ടു എന്നറിയാതെ ഞാ

ൻ കഴിഞ്ഞു; ഒരു തരത്തിൽ ഹൃദയവേദന അടക്കി കൊണ്ടു, ഞാൻ ഉച്ചരിച്ചു:—

"അയ്യോ,—എത്രനാളായി ഭാമിനിയെ കണ്ടിട്ട്? സുഖക്കേട—" എനിക്കു ഒരു ഗദ്ഗദത്തിൻെറ ഛായയുണ്ടായി! വാക്കുകൾ തടഞ്ഞു;—ഞാൻ മിണ്ടാതെനിന്നു അവൾ സസ്മിതം പറഞ്ഞു:—

'സുഖക്കേടൊന്നുമില്ല; സന്തോഷമായി ഞങ്ങൾ കഴിയുന്നു."

ശിശുവിനെ നോക്കിക്കൊണ്ടു അവൾതുടന്നു:— "ഇൗ ആൺകുഞ്ഞേയുള്ളൂ. ഇതിൻെറ അച്ഛൻ പുറകേ വരുന്നു—"

ആ ഭാഗത്തേക്കു ഞാൻ ഉൽകണ്ഠാപൂർവ്വം കണ്ണോടിച്ചു. അതാ, ഒരു പുരുഷരൂപം നടന്നടുക്കുന്നു! അയാളുടെ ഇടം കൈയ്യിൽ ഒരു ചെറിയ തുണിസ്സാമാനവും, വലംകൈയ്യിൽ അററത്തു ചരടുകെട്ടിയ ഒരു മുളങ്കോലും,— വണ്ടിക്കാളയെ അടിക്കുന്ന ചട്ട,— ഉണ്ടായിരുന്നു. ചാട്ട അയാൾ കക്ഷത്തിലാക്കി കൊണ്ടു സാദരം തൊഴുതു നിന്നു. എനിക്കു ആളിനെ മനസ്സിലായി; നാലുകൊല്ലമുൻപു, കണ്ടുപരിചയമുള്ള ഒരു ചക്കിടാവണ്ടിക്കാരൻ പയ്യൻ!— ഇപ്പോൾ, ഭാമിനിയുടെ ഭർത്താവു! അയ്യോ, കഷ്ടം! എൻെറ ഹൃദയം നൊന്തുപോയി! —തികച്ചും വെന്തു പോയി!!

ഭാമിനി അയാളെ പ്രേമമസൃണമായി ഒന്നു നോക്കി. മന്ദസ്മിതത്തോടുകൂടെ അവൾ ചോദിച്ചു:—

കുഞ്ഞിൻെറ ഉടുപ്പു കിട്ടിയോ? അയാൾ:—കിട്ടി; തയ്യൽക്കാരൻ മൂന്നുചക്രം കൊടുത്തു നിൻേറാ റൌക്ക, നാളെത്തരാമെന്നു പറഞ്ഞു.

എന്റെ കണ്ണുകൾ ബാഷ്പധാരാകുലമായിട്ടെപ്പോൾ! ഹൃദയം കൊണ്ടു, ഞാൻ ആ ദിവ്യദമ്പതികളെ നമസ്കരിച്ചു. മണിമാളികകളിലെ മദോന്മത്തകളായ ദുഷ്ടപ്പിശാചികകളേയും അവരുടെ ധിക്കാരശകാരങ്ങൾ സഹിച്ചു പൌരുഷം കെട്ടു; ജീവിതം ദുരിതാഗ്നിയിൽ ആഹുതികഴിക്കുന്ന ദുർമ്മോഹികളായ പുരുഷശലഭങ്ങളേയും; കേവലം പാഴ്ക്കുടിലുകളിലെ നിസർഗ്ഗസുന്ദരാഭമായ ശാന്തിരസാമൃതപ്രവാഹത്തിലാറാടുന്ന പരിപാവനമൂർത്തികളേയും, ഞാൻ അനുനിമിഷം സ്മരിച്ചു! അന്ധകാരപൂർണ്ണമായ ഈ ഭയങ്കരലോകം ഇത്തരം വിശേഷാത്മദീപങ്ങളാൽ സുവർണ്ണ[illegible]മാകേണമേ എന്നു പ്രാർത്ഥിച്ചു! ദുരഭിമാനമത്തനായ ഞാൻ എന്നെത്തന്നെ ശപിച്ചു!!

* ഭാഷാപോഷിണി: 107. വൃശ്ചികം.

# ൧. "വിവാഹവൈരാഗ്യം"

---

(1)

തിരുവനന്തപുരം,

൧൦൮൯ ചിങ്ങം ൫.

പ്രിയ സുഹൃത്തേ,

കഷ്ടം! സാഹസികനായ ഞാൻ വീണ്ടുവിചാരം കൂടാതെ, നിങ്ങളെയൊക്കെ എന്തെല്ലാം വിധം കളിയാക്കി. കല്യാണാമൃതം സേവിച്ചു ജീവിതം 'കരിയും ചാമ്പലു'മാക്കുന്ന നിങ്ങളെല്ലാം ഒരുതരം മഠയന്മാരാണെന്നു മുഖത്തുനോക്കി നാണം കൂടാതെ, ഞാൻ എത്രായിരം തവണ പുലമ്പി! ക്ഷണിക്കുന്നിടത്തും ക്ഷണിയ്ക്കാത്തിടത്തുമെല്ലാം വെറുതെ വലിഞ്ഞുകേറിവന്നു, നിങ്ങളുടെ 'അടിയന്തിരച്ചോറും' എന്തുമാത്രം ഞാൻ തിന്നൊതുക്കി. അതിനെല്ലാം പകരമായി എന്റെ വക 'ഒഴക്കച്ചോറു' തരാൻ 'വേണ്ടതു' ചെയ്യാതിരുന്ന, എനിക്കു് നിങ്ങളുടെ സരസസംഭാഷണങ്ങളിൽ പങ്കുകൊള്ളാനുള്ള 'വാദതടസ്സ'മേ അന്നുണ്ടായിരുന്നുള്ളുവല്ലോ! എന്നാൽ, ഇപ്പോളാകട്ടെ, നിങ്ങളുടെ മുൻപിൽ വരാൻ പോലും ഞാൻ ലജ്ജിക്കേണ്ടിയിരിക്കുന്നു!

എന്തു്, ഞാൻ പറയുന്നതൊന്നും മനസ്സിലാകുന്നില്ലെന്നോ? കുറെക്കൂടി വിശദമായിപ്പറയാം. എന്റെ

"വിവാഹമഹോത്സവം", അതേ, ഞാൻ പരിഹാസമായി പറഞ്ഞുവന്ന ആ 'ഗുലുമാലു്' ഇതാ രണ്ടു ദിവസങ്ങൾക്കു മുൻപേ കഴിഞ്ഞിരിക്കുന്നു. ഒരു "മഹോത്സവം" എന്നു അതിനു പറയാമോ എന്തോ? 'ശങ്കരി'യും ഞാനം മാത്രമേ അതറിഞ്ഞിട്ടുള്ളു. അത്ര രഹസ്യമായിട്ടായിരുന്നു അതു്.

ഞാനതെങ്ങിനെ ചെയ്യാതിരിക്കും! അവരുടെ മരണശയ്യയിൽ വച്ചു് ആ വൃദ്ധ.—അതേ ശങ്കരിയുടെ അമ്മ, എൻെറ കൈയ്യിൽ അവളെ സമപ്പിച്ചു. എനിയ്ക്കതു നിരസിച്ചുകളയാൻ തീരെ നിവൃത്തിയുണ്ടായിരുന്നില്ല. അവരുടെ അവസാനശ്വാസം സമാധാനമായിപ്പോയ്ക്കോള്ളട്ടെ എന്നു ഞാൻ വിചാരിച്ചു. കേവലം നിർദ്ധനയും നിരാധാരയുമായ ശങ്കരിയെ ഞാനെങ്ങിനെ കൈയ്‌വെടിയും? ആ വൃദ്ധ എന്നെ നോക്കിനോക്കിത്തന്നെ അന്ത്യശ്വാസം വലിച്ചു!

ഇത്രയും കാലം കാത്തിരുന്ന ഞാൻ, ചാടിയതു കാടികക്കുഴിയിലാണല്ലോ എന്നു നിങ്ങൾ സഹതപിയ്ക്കുമായിരിയ്ക്കാം. പദവിയ്ക്കോ പ്രാബല്യത്തിനോ വേണ്ടി പ്രഭുകുടുംബങ്ങളിലെ ബന്ധുത്വം മോഹിക്കുന്നതു്, നിലയോ വിലയോ ഇല്ലാതെ ഇന്നലെ മാത്രം പണം കണ്ട ചില അല്പബുദ്ധികളാണെന്നുള്ളതു നിങ്ങളാരും അറിയാത്തതല്ലല്ലോ! ദാമ്പത്യത്തിൻെറ നിസർഗസുന്ദരമായ ദിവ്യാനന്ദം, അഹോ! ഈ അന്ധന്മാൎക്കവിടെ കാണാൻ പോലും കിട്ടുന്നതാണോ? മണിമാളികകളിലെ മദോന്മത്തപ്രാഭവം; ഏതുതരം പൂജകൊണ്ടും പ്രസാദിക്കാത്ത ദുൎഗ്ഗാദേവികൾ! വേണ്ടാ, എനിക്കതിലാശ

ദയയില്ല ഈ എളിയ ചെററക്കുടിൽ കൊണ്ടു ഞാൻ സംതൃപ്തനാണു്. അതിൽ പ്രസരിക്കുന്ന ശാന്തപ്രദീപ്തത്തെ ഞാനാരാധിക്കുന്നു.

സാമുദായികമായി ഞാൻ അധഃപതിച്ചുപോയെന്നു നിങ്ങൾ പക്ഷേ വ്യസനിച്ചേക്കാം! ആശ്ചര്യം! പരമാശ്ചര്യം!! ഈ ശാന്താദേവികൾക്കു് ഉന്നമനമാണു്? പിന്നെവിടെ? വങ്കപ്പുളപ്പമേ— ദുരഭിമാനമേ— നിന്റെ തല ഇനിയും താഴാറായിട്ടില്ലേ?

അമ്മാവന്റെ സുഗ്രീവാജ്ഞയാണു് എന്റെ ഈ ഭാഗ്യത്തിനു വഴികാട്ടി. അതോർക്കുമ്പോൾ ഞാനറിയാതെതന്നെ അദ്ദേഹത്തെ നമസ്കരിച്ചുപോകുന്നു!

അദ്ദേഹം ഒരു വലിയ ലുബ്ധനാണു്. പവന്റെ പുറത്താണിരിപ്പു്. എന്തുഫലം? അതെല്ലാം കൂടി വലിച്ചുവാരിക്കൊണ്ടു പൊയ്ക്കളയാമെന്നായിരിക്കും ഭാവം! കുറച്ചൊക്കെയെങ്കിലും എനിക്കു തരാമെന്നു ചിലപ്പോൾ പറയാറുണ്ടു്. എന്നാൽ, അതൊരു പ്രത്യേക വ്യവസ്ഥയിന്മേലാണെന്നറിയുമ്പോൾ നിങ്ങൾ അമ്പരക്കും! എന്തൊരു നിർബ്ബന്ധമാണു്! ഞാനും അദ്ദേഹത്തെപ്പോലെ അവിവാഹിതനായി കഴിയണംപോലും! അദ്ദേഹത്തിനു്, കണ്ണുകീറിയാൽ പെണ്ണുങ്ങളെ കണ്ടുകൂടാ! സംശയമില്ല. ഈ അസാമാന്യപുരുഷൻ 'നിത്യബ്രഹ്മചാരി' തന്നെ. എന്നോടുള്ള ഉപദേശത്തിന്റെ പല്ലവി ഇതൊന്നുമാത്രമാണു്; 'നീ മനുഷ്യോചിതമായ പൌരുഷം വെടിഞ്ഞു കേവലം അന്ധനായി വിവാഹക്കുണ്ടിൽ ചാടരുതു്.' എന്നു തന്നെയോ?

ഞാനെന്നെങ്കിലും വിവാഹം ചെയ്യുന്നതായാൽ ആ സ്വത്തുക്കളെല്ലാം അന്യന്മാക്കു കൊടുത്തുകളയുമെന്നും, ഒരു ഗരുഡക്കാശു പോലും എനിക്കു തരികയില്ലെന്നും, കട്ടായമായിപ്പറയുന്നു. പിന്നെന്തൊരു നിവൃത്തി? അധികവും സ്വയാജ്ജിതമാണു താനും! ഇതെല്ലാം കൊണ്ടു ഭയന്നാണ്, അഞ്ചാമതൊരു ചെവിയറിയാതെ ഞാനും ശങ്കരിയും മാത്രം ചേന്ന് ആ ചിരകാലപ്രതീക്ഷിതമായ വിവാഹമംഗളകമ്മം ഇങ്ങനെ ആഘോഷിച്ചതു്.

എന്നാൽ, ഈ ദുരിതം ഏറെനാളനുഭവിക്കേണ്ടിവരുമെന്നു തോന്നുന്നില്ല. ഈ കത്തു് അവിടെ കിട്ടുന്നതിനു മുൻപു തന്നെ പക്ഷേ, സൌഭാഗ്യലക്ഷ്മിയുടെ കടാക്ഷം ഉണ്ടായി എന്നും വരാം. അമ്മാവനു ഭയങ്കരമായ ഒരു വ്യാധി പിടിപെട്ടിരിക്കുന്നതായറിയുന്നു; ഏത്തോ തിരാവ്യാധി—

പരമാത്ഥം മനസ്സിലാകുമ്പോൾ ഞാൻ ചെയ്തുപോയ അപരാധം, എത്ര തന്നെ ഗൌരവതരമായിരുന്നാലും സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു; അല്ലല്ലാ ക്ഷമിച്ചതായി വിവരിച്ചു ഉടനേ ഒരു മറുപടി അയച്ചു തരണമെന്നു വിനയപൂർവം അപേക്ഷിക്കുന്നു.

എന്നു്,

വിനീതസോദരൻ,

രവീന്ദ്രൻ.

(2)

തിരുവനന്തപുരം

105 ചിങ്ങം 6.

പ്രിയസോദരി,

ഈ പാവപ്പെട്ട ശങ്കരിയെ നിങ്ങൾ മറന്നിരി-

ക്കുകയില്ലെന്നു വിശ്വസിക്കട്ടെയോ? ഇത്ര കാലവും അറിയിക്കത്തക്ക വിശേഷമൊന്നുമില്ലാതിരുന്നതുകൊണ്ട് എഴുത്തയച്ചില്ലെന്നേ ഉള്ളൂ. എന്നാൽ ഇപ്പോഴോ ആ വിശേഷങ്ങളെല്ലാം കഴിഞ്ഞും പോയി! മുൻപൊരവസരത്തിൽ പറഞ്ഞിരുന്ന ആ—അതേ, ആ പുണ്യാത്മാവിന്റെ കാരുണ്യാതിരേകത്താൽ ഞാൻ ഒരു ഭാഗ്യമുള്ള പെണ്ണായിത്തീൎന്നു! ആ നിൎമ്മലമായ പ്രേമാമൃതരസം നുകൎന്ന് എന്റെ ഹൃദയം തുളുമ്പുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുമുൻപ് ആ മംഗളകൎമ്മം കഴിഞ്ഞുകൂടി

പരമാൎത്ഥം പറഞ്ഞാൽ, ഞാനദ്ദേഹത്തിനൊരു ചുമടാണ്. ഇവിടെ, കേവലം ഒരു ഗുമസ്തനു കിട്ടുന്ന തുച്ഛമായ ശമ്പളം നിത്യവൃത്തിക്കു തന്നെ മതിയാകുന്നതല്ല. അദ്ദേഹത്തിന്റെ അമ്മാവൻ ഒരു വലിയ ലക്ഷപ്രഭുവാണ്; ലുബ്ധും അതിലിരട്ടിയുണ്ട്. ആ സ്വത്തിനൊന്നും മറ്റൊരുമവകാശികളില്ല. അദ്ദേഹത്തെ ഭയന്നാണു കാൎയ്യം ആരെയുമറിയിക്കാഞ്ഞതു്. അറിഞ്ഞാൽ എന്നെയെന്നല്ല, ആരേയും തന്നെ, വിവാഹം ചെയ്യാൻ അനുവദിക്കുന്നതല്ല അദ്ദേഹത്തിനു ഏതോ ഒരു മഹാരോഗം പിടിപെട്ടിരിക്കുന്നതായി കേൾക്കുന്നു.

കേശവി ശരിയായിത്തന്നെ വരുന്നുണ്ടോ.

കൂടുതൽ വിവരങ്ങൾ പിന്നാലെ,

എന്നു്,

സ്വന്തം ശങ്കരി.

(3)

പ്രിയമുള്ള കുട്ടന്,

ഇവിടത്തെ ചികിത്സകൊണ്ടൊന്നും ഒരു ഫലവുമില്ല. ഈ സ്ഥലംവിട്ട് ഒന്നു മാറിത്താമസിച്ചാൽ കൊള്ളാമെന്നു ചിലരെല്ലാം ഉപദേശിക്കുന്നു. എനിക്കൊന്നുതോന്നുന്നുണ്ട്; അവിടെവന്നു കൊട്ടാരം വൈദ്യനെ ക്കണ്ടു് അവസാനകൈക്കയായിട്ടെന്തെങ്കിലുമൊന്നു ചെയ്യിക്കാമെന്ന് നിന്റെ സഹായവും ഉണ്ടായിരിക്കുമല്ലോ! അവിടെങ്ങാനും ഒരൊഴിഞ്ഞകെട്ടിടത്തിന്റെ ഒരു ചെറിയമുറി നമുക്ക വേണ്ടി ഏർപ്പാടുചെയ്താൽ മതിയാകും. ഇവിടുന്നു വേലക്കാരെക്കൂടെ കൊണ്ടുപോരാമെന്നുവച്ചാൽ അതു് വലിയ ചെലവാണ്. അങ്ങനെ ചെലവിടാൻ നമുക്ക പണമില്ല. വേറെയുമൊരഭിപ്രായം ചിലർപറയുന്നു. അവിടെ, ദീനക്കാരെ ശുശ്രൂഷിച്ചു നല്ല പഴക്കമുള്ള 'ആയ' മാരുണ്ടെന്നും ഇതുപോലുള്ള സുഖക്കേടുകൾക്ക അവരുടെ പരിചരണം വളരെ ഫലപ്രദമാണെന്നും. മറവും. വല്ലതും ഗുണമുണ്ടാകുമെന്നുണ്ടെങ്കിൽ അതുക്കൂടൊന്നു പരീക്ഷിച്ചു നോക്കിയേക്കാം. എന്നാൽ എന്തുപറയട്ടെ, ആയമാർ സ്ത്രീകളായിപ്പോയതു കഷ്ടം തന്നെ! വല്ലതും രക്ഷകിട്ടുമെന്നു നിനക്കുതോന്നുന്ന പക്ഷം നമുക്ക വേണ്ടി വളരെ കുറഞ്ഞ ഒരു ശമ്പളത്തിൽ, ഒരുത്തിയെ ഏർപ്പാടു ചെയ്യുക. കുഴിയുന്നത്ര പ്രായം ക്കുടിയവരെ കണ്ടുപിടിക്കണം; ഇതു പ്രത്യകം ശ്രദ്ധിയ്ക്കണം.

എന്ന്,

.................

.................

....................

....................

(ഒട്ടേറെ സ്വത്തും സ്ഥിതിയുമുള്ള ഈ വൃദ്ധൻ ആരെന്നറിഞ്ഞാൽ, ഈ കഥയുടെ അനന്തരഭാഗങ്ങൾ കണ്ട് അദ്ദേഹത്തെ വല്ലവരും നേരിട്ട് അപഹസിച്ചെങ്കിലോ എന്നു ഭയന്നു ആളിനെ വെളിപ്പെടുത്തുന്നില്ല. കെ. എന്ന്)

---

(4)

തിരുവനന്തപുരം

105 ചിങ്ങം 30.

പ്രിയ സുഹൃത്തേ,

അന്യഥാ ചിന്തിതംകാര്യം! അമ്മാവൻ ‘ഇന്നോ നാളെയോ’ എന്നു ഓർത്തിരുന്നു. ഇപ്പോളിതാ ചികിത്സയ്ക്കായിട്ട് ഇങ്ങോട്ടു തന്നെ വരുന്നു. ശങ്കരി എന്നോടു കൂടി ഇവിടെത്തന്നെയുണ്ട്. അവൾക്കിപ്പോൾ സ്വന്തം വീടോ ബന്ധുജനങ്ങളോ ഇല്ല. ഞാനവളെ എവിടെ താമസിപ്പിക്കും? ഞാനെന്തു ചെയ്യട്ടെ! അമ്മാവൻ ഒരു ക്രൂരപുരുഷനാണ്. ഉടൻതന്നെ അദ്ദേഹമിവിടെത്തും. പ്രത്യേകം ഒരു കെട്ടിടം ഏർപ്പാടു ചെയ്യാമെന്നു വച്ചാൽ അതിനിവിടെ തീരെ സൌകര്യമില്ല, ഞാനും അദ്ദേഹത്തോടൊരുമിച്ചു പാർക്കേണ്ടിവരും. ശങ്കരിയെ ഞാൻ ഏതു ‘ജടയിൽ ഒളിക്കും. അവളെ ഇവിടെങ്ങാനും കണ്ടുപോയാൽ ഈ ലോകമെല്ലാം അമ്മാവന് പൊടിച്ചുവാരും... നമ്മുടെ ജീവിതത്തിന്റെ പ്രധാനലാക്കതെററും; പിന്നെ, നാളെമുതൽ, ‘ചിരട്ട എടുത്ത്’ വഴിനീളെ

നടന്നോണ്ടാൽ മതി! എന്തൊരു കഷ്ടകാലമോ? എനിക്കൊരു തുമ്പുമില്ല; എന്റെ തല വിങ്ങുന്നു. ഈ ആപത്തിൽ കഴിവുള്ള ഉപദേശങ്ങളെല്ലാം തന്നു സഹായിപ്പാനപേക്ഷ. ശേഷം അടുത്തതിൽ,

എന്നു്,

സ്വന്തം സോദരൻ,

രവീന്ദ്രൻ.

(5)

തിരുവനന്തപുരം,

൧൦൭-കന്നി-൫

പ്രിയ സോദരി,

നിങ്ങളുടെ സ്നേഹസമ്പൂർണ്ണമായ കത്തു കിട്ടി. അദ്ദേഹത്തിന്റെ അമ്മാവൻ ചികിത്സയ്ക്കായി ഇങ്ങോട്ടു വരുന്നത്രെ! ഞങ്ങളുടെ രഹസ്യമായ വിവാഹത്തെപ്പറ്റി യാതൊന്നുമറിഞ്ഞിട്ടില്ല. ഇവിടെ വന്നു വല്ലതും കണ്ടു പിടിച്ചു പോയാൽ—എന്റെ ശിവനേ, പിന്നെ കഥ കഴിഞ്ഞതു തന്നെ.

കഴിഞ്ഞ രാത്രി ഞങ്ങൾ ഒരുപോളക്കണ്ണടച്ചിട്ടില്ല ഇതേപ്പറ്റി ആലോചിച്ചാലോചിച്ചു തന്നെ നേരം വെളുപ്പിച്ചു. ഒടുവിൽ ഒരു ബുദ്ധി തോന്നി. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ വൃദ്ധയായ ഒരു 'ആയ' യെ കിട്ടിയാൽ കൊള്ളാമത്രേ! രണ്ടും നിശ്ചയിച്ച് ആ സ്ഥാനം ഞാൻ തന്നെ സ്വീകരിക്കാമെന്നു വിചാരിക്കുന്നു. പിന്നെന്തെങ്കിലും വരുന്നതു വരട്ടെ! അല്ലാതെന്തു ചെയ്യാം.

എന്നു,

സ്വന്തം ശങ്കരി.

(6)

തിരുവനന്തപുരം,
൧൦൫-കന്നി-൭.

പ്രിയ സോദരി,

എന്തൊരു കാലക്കേടോ? ആ രൌദ്രമൂർത്തിയുണ്ടല്ലോ കന്നിശത്തിനു വന്നു കേറിയിരിക്കുന്നു. കോപം കൂടെ പിറപ്പാണു്. വയസ്സനും കൂടിയായാൽ പിന്നെ പറയണോ? തൊട്ടതും പിടിച്ചതുമെല്ലാം കുററം! ഒരു ദാക്ഷിണ്യം വേണ്ടേ? വിവാഹം ചെയ്തിട്ടുള്ള ആളേ അല്ല. പിന്നെങ്ങിനൊരു മാർദ്ദവം വരും മനസ്സിനു്? ഞങ്ങളുടെ പണിയൊന്നും അവിടെ ചെവില്ലെന്നു തോന്നുന്നു.

"ഇതാണു് ആയ" എന്നു പറഞ്ഞു അദ്ദേഹം എന്നെ കിളവന്റെ മുമ്പിൽ നിറുത്തി. എന്റെ ദൈവമേ, ആ നോട്ടം കണ്ടു ഞാൻ അടിമുടിയൊരു പോലെ വിറച്ചു പോയി. വൃദ്ധൻ എന്നെ ചീന്തിക്കുടിക്കുമെന്നാ മട്ടായി. തുടങ്ങിയല്ലോ അദ്ദേഹത്തിന്റെ നേരെ ഒരു ലഹള. ഉടൻ തന്നെ എന്നെ 'പടിക്കു' വെളിയിലാക്കാൻ കല്പനയായി! ഞാൻ അമ്പരന്നു!! അമ്മാവന്റെ എഴുത്തനുസരിച്ചു് ഒരു വൃദ്ധയെ കണ്ടു പിടിയ്ക്കാൻ കഴിയുന്നത്ര ശ്രമിച്ചെങ്കിലും, പെട്ടെന്നുള്ള അന്വേഷണത്തിൽ സൌകര്യത്തിനു കിട്ടിയതു ഇവളെയാണെന്നും മററും അദ്ദേഹം താണുവീണു് അറിയിച്ചു. വളരെ കേണപേക്ഷിച്ചിട്ടും തീരെ സമാധാനമായില്ല. ആരുടെ ഭാഗ്യത്തിനോ എന്തോ? ഒടുവിൽ ഒരു തരത്തിൽ മൌനമായി ഒന്നനുവദിച്ചു. 'ഒരാഴ്ചയ്ക്കു്, എങ്ങിനെയെന്നു കാണട്ടെ; എന്നു ഗർജ്ജിച്ചു'.

നമ്മുടെ വർഗ്ഗക്കാർ കിളവന്റെ ജന്മശത്രുക്കളാണ്. അവരെ കണ്ണെടുത്തു കണ്ടുകൂടാ. കുത്തിയിരുന്നു സ്ത്രീകളുടെ മേൽ വർഷിക്കുന്ന ശകാരശരങ്ങൾക്കു ഒരതിരുവേണ്ടേ? എന്റെ കണ്ണും മുഖവും വേഷവുമൊന്നും മൂപ്പക്കു തീരെ രസിച്ചിട്ടില്ല. ആദ്യമൊരിക്കൽ ഞാൻ ആ മുഖത്തൊട്ടൊന്നു നോക്കിപ്പോയി. 'ഛീ തടിക്കഴുതേ, എന്നു എന്നെ ഒരാട്ട്'! ഞാൻ മിണ്ടിയതേയില്ല. വരട്ടെ, ഞാൻ പിടിച്ച കുററിയിൽ തന്നെ കിളവനെ കെട്ടാമോ എന്നു നോക്കട്ടെ! തല്ക്കാലം ഇത്രയും മാത്രം.

എന്നു,

സ്വന്തം ശങ്കരി.

(7)

തിരുവനന്തപുരം,

൧൦൭൬-കന്നി-൧൫.

പ്രിയപ്പെട്ട മാർത്താണ്ഡഹരിവാൻ,

സ്നേഹിതരേ, ഞാൻ കഴിഞ്ഞ ആഴ്ചയിൽ ഇവിടെയെത്തി. യാത്രാക്ലേശം നിശ്ശേഷം നീങ്ങിയെന്നു പറയാറായിട്ടില്ല. താമസസ്ഥലം തരക്കേടില്ല; എന്നാൽ ഇവിടൊരു ശനി! ഒരു തേവിടിശ്ശിപ്പെണ്ണിനെയാണ് ശുശ്രൂഷയ്ക്കു കിട്ടിയിരിക്കുന്നതു്. ധൂർത്തം കെട്ട ചെറുക്കൻ, അവന്റെ വേലയാണതു്. പോട്ടേ, അതല്ലേ അത്ഭുതം, അവൾ എന്നോടു പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നു. പെണ്ണുങ്ങൾ ബഹു കേമികൾ പോലും! 'ഈരേഴു പതിന്നാലു' ലോകവും അവർ വിഴുങ്ങിക്കളയുമത്രേ! തടിക്കഴുത!!

എന്നാൽ, അവളിൽ എന്താണ്ടൊക്കെ ചില നല്ല

ണങ്ങളുമുണ്ട്. ഞാനെത്ര ശകാരിച്ചാലും മിണ്ടുകയി ല്ല. എന്റെ ഇഷ്ടം എന്താണെന്ന കണ്ടറിഞ്ഞു വേ ണ്ടതൊക്കെ ചെയ്തു കൊള്ളും. എങ്കിലും തൊണ്ടക്കു "മൊ ഴ"യില്ലാത്ത കൂട്ടരാണ്, വിശ്വസിച്ചു കൂടാ.

അവസരം പോലെ വിശേഷങ്ങൾ എഴുതി അയ ച്ചു കൊള്ളാം.

എന്നു,

.................

(.................)

(൪)

തിരുവനന്തപുരം;
൧൦൯൦-കന്നി-൨൫.

പ്രിയ സോദരീ,

കത്തു കണ്ടു, നന്ദി പറയുന്നു. വൃദ്ധൻ, അല്ലല്ല, അ മ്മാവൻ എല്ലാത്തരത്തിലും സുഖപ്പെട്ടു വരുന്നു. പ ണ്ടത്തെ പിറുപിറുപ്പിനു വളരെ ശമനം വന്നിട്ടുണ്ട്. ഇ വിടുത്തെ താമസക്കാലത്തു ഞാൻ തന്നെ ശുശ്രൂഷിച്ചാ ൽ മതിയെന്നു ഒരു വിധം സമ്മതിച്ചു കഴിഞ്ഞു; എ ങ്കിലും, വിട്ടുപോവില്ലാത്ത "മൂക്ക്"നുണ്ടോ? ഞാനും മി ണ്ടാതിരിക്കുന്നില്ല. അദ്ദേഹത്തിന്റെ അനന്തിരവന്റെ ഭാര്യയാണു ഞാൻ—ഈ ശങ്കരി—എന്നു ആ നാക്കു കൊണ്ടു തന്നെ പറയിക്കാൻ കഴിയുമോ എന്നു നോക്ക ട്ടെ. അല്ലെങ്കിൽ, നമ്മുടെ കുലത്തിനു തന്നെ കുറ വല്ലേ?

ശേഷമെല്ലാം അടുത്തതിൽ.

എന്നു,

സ്വന്തം ശങ്കരി.

(9)

തിരുവനന്തപുരം
105-തുലാം-13.

പ്രിയപ്പെട്ട മാർത്താണ്ഡരറിവാൻ.

ഇവിടുത്തെ താമസം സുഖകരം തന്നെ. വ്യാധി മുഴുവൻ ശമിച്ചു, അല്പമൊരു ക്ഷീണം മാത്രം മാറാനുണ്ട്. ഈ സുശീലയായ ബാലിക, എന്നെ ശ്രദ്ധയോടും സന്തോഷത്തോടും കൂടി ശുശ്രൂഷിക്കുന്ന ഇവൾ, സ്ത്രീകളെപ്പററി എനിക്കുണ്ടായിരുന്ന അവജ്ഞയെ ഏതാണ്ടു ഏറെക്കുറെ നീക്കിയിരിക്കുന്നു. ഇവളെപ്പോലെ വിനയമുള്ള പെൺകുട്ടികൾ സ്ത്രീകളുടെ കുലത്തിലുണ്ടായിരിക്കുമെന്നു ഞാൻ മുൻപ് അറിഞ്ഞിരുന്നില്ല. ഇവളുടെ ശീലവും കോമളവുമെല്ലാം ഏതൊരുത്തനും കൌതുകകരമാണ്. പരമാർത്ഥം പറയുന്നതായാൽ ഈ കന്യക എന്നെ വിട്ടുപിരിയുമ്പോഴും ഞാനറിയാതെ തന്നെ എനിക്കൊരു വലിയ സങ്കടം തോന്നിപ്പോകുന്നു. ഞാൻ തിരികെ വീട്ടിലെത്തിയാൽ ഇവളെക്കൂടാതെ ഏകനായി എങ്ങിനെ പാർക്കുമെന്നും ഒരു വിഷമിക്കുന്നു! ആ മുഖകാന്തിയും കടാക്ഷാഞ്ചലവും എല്ലാംകൂടി കാണുമ്പോൾ, ഹാ! ഞാനൊരു സൗഭാഗ്യവാനായ യുവാവായിത്തീരുന്നു! ജഗദീശാ, ഇതുപോലൊരു കോമളവിഗ്രഹം അൻപതു അൻപത്തഞ്ചു വർഷങ്ങൾക്കു മുൻപു ഞാൻ കണ്ടിരുന്നെങ്കിൽ—ഇതു പോലൊരു സുകുമാരിയുടെ കരളലിയിക്കുന്ന ശുശ്രൂഷകളനുഭവിക്കാൻ അന്നു എനിയ്ക്കിടയായിരുന്നെങ്കിൽ, എന്റെ ജീവിതയാത്ര ള്ളനാക്ഷേത്രതിൽ, നിന്നു എത്രയോ വിഭിന്നവും ആനന്ദ

പ്രദവ്യമായ ഒരു പന്ഥാവിൽ കൂടി തിരിഞ്ഞു പോകുമായിരുന്നു! ഞാനൊരു ദുർഭഗൻ! ഈ ഗുണവതി അന്നു ജനിച്ചിട്ടു പോലുമില്ലായിരുന്നു. കഷ്ടം ഇവളൊരു നല്ല കുടുംബത്തിൽ പിറന്നവളാണെന്നും, വിധിവൈപരീത്യത്താൽ വന്നുകൂടിയ ദാരിദ്ര്യംകൊണ്ട് ഇങ്ങനെ ദാസ്യവൃത്തി സ്വീകരിക്കാനിടയായതാണെന്നും, അറിയുന്നു. അതുകൊണ്ടു വലിയ പ്രതിബന്ധമൊന്നുമുണ്ടാകയില്ല. അവൾക്കും അതൊരനുഗ്രഹമല്ലേ?

എന്നെപ്പോലെ വൃദ്ധനായ ഒരുവൻ, കേവലം ഒരു കന്യകയെ വിവാഹം ചെയ്യുന്നതു കഠിനമെന്നു നിങ്ങൾ വിചാരിച്ചേക്കുമോ? എന്തു് നിങ്ങളെന്തു പറയുന്നു?

എന്നു്

.....................

.....................

---

(10)

തിരുവനന്തപുരം.
105 തുലാം 15.

പ്രിയ സോദരി,

എന്റെ പരിശ്രമം വിജയപൂർണ്ണമായെന്നറിയുന്നതു നിങ്ങൾക്കും സന്തോഷകരമായിരിക്കുമല്ലോ. വൃദ്ധൻ എന്റെ 'കെണി'യിൽ തന്നെ പെട്ടു. ഒന്നോർത്താൽ, അതുമൊരു കഷ്ടപ്പാടുതന്നെ. എന്നെ കാണുമ്പോൾ ആ പല്ലുകൊഴിഞ്ഞ താടി വിറയ്ക്കുന്നു; ഒട്ടിയ കവിൾ തുള്ളുന്നു. ആ കുഴിഞ്ഞുമങ്ങിയ കണ്ണുകൾ എന്റെ മേൽ ചൊരിയുന്ന കടാക്ഷവിക്ഷേപങ്ങളോ, ശിവശിവ! പണ്ടത്തെ ശകാരവർഷങ്ങളെല്ലാം പമ്പ കടന്നു.

വൃദ്ധൻ, ഇപ്പോളെന്നെ ഒരു ദേവകന്യകയെപ്പോലെ കരുതി ആരാധിക്കുന്നെന്നു പറഞ്ഞാൽ, അതു അക്ഷരംപ്രതി പരമാർത്ഥമാണ്. വൃദ്ധൻെറ ഈ ശീലപ്പകർച്ചയാൽ, എൻെറ ജീവിതേശ്വരൻ വല്ലാത്ത കുഴപ്പത്തിലായിരിക്കുന്നു. തൻെറ മഞ്ചത്തിൽ, തന്നോടൊരുമിച്ചിരിക്കാൻ വൃദ്ധൻ എന്നെ നിർബന്ധിയ്ക്കുന്നു; നേരംപോക്കിനു നിർദ്ദോഷമായ നിലയിൽ, ചിലപ്പോളെല്ലാം ഞാനദ്ദേഹത്തെ അനുസരിക്കാറുണ്ട്. ഈ ദുർഘടഘട്ടത്തിൽ, പരമാർത്ഥമെല്ലാം വെളിപ്പെടുത്തി, അമ്മാവനോടു ക്ഷമായാചനം ചെയ്താലെന്തെന്ന് അദ്ദേഹം എന്നോട് ആലോചിക്കാതിരിക്കുന്നില്ല. വരട്ടെ, കുറേക്കൂടെ കഴിയട്ടെ, എന്നിങ്ങനെ ഞാൻ സമാധാനപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കലാശം എങ്ങിനെയോ, എന്തോ?

എന്നു,

സ്വന്തം ശങ്കരി.

(11)

തിരുവനന്തപുരം.
105 തുലാം 20.

പ്രിയപ്പെട്ടമാർത്താണ്ഡരറിയുന്നതിന്,

എൻെറ ഈ അഭിപ്രായംതന്നെ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ഈയുള്ളവൻെറ ജീവിതയാത്രയിൽ. ഒരു സഹചാരിണിയായി ഈ കന്യകാരത്നത്തെത്തന്നെ സ്വീകരിക്കാൻ ഞാൻ തീർച്ചപ്പെടുത്തി. വൈവാഹികജീവിതത്തെപ്പററി ഒട്ടുവളരെ അധിക്ഷേപിച്ചു പറഞ്ഞിട്ടുള്ള എൻെറ ഈ ഓഭി

പ്രായത്തിൽ പക്ഷേ, നിങ്ങൾ അത്ഭുതപ്പെട്ടമായിരിക്കാം. എന്നാലും ഞാനൊരു സാഹസികനല്ലെന്നു് ഈ പെൺമണിയെ ഒരുനോക്കു കണ്ടാലുടൻ നിങ്ങൾ സമ്മതിക്കും. എൻെറ പ്രാണേശ്വരിയായി, ഈ മോഹനവിഗ്രഹത്തെ ആരാധിച്ചു, ശേഷിച്ച ജീവിതം ശാന്തമായും സമാധാനമായും കഴിച്ചുകൂട്ടാമെന്നു വിചാരിക്കുന്നു. ലോകശില്പിയുടെ ഒരു കോമളസൃഷ്ടിവിഭാഗത്തെ, കേവലം അന്ധതകൊണ്ടു ഞാനിത്ര നാളും വെറുത്തിരുന്നു. എൻെറ ആ മഹാപാപത്തിനൊരു പരിഹാരമായി ഇതാണു് ധർമ്മകൃത്യത്തിനു ഞാൻ മുതിരുന്നു.

ഇത്ര സുദീർഘകാലം സ്ത്രീജനവിദ്വേഷിയായി കഴിഞ്ഞുകൂടിയ ഞാൻ ഇപ്പോളാകട്ടെ, അവരുടെ ഗതിവിഗതികളെപ്പററി യാതൊരുബോധവുമില്ലാത്ത, ഒരു വെറും ശിശുപ്രായനായിരിക്കുന്നു. നിങ്ങളോ, ഈ വർഗ്ഗവുമായി ചിരകാലം ഇടപഴകിയവൻ. ഈ വിഷയത്തിൽ താങ്കളുടെ സ്നേഹപൂർവമായ ഉപദേശങ്ങളും സഹായസഹകരണങ്ങളും പ്രത്യേകം അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്നു

.....................

.....................

(12)

തിരുവനന്തപുരം.
105 തുലാം 22:

പ്രിയ സോദരി;

കാൎയ്യം ആകപ്പാടെ കുഴപ്പത്തിലായി; വയസ്സൻ എന്റെ ചൊല്പടിയിലല്ലെന്നു മാത്രമല്ല, ആ പാവത്തിന്റെ ഉള്ളിൽ, ഞാനറിയാതെ അനുരാഗവും ജനിപ്പിച്ചിരിക്കുന്നു. അതുതന്നെയോ? ഇങ്ങോട്ടു വിവാഹത്തിനുള്ള ആലോചനയും കഴിഞ്ഞു.

എന്നോടു്, അതേപ്പററി സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ തൊണ്ടയിടറി; വാക്കുകൾ തടഞ്ഞു. അഹോ, ആ വൃദ്ധനെഞ്ചിന്റെ 'കടുന്തുടിക്കൊട്ടു" എനിക്കു് ഒട്ടകലെ കേൾക്കാമായിരുന്നു. ത്വരിതഗതിയിൽ, എന്റെ സമീപത്തെത്തി, എന്റെ കൈയ്യുകടന്നുപിടിച്ചു. ഞാൻ അനങ്ങിയില്ല. തന്റെ അളവററധനത്തേയും പ്രതാപത്തേയും പററി ഒരു വലിയ പ്രസംഗം. ആ ധനത്തിനെല്ലാം അവകാശി ഞാനല്ലാതെ മററാരുമല്ലെന്നു തീൎത്തുപറഞ്ഞു. അതിദയനീയമായ ആ സ്വരവും കേണുവീണുള്ള ആപേക്ഷയും എല്ലാം കൂടി കേട്ടപ്പോൾ, എനിക്കമെത്താൻവയ്യാത്ത ചിരി വന്നുപോയി! അവിടുത്തെ ഭവനത്തിൽ ഒരുകോണിലെങ്ങാനും ഒതുങ്ങിപ്പാൎത്തുകൊള്ളാൻ അനുവാദം ലഭിക്കുന്നതിൽപരം മഹാഭാഗ്യം എനിക്കുമറെറാന്നുമില്ല, എന്നു ഞാൻ മറുപടിപറഞ്ഞു. ഈ വാക്കുകൾകേട്ടു അദ്ദേഹം തുള്ളിച്ചാടി. എന്നാൽ ഇതേപ്പററി കുറച്ചൊന്നാലോചിക്കുവാനനുവദിച്ചാൽ—, എന്നു ഞാൻ സവിനയം അറിയിച്ചപ്പോൾ ശരി, ബുദ്ധിയുള്ള കുട്ടി! നാലുദിവസത്തിനകം ആലോചിച്ചു മറുപടിപറയണം; കേട്ടോ" എന്നിങ്ങനെ ഒരനുവാദവുംകിട്ടി. ഞാൻ എന്തൊരുമറുപടിയാണോ പറയേണ്ടതു്? എനിക്കൊന്നുമറിഞ്ഞുകൂടാ. വൃദ്ധന്റെ അപേക്ഷ നിരസിച്ചാലോ? അതു ആപത്താണു്. ഈ അത്യാപത്തിൽ, ഞാൻ എന്താണാവോ ചെയ്യേണ്ടതു്?

എന്നു,

ചാരി:

(13)

..................

..................

ബഹുമാന്യമിത്രമേ,

യഥാകാലം കത്തുകളെല്ലാം കിട്ടി. ഇത്തരം ഭ്രാന്തിനു മറുപടി എഴുതുന്നതു തന്നെ ഒരു തരം വിഡ്ഢിത്തമായിട്ടാണെനിക്കു തോന്നുന്നതു്. എന്നാൽ, ഈ അപകടത്തിൽ നിന്നു് നിങ്ങളെ രക്ഷിക്കേണ്ടതു് എൻെറ കർത്തവ്യമായി കരുതുന്നതിനാൽ, സമയമോ സൌകര്യമോ ഇല്ലെങ്കിലും, ഞാനതിനു തുനിയുന്നതാണു്.

ഏതോ കഷ്ടകാലം കൊണ്ടു തന്നെയാണു് ഇങ്ങനെയൊരു ദുർമ്മോഹം നിങ്ങളുടെ തലമണ്ടയിൽ കടന്നു കൂടിയതു്. ഈ ദുരാലോചന ഉടൻ കൈവിട്ടു കളയാൻ ഞാൻ നിങ്ങളോടു് സസ്നേഹം ഉപദേശിക്കുന്നു.

കാലം തെററിയ കൃഷികൊണ്ടെന്തു ഫലം? സ്ത്രീസൌന്ദര്യം കണ്ടുന്മത്തനായിരിക്കുന്ന നിങ്ങൾ നിങ്ങളുടെ വിവാഹപ്രായം അൻപതു അൻപത്തഞ്ചുകൊല്ലങ്ങൾക്കുമുൻപു 'ഇങ്ങിനിവരാതവണ്ണം' കഴിഞ്ഞുപോയ കഥ ഓർക്കാതെപോയി! കഷ്ടം! നിങ്ങളുടെ നിന്ദ്യമായ ഈ വികാരഭ്രാന്തു് ഉടനടി മാറിക്കാണാൻ ആഗ്രഹിക്കുന്നു. വേണ്ടിവന്നാൽ കൂടുതൽ കാര്യങ്ങൾ പിന്നാലെ

എന്നു്,

വിശ്വസ്തമിത്രം,

ഒപ്പ്ത്താണ്ഡർ.

(14)

തിരുവനന്തപുരം.

൧൦൫ വൃശ്ചികം ൧൦.

പ്രിയപ്പെട്ടമാർത്താണ്ഡരേ,

നിങ്ങളുടെ അഭിപ്രായങ്ങളെല്ലാം ബഹുവിചിത്രം! എനിക്കല്ല, നിങ്ങൾക്കുതന്നെയാണ് പിച്ചുപിടിച്ചിരിക്കുന്നതു്. നിങ്ങളുടെ ആ ഭ്രാന്തെഴുത്തു കാണുന്നതിനു മുൻപുതന്നെ അവളോടു ഞാൻ കാൎയ്യം ആലോചിച്ചു. ആ സുശീല അതു സമ്മതിക്കുകയും ചെയ്തു. എന്റെ ആലോചന ചെവിയിൽ ചെന്നപ്പോൾതന്നെ അത്ഭുതവും ആനന്ദവും നിറഞ്ഞ കണ്ണുകൾകൊണ്ടു് അവൾ എന്നെ നോക്കിക്കഴിഞ്ഞു. അല്ല, പുതുമഴയേററ പുഷ്പവല്ലിപോലെ അവൾ ചാഞ്ചാടി, പുഞ്ചിരിതൂവി! ആലോചിച്ചു തീൎച്ചപ്പെടുത്തുന്നതിനു അവൾ കുറേ സമയവും ആവശ്യപ്പെട്ടു. അതൊരു വെറും ഭാഗിക്കു്! അതേ, സ്ത്രീകളുടെ ഒരു കൌശലംമാത്രം. ഇക്കൂട്ടർ തങ്ങളുടെ ആശയഗതി ‘എടുപിടി’ എന്നു മററുള്ളവരെ മനസ്സിലാക്കാൻ മടിക്കുമെന്നും, കാൎയ്യമെന്നുമുണ്ടായിട്ടില്ലെങ്കിലും അവർ ഇതിലൊക്കെ വലിയ ഗൌരവം നടിച്ചു മാനം രക്ഷിക്കുമെന്നും നിങ്ങൾ തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതു് ഞാനോൎക്കുന്നു. ഇതൊരു വെറും ഭ്രാന്താണെന്നു പറയാൻ നിങ്ങൾക്കു തോന്നിയല്ലോ! ആ പാവപ്പെട്ട കുട്ടിക്കോ, ഹാ, ഇതൊരു വലിയ സന്തോഷമെന്നു നിങ്ങളറിയാതെ പോയി!

നിങ്ങളുടെ സൌഹാർദ്ദപൂർവ്വമായ അനുമോദനത്തെ പ്രതീക്ഷിച്ചുകൊണ്ടു്,

സ്വന്തം,

..................

..................

(15)

തിരുവനന്തപുരം

൧൦-ാം വൃശ്ചികം വം.

പ്രിയ സോദരീ,

എല്ലാം ബഹുനേരംപോക്കുതന്നെ! തന്റെ വിടത്തത്തിനു ഞാൻ അനുകൂലിച്ചെന്നു വൃദ്ധൻ വൃഥാ വിശ്വസിച്ചിരിക്കുന്നു. വല്ല ശുശ്രൂഷയ്ക്കും, ആ മുറിയിൽ ചെല്ലേണ്ടിവരുന്നതു തന്നെ വളരെ 'അസഹ്യം'! എന്നെ കണ്ടുപോയാൽ പിന്നെ സംസാരവിഷയമെല്ലാം അനുരാഗമേ അനുരാഗം! എത്രതന്നെ ആലോചിച്ചിട്ടും ഈ ദുഃഖത്തിൽനിന്നു് ഒഴിഞ്ഞിരിക്കാൻ മാർഗ്ഗമൊന്നും കാണുന്നില്ല. ഈ അവസരത്തിൽ സോദരിയുടെ കുശാഗ്രബുദ്ധി ഇതുപോലുള്ളവക്കും പ്രയോജനപ്പെട്ടെങ്കിൽ അതു ഒരിക്കലും മറന്നുപോകാത്ത ഒരുപകാരമായിരിക്കും! വേണ്ടതു പറഞ്ഞുതരുമല്ലോ!

എന്നു്,

സ്വന്തം ശങ്കരി.

(16)

..................

..................

മാന്യമിത്രമേ,

നിങ്ങളിത്രവേഗം കാമാന്ധനായിപ്പോയതിൽ ഞാ-

ന്ത്യന്തം പരിതപിക്കുന്നു. നിങ്ങളുടെ കൊച്ചുമകളു ടെ മകളാകാൻ മാത്രം പ്രായമുള്ള ഒരു ബാലികയേ ഈ 'വയസ്സും ചെന്നു വടി തോളിലുമായ' കാലത്തുവി, വാഹം ചെയ്യാൻ നിങ്ങൾ മോഹിച്ചുകളഞ്ഞതല്ലോ! കഷ്ടം! ഏതു നിമിഷത്തിലെന്നറിയാതെ, കഴിയിലേക്കു കാലും നീട്ടിയിരിക്കുന്ന നിങ്ങളുമായിട്ടു, കേവലം ഒരു കന്യക വിവാഹത്തിനു സമ്മതിക്കുന്നെന്നുവരുന്നതായാൽ തന്നെയും, അതു നിങ്ങളുടെ ധനസമൃദ്ധി കണ്ടിട്ടാണെന്നു തീർച്ചപ്പെട്ടതാൻ അല്ലമെങ്കിലും തലച്ചോറു് ആ പഴയ തലയ്ക്കകത്തില്ലാതെ പോയല്ലോ! ഇപ്രകാരമൊരു സംഭവമുണ്ടാകുന്നതായാൽ, നിങ്ങളുടെ പിന്നീടുള്ള ജീവിതഗതി എന്തായിരിക്കുമെന്നു ഒന്നാലോചിക്കുക! 'മൂക്കുവരടിനു' പിടിച്ചു അവൾക്കിഷ്ടം പോലെ എവിടെവേണമെങ്കിലും അവൾ നിങ്ങളെ കൊണ്ടുനടക്കും! ഹാ. കഷ്ടം! ഈ പഴയ സ്നേഹിതന്മാരുടെ മുഖത്തു് അന്നു നിങ്ങളെങ്ങിനെ നോക്കും? ലോകർ നിങ്ങളെക്കുറിച്ചു എന്തു പറയും? അങ്ങാടിപ്പിള്ളേർക്കു ഒരു പാട്ടിനു കൂടി വകയായി. ജീവിതകാലം മുഴുവൻ സ്ത്രീകളെ നിന്ദിച്ചു കഴിച്ചുകൂട്ടിയതിനു മതിയായ ശിക്ഷ അന്നു നിങ്ങളനുഭവിച്ചുകൊള്ളും! കർമ്മഫലം, അത്രതന്നെ. വിശ്വസ്തനായ ഈ പഴയ സ്നേഹിതന്റെ ഉപദേശം സ്വീകരിക്കാൻ നല്ല മനസ്സുള്ള പക്ഷം സ്വീകരിക്കുക; അല്ലെങ്കിൽ, ഇഷ്ടം പോലെ ചെയ്തുകൊള്ളുക.

എന്നു്,

വിശ്വസ്തമിത്രം,

മെയ്ക്കാണ്ടർ.

(17)

.....................

.....................

പ്രിയ മാർത്താണ്ഡരേ,

പരിഭവമില്ല; ഇഷ്ടംപോലെ ശകാരിച്ചുകൊള്ളുക. നിങ്ങൾക്കതിനു അധികാരമുണ്ട്. ഞാൻ അത്രഗൌരവമായി ആലോചിച്ചിരുന്നില്ല, അല്ല, നമുക്കു ബുദ്ധി പുറകിലായിപ്പോയി.

താങ്കളുടെ ഊഹാപോഹങ്ങളെല്ലാം ശരിതന്നെ. എങ്ങിനയോ എന്തോ, ആ ചാപല്യക്കണ്ടിൽ ഞാനറിയാതെ എന്റെ മനസ്സു ചാടിപ്പോയി.

അവൾ എനിക്കൊരു ധന്വന്തരമൂർത്തിയാണ് ആ ശ്ലാഘാപൂർവമായ ശുശ്രൂഷകൊണ്ട് എന്റെ ആരോഗ്യം എനിക്കു തിരികെ കിട്ടി. ആ നന്ദിയാൽ, ഏതെങ്കിലും വിധത്തിൽ, അവളെ ദാരിദ്ര്യത്തിൽ നിന്ന് ഉദ്ധരിച്ചു ഐശ്വര്യവതിയാക്കണമെന്ന് എനിക്കു തോന്നി. അതുകൊണ്ടങ്ങനെ സാഹസികമായ ഒരു ആലോചനയും പുറത്തായി! എന്നാൽ, ഇപ്പോളാകട്ടെ,—അതായതു് ഈ കാര്യം അവളെ അറിയിച്ചതിനു ശേഷം,—എന്നെക്കാണുമ്പോൾ അവൾക്കു ഏതാണ്ടൊരുവല്ലായ്മ! നിവൃത്തിയുള്ളിടത്തോളം എന്റെ അടുത്തെങ്ങും വരാതെ കഴിക്കാൻ അവൾ ശ്രമിക്കുന്നു. അവളെപ്പോലെ ഒരു ഗുണവതിയുടെ കാര്യത്തിൽ, ഈ ഭാവഭേദം, ഏതാണ്ടു ദുശ്ശീലമോ ധൃഷ്ടതയോ കൊണ്ടാണെന്നു പറയാവതല്ല!

എന്റെ സാഹസപ്രവർത്തികൾ കുറെ കടന്നുപോയെന്നു സമ്മതിച്ചുതീരൂ. നിങ്ങളൊഴികെയുള്ള സ്നേ

ഷിതന്മാൎക്കും ബന്ധുക്കൾക്കുമെല്ലാം ഞാൻ ക്ഷണക്കത്തും അയച്ചുകഴിഞ്ഞു. കുറേ ആഭരണങ്ങൾക്കും മറ്റും ഏൎപ്പാടുചെയ്തു പോയി. ഈ സ്ഥിതിയിൽ, ഇനിയും കാൎയ്യം വേണ്ടെന്നു വയ്ക്കുന്നതായാൽ ആൾക്കാരം കൊണ്ടു് അവർ എന്തെല്ലാം അപവാദങ്ങളാണോ എന്നെപ്പററി പറഞ്ഞുപിടിപ്പിക്കാൻ പോകുന്നതു്? കുന്നിന്മേലൊരു കരുവുകൂടിയായി. ഈ വൈഷമ്യഘട്ടത്തിൽ ഉപദേശങ്ങൾ സദയം തന്നു് സഹായിപ്പാനപേക്ഷ.

എന്നു,

സ്വന്തം,

....................

....................

(18)

....................

....................

ബഹുമാന്യമിത്രമേ,

നിങ്ങളുടെ വൈരാഗ്യബുദ്ധി തിരികെ കിട്ടിയതിൽ സന്തോഷിക്കുന്നു! ഹൃദയപൂർവം സന്തോഷിക്കുന്നു! ചാപല്യം കുറേ അതിരുകവിഞ്ഞുപോയി എങ്കിലും അപവാദംകൂടാതെ കാൎയ്യം കഴിച്ചുകൂട്ടാൻ മാൎഗ്ഗമില്ലാതെ വരികയില്ല. പലതരക്കാരായ സ്ത്രീകളോടും ഇടപെട്ടു്, വളരെ കാലത്തെ പരിചയവും അനുഭവവും കൊണ്ടു പറയുന്നതാണിതു്. തെററിദ്ധരിക്കരുതു്; ഞാൻ കുലാംഗനകളെ അധിക്ഷേപിക്കുകയില്ല. മിക്കവാറും പെണ്ണുങ്ങളെയെല്ലാം പണംകൊണ്ടു ചൊൽപ്പാട്ടിൽ നിറുത്താം, സംശയമില്ല. സ്വന്തം പ്രാണനെപ്പോലും

വേണ്ടിവന്നാൽ കൈവെടിയാൻ സന്നദ്ധരായി, സ്ഥിരമായും പരിശുദ്ധമായും സ്നേഹിച്ചിട്ടുള്ള പല യുവാക്കന്മാരേയും,—വിദ്യാഭ്യാസവും സൌന്ദര്യവുമുള്ള പലരേയും,-നിഷ്കരുണം ഉപേക്ഷിച്ചിട്ട്, ദുർമ്മുഖന്മാരും തീരാവ്യാധി ബാധിച്ചിട്ടുള്ളവരും ദുസ്വഭാവികളുമായവരെ, എന്നാൽ, ധനാഢ്യരെ,-ധനം മാത്രം കൊതിച്ചു ഭർത്താക്കന്മാരായി സ്വീകരിച്ചിട്ടുള്ള എത്രയെത്ര സ്ത്രീകളെ എനിക്കറിയാം! നിങ്ങൾ പറയുംപോലെ ആ യുവതി ഗുണവതിയാണെന്നു നിങ്ങൾക്കു ഉത്തമ വിശ്വാസമുണ്ടെങ്കിൽ ദാരിദ്ര്യം കൊണ്ടു ഗത്യന്തരമില്ലാതെ ദാസ്യവൃത്തി സ്വീകരിയ്ക്കേണ്ടിവന്നിട്ടുള്ള അവൾക്കു അഭയമരുളുന്നതു നിങ്ങളുടെ ഒഴിച്ചുകൂടാത്ത ഒരു 'ധർമ്മ'മാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ, ഞാനതിനൊരു സുഗമമായ മാർഗ്ഗം ഉപദേശിക്കാം. നിങ്ങൾതന്നെ ഒരുങ്ങിക്കെട്ടി നാണംകൂടാതെ വിവാഹവേദിയിൽകേറി ഞെളിഞ്ഞിരിക്കാതെ, ആ ബാലികയെ നിങ്ങളുടെ ഒരു മകളെപ്പോലെ ഗണിച്ചു, ആ കർമ്മം നിങ്ങളുടെ അനന്തരവനെക്കൊണ്ടു നടത്തിക്കുക. ക്ഷണം സ്വീകരിച്ചു വന്നുചേരുന്ന ബന്ധുജനങ്ങളും മററും വരന്റെ സ്ഥാനത്തു നിങ്ങൾക്കുപകരം നിങ്ങളുടെ ശേഷക്കാരനെക്കാണുമ്പോൾ ഈ വയസ്സുകാലത്തും നിങ്ങളുടെ നേരംപോക്കുകൾകണ്ടു ഹൃദയപൂർവ്വം രസിച്ചുകൊള്ളും! തന്റെ ഭാവിയെക്കുറിച്ചു വിചാരിക്കുമ്പോൾ നിങ്ങൾ ആജ്ഞാപിക്കുന്നതെന്തുതന്നെയായാലും ബുദ്ധിമാനായ ആ യുവാവു അനുസരിക്കാതിരിക്കുകയില്ല. നിങ്ങൾ ഏർപ്പാടുചെയ്ത ആഭരണങ്ങളും വസ്ത്രവുമെല്ലാം അവൾക്കു കൊടുത്തേക്കുക. പരിഭവംകൊണ്ടു എന്നെ

ക്ഷണിയ്ക്കാഞ്ഞതിൽ സങ്കടമില്ല; വധൂവരന്മാർക്കു മംഗളമാശംസിയ്ക്കാൻ, മുഹൂർത്തത്തിനു ഞാൻ അവിടെ കാണും! മടിശ്ശീലയുടെ ചരടു അഴിക്കേണ്ടിവന്നതിൽ വ്യസനിക്കേണ്ട; ആ സാഹസത്തിന്, അതും വിനോദകരമായ ഒരു ശിക്ഷയായിരിയ്ക്കട്ടെ!

എന്ന്,

സ്വന്തം, മാർത്താണ്ഡൻ.

(19)

തിരുവനന്തപുരം,

൧൦൭ വൃശ്ചികം ൨൦.

പ്രിയ സോദരീ,

ഇതാ കാററു മാറിവീശിയിരിക്കുന്നു! ആരുടെ ഭാഗ്യമോ, തന്റെ വിവാഹനിശ്ചയത്തിൽ നിന്നും ഞാൻ പിന്മാറണമെന്നും; അതിനു വേണ്ടി എത്ര പണം വേണമെങ്കിലും തരാമെന്നും വയസ്സൻ ഇങ്ങോട്ടു നിർബ്ബന്ധമായിരിക്കുന്നു. അഹോ, എന്തൊരു മറിമായം! അതിന്റെ കൂടെ ഒരു നേരംപോക്കും! ഇക്കഴിഞ്ഞ സന്ധ്യയ്ക്കു ഞാൻ വൃദ്ധന്റെ മുറിയുടെ വാതുക്കൽ, വരാന്തയിൽ, നില്ക്കുകയായിരുന്നു. എന്റെ പ്രാണനാഥൻ ധിറുതിയിൽ ഓടിയെത്തി! ശേഷം ഞാനെങ്ങിനെ പറയും? വൃദ്ധൻ ഉറങ്ങുകയാണെന്നു വിചാരിച്ചിരിക്കണം, എന്നെ രണ്ടു കൈകൾകൊണ്ടും കെട്ടിപ്പി..............
.........,എന്റെ കണ്ണിലും കവിളിലും തുരുതുരെ.......! അപ്പോൾഉണ്ടല്ലോ, കിളവൻ 'കണ്ണുതുറിച്ചു' ഞങ്ങളെ ഒരു നോട്ടം! ഞാൻ നാണിച്ചു 'പച്ചപ്പാളപോലെ' പിളറി. പ്രാണനാംകൊണ്ടു അദ്ദേഹമൊരോട്ടവും! പതി

വുപോലുള്ള ദ്വേഷ്യത്തിൻെറ ലേശമെങ്കിലും വൃദ്ധൻെറ മുഖത്തു കണ്ടില്ല! പ്രത്യേക, ഞാനൊരു തോന്നിയവാസ്ക്കാരിയാണെന്നു കരുതി, എന്നെ എൻെറ പാട്ടിനു വിട്ടതായിരിക്കാം! ഈശ്വരോ രക്ഷതു്!

എന്നു്,

സ്വന്തം ശങ്കരി.

(20)

.................

.................

പ്രിയപ്പെട്ട മാർത്താണ്ഡവൎമ്മ,

നിങ്ങളേപ്പോലെ ലോകപരിചയവും, സാമാന്യബുദ്ധിയുമുള്ള ഒരു സ്നേഹിതനെ ലഭിച്ച ഞാൻ ഒരു സുകൃതിതന്നെ! നിങ്ങളുടെ യുക്തിപൂൎവ്വമായ ഉപദേശങ്ങളെയെല്ലാം ഞാൻ സൎവ്വാത്മനാ സ്വീകരിക്കുന്നു. ക്ലിപ്തമായ കുറേ നിമിഷങ്ങൾ മാത്രം ആയുസ്സിൽ ശേഷിച്ചിരിക്കുന്ന ഈ വൃദ്ധൻ മൎയ്യാദരഹിതമായ ആ കൃത്യത്തെപ്പററി ചിന്തിച്ചതുതന്നെ അവിവേകമായിപ്പോയി!

ആ ബാലികയേ, എൻെറ ഒരു ഓമനമകളായി സ്വീകരിച്ചു കുട്ടനേക്കൊണ്ടു വിവാഹം ചെയ്യിക്കുകയും എൻെറ ധനമെല്ലാം അവൾക്കു ഒഴിഞ്ഞുകൊടുക്കുകയും ചെയ്തിട്ടു ഞാനിതാ ദേശാടനത്തിനു പുറപ്പെടുന്നു! അറിഞ്ഞോ അറിയാതെയോ, മനസാ, വാചാ, കൎമ്മണാ, ഞാൻ എൻെറ സമസൃഷ്ടികളോടു എന്തെങ്കിലും അപരാധം ചെയ്തുപോയിട്ടുണ്ടെങ്കിൽ, അവരതു സദയം ക്ഷമിച്ചു, എന്നെ പാപവിമുക്തനാക്കട്ടെ.

അവസാനമായി, ഉടൻതന്നെ, നിങ്ങളെ ഒന്നു കാ
ണാൻ സൗകൎയ്യപ്പെടുത്തണമെന്നു മാത്രം അപേക്ഷയുണ്ട്.
ശേഷമെല്ലാം അപ്പോൾ,

എന്ന്,

സ്വന്തം,

....................

....................

(21)

തിരുവനന്തപുരം.

൧൦൭ വൃശ്ചികം ൨൪.

പ്രിയ സോദരാ,

നമുക്കെല്ലാം അത്യന്തം സന്തോഷകരമായ ഒരു വൎത്തമാനമാണിത്. അതേ, സംശയമില്ല! 'കുസുമേ, കുസുമോല്പത്തി'!!

ഇന്നലെ സന്ധ്യാസമയത്ത്, ഹാ! അതെന്തൊരു ന്മാദജനകമായ അവസരം. ഞാൻ ആഫീസിൽ നിന്നും തിരികെ വരുമ്പോൾ, അമ്മാവന്റെ മുറിയുടെ വാതുക്കൽ, തിളങ്ങിക്കത്തിക്കൊണ്ടിരിക്കുന്ന വിളക്കിനു സമീപം, ഒരു ദിവ്യവിഗ്രഹംപോലെ, എന്റെ ഓമനയായ ശങ്കരി പ്രസന്നവദനയായി നിലകൊള്ളുന്നു!! അഹോ, ആ കമനീയമായ കാഴ്ചയിൽ, ഞാനെന്റെ പരിതസ്ഥിതികളെല്ലാം മറന്നുപോയി! അമ്മാവൻ ഉറങ്ങുകയാണെന്നു ഞാൻ സങ്കല്പിച്ചു. ആ ഉദ്വേഗത്തിനു ഞാൻ ചെയ്തതെന്തെന്നു എങ്ങിനെ പറയും? ഞാൻ ഒരു വിട്ടുവിഡ്ഢിയാണെന്നു നിങ്ങൾ പരിഹസിക്കുകയില്ലേ? അത്യൽക്കടമായ നെഞ്ചിടിയോടുകൂടി അവൾ എന്റെ കരവല്ലികൾക്കിടയിൽ അമൎന്നു! അപ്പോൾ

ളുണ്ടല്ലോ അമ്മാവനൊരുനോട്ടം! ഞാൻ വിട്ടേച്ചു, പ്രാ ണനുംകൊണ്ടു ഓടിക്കളഞ്ഞു. ഞാൻ മടങ്ങിവന്നപ്പോ ഠം എന്നെപ്പിടിച്ചു നിറുത്തി തുടങ്ങിയല്ലോ അമ്മാവ നൊരു പ്രസംഗം! പണ്ടത്തെ പ്രസംഗത്തിൻെറയൊ ന്നും രീതിയേ അല്ല. "നീ ആ കുട്ടിയോടു കാണിച്ചതൊ ട്ടും നന്നായില്ല. വയററുപഴിപ്പിന്നു, അവഠം ഇങ്ങനെ വന്നു നമ്മെ ആശ്രയിച്ചു! എന്നിട്ടു നീ അവളോടു പ്ര വൎത്തിച്ചതെന്തു്? സാധു! അതും അവളെത്ര ക്ഷമയോ ടുകൂടി സഹിച്ചു! നീ ഇനിയെന്തെല്ലാം ഒഴികഴിവുക ഠം പറഞ്ഞാലും ഞാൻ സമ്മതിക്കുകയില്ല. നിൻെറ ഈ പാപം തീരുന്നതിനു നീ തന്നെ അവളെ വിവാ ഹം ചെയ്യണം. അവഠംക്കു പണമില്ലായിരിക്കാം; അ തിനെന്തു? എനിക്കുണ്ടു പണം." ജഗദീശാ! എൻെറ ഹൃദയം കുളിൎന്നു! ഞാൻ അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്തു! എൻെറ ശങ്കരിയും എ ന്നെ അനുകരിച്ചു. അമ്മാവൻ ഞങ്ങളെ രണ്ടുപേരേ യും ആശീർവദിച്ചു, പിന്നെയും പിന്നെയും ആശീർവ ദിച്ചു!! അമ്മാവൻെറ സ്വന്തം ചെലവിൽ, ആഡം ബരപൂർവം ആ മഹോത്സവം ഉടനെ നടക്കുന്നതാണു്!

പണ്ടത്തേതൊന്നും ഞങ്ങഠം വെളിപ്പെടുത്തുന്നില്ല. അതൊക്കെ അറിഞ്ഞാൻ, അദ്ദേഹം എന്തുവിചാരിക്കും?

ഞങ്ങളുടെ ഈ വിചിത്രതരമായ വിവാഹകൎമ്മ ത്തിനു, നിങ്ങളെല്ലാം സദയം വന്നു ചേരണമെന്നപേ ക്ഷ. അന്നു, അവിടൊരു മാന്യസ്നേഹിതൻ തൻെറ വി വാഹത്തിനു ഈയുള്ളവനെ ക്ഷണിക്കാതിരുന്നിട്ടും, സ്വയമേവചെന്നു ചേൎന്നു ഹൃദയപൂർവം സഹകരിച്ച വി വരം ഓൎമ്മപ്പെടുത്തി, അദ്ദേഹത്തെ കൂടെ കൂട്ടിക്കൊണ്ടു പോരുമല്ലോ! കൂടുതൽ വൎത്തമാനങ്ങഠം മുഖദാവിൽ.

സ്വന്തം,

രവീന്ദ്രൻ.

## കേരളഗ്രന്ഥാവലി.

പ്രതിമാസം 2 ഉത്തമഗ്രന്ഥംവീതം പ്രസിദ്ധം ചെയ്യുന്നു.

1 ഐ. എൻ. എ. യുടെ വീരചരിതം. 1—8—0
2 നേതാജി സുബാഷ്. പി. വി. കുര്യൻ ബി. ഏ. 1—8—0
3 കാർത്തിക. (ചെറുകഥകൾ)
കെ. എൻ. കേശവൻ, വക്കീൽ. 1—4—0
4 കാരൂർ കഥകൾ. കാരൂർ നീലകണ്ഠപ്പിള്ള 1—4—0
5 കാവ്യകലിക. തിരുവല്ലം എൻ. കേശവപിള്ള 0.12—0
6 കസ്തൂർബാ ഗാന്ധി. —
കെ. വി. അന്നമ്മ എം. ഏ., എൽ. റി. 1—8—0
7 കൂത്തമ്പലം. ഇ. എം. കോവൂർ ബി. ഏ., ബി. എൽ. 1—0—0
8 ആരാധന. ആനന്ദക്കുട്ടൻ. 1—0—0
9 കാൽവരിയിലെ ത്യാഗിവര്യൻ. —
വി. വി. ജോസഫ്, തൃശ്ശൂർ. 1—8—0
10 ഐ. എൻ. എ. വിചാരണയും വിധിയും 1—8—0
11 ശസ്ത്രശാലയിൽ. (ഒന്നാംഭാഗം) 1—8—0

ഗ്രന്ഥാവലിക്ക് എല്ലാസ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

## മററു ചില ഗ്രന്ഥങ്ങൾ.

1 നവയുഗം. പാലാ നാരായണൻനായർ 0—8—0
2 പൂക്കൾ. ,, 0.12—0
3 നിർവ്വാണമേഖല. ,, 0—8—0
4 നീതിധർമ്മം. മഹാത്മാഗാന്ധി 0—8—0
5 അംബികാഞ്ജലി. ലളിതാംബിക അന്തർജ്ജനം 1—0—0
6 താപസി. മുത്തൂർ നാരായണപിള്ള 0—6—0
7 മാററൊലി. പ്രഫസ്സർ മുണ്ടശ്ശേരി 1—8—0
8 കാവ്യമഞ്ജരി. വള്ളത്തോൾ മുകുന്ദമേനോൻ 0.10—0
9 ടിപ്പുസുൽത്താൻ. എം. എൻ. ശിവരാമൻനായർ
ബി. ഏ., ബി. എൽ. 1—8—0
10 വിജ്ഞാനോപഹാരം. പ്രഫസ്സർ മുണ്ടശ്ശേരി. 0.12—0
11 ശാസ്ത്രസോപാനം. ഡി. പി. ഉണ്ണി എം. ഏ. 0.12—0

**നാഷണൽ ബുക്കഡിപ്പോ, കോട്ടയം.**